# മണിവിളക്ക്

ലക്കം 11 | നവംബർ 2024

Since 2012



www.manivilaku.com

# മണിവിളക്ക്

ലക്കം 11 | നവംബർ 2024 | പ്രൈവറ്റ് സർക്കുലേഷൻ


## താളുകളിലൂടെ




www.manivilaku.com


05. മൽഫോനൊ താനോനൊ ദ് ഈത്തൊ
10. സഭയുടെ തീക്ഷ്ണമതിയായ മൽപ്പാൻ
12. മദ്റോശോ
19. ബൈബിൾ പ്രതീകങ്ങൾ
22. ഹെർഗോ പഠന പരമ്പര
25. മലങ്കര സഭാ ചരിത്രം
27. മഹത്വത്തിന്റെ കെരൂബുകൾ ....
30. സ്ഥാനമഹിമയും സഭാത്മക മാനവും
35. ഇന്ത്യയുടെ 15 രാജകുമാരന്മാർ
42. ജറുസലേമിലേക്കുള്ള
47. അർത്ഥവക്രീകരണം എന്ന യുദ്ധതന്ത്രം
50. പ്രകൃതിയുടെ വികൃതികൾ
52. സിസ്റ്ററും കുട്ടികളും
54. കവിത
57. സഹനങ്ങളിലൂടെ ദൈവത്തെ ദർശിച്ച ഇടയ ശ്രേഷ്ഠൻ..
61. ഓർമ്മയിൽ ആചാര്യന്മാർ
63. പരിചാരകരുടെ ശ്രദ്ധയ്ക്ക്
67. എഫാത്ത
68. Legal
71. മദ്റോശോ
74. ടൈം ലൈൻ


**'മണിവിളക്ക്'** നെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു. മണിവിളക്കിൽ പ്രസിദ്ധീകരിയ്ക്കുവാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ രചനകൾ (കഥ, കവിത, ലേഖനങ്ങൾ, ചിത്രങ്ങൾ, വചന ചിന്തകൾ) അയയ്ക്കാൻ.... **Whatsapp-** +919947825254

ഇമെയിൽ - **editor@manivilaku.com**


A Complete Digital Magazine

Inspiration | Founder and Spiritual Guide:: Rev.FR. ABRAHAM KADAMALA



Copyright @ manivilaku.com | Email : editor@manivilaku.com | Ph: 9947825254

# എഡിറ്റോറിയൽ

വ്യക്തിപരമായ നഷ്ടമാണല്ലോ നമുക്ക് നഷ്ടമായി തോന്നുക. ശാന്തമായ് ഒരു ഇളം കാറ്റ് കടന്നുപോകും പോലെ അതീവ ശാന്തമായി നമ്മിൽ നിന്നും കർത്താവിങ്കലേക്ക് കടന്ന് പോയ വന്ദ്യ രാജു പറക്കോട് അച്ചനെ ഓർക്കാതെ, ആദരാഞ്ജലികൾ അർപ്പിക്കാതെ ഈ മാസത്തെ മണിവിളക്ക് എനിക്ക് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കില്ല.
അഭൂതപൂർവ്വമായിരുന്നു മലങ്കരയിലെ സുറിയാനി സഭകളിൽ നിന്നും വന്നെത്തിയ മേല്പട്ടക്കാർ, പട്ടക്കാർ, സന്ന്യാസിനി സന്ന്യാസിനി സന്ന്യസ്തരും അൽമായരും ഉൾപ്പെട്ട ജനാവലി. പ്രാർഥനകളും ഗീതങ്ങളും സുറിയാനി ഭാഷയിൽ നടത്തിയ സംസ്കാര ശുശ്രൂഷയിൽ എങ്ങും ശാന്തതയും ഗൗരവവും മുറ്റി നിന്നിരുന്നു. യേശു ക്രിസ്തുവിന്റെ സംസാരഭാഷയായിരുന്ന അറാമായയുടെ ഭാഷാഭേദമായ സുറിയാനിയിലൂടെ കൈസ്തവസഭകൾ തമ്മിലുള്ള കൂട്ടായ്മ വളർത്തുന്നതിൽ നിസ്തുല പങ്ക് വഹിച്ച റവ. ഡോ. തോമസ് (രാജു) പറക്കോട്ട് അച്ചന്റെ ശാന്തമായ കടന്നുപോക്ക്!

"മണിവിളക്ക്" 2011ൽ ഫോട്ടോസ്റ്റാറ്റിൽ തുടങ്ങി 2012 അവസാനത്തോടെ പുസ്തകമായിട്ട് വിതരണം തുടങ്ങിയിരുന്നു. 2013-2014 ലോടുകൂടി തിരുവല്ല അതിഭദ്രാസനത്തിലെ എല്ലാ വൈദികരുടെ കൈകളിൽ കൃത്യമായി എല്ലാ മാസത്തിന്റെ ആദ്യമേതന്നെ എത്തിച്ചേർന്നിരുന്ന മാഗസിനാണ് മണിവിളക്ക്. സുറിയാനി ഭാഷയെ പറ്റിയൊന്നും കാര്യമായ അറിവുകൾ ഒന്നുംതന്നെ ഇല്ലാതിരുന്ന അക്കാലത്ത്, വന്ദ്യ ആന്റണി ചെത്തിപ്പുഴ അച്ചനാണ് ഒരു മണിവിളക്ക് മാഗസിന്റെ പുറത്ത് സുറിയാനി ലിപിയിൽ പെൻസിൽ കൊണ്ട് "മണിവിളക്ക്" എന്നെഴുതിയത് എന്നെ കാണിച്ചത്. പറക്കോട്ടച്ചന്റെ അനുഗ്രഹീതമായ സമ്മാനം! അന്ന് ആദ്യമായിട്ടാണ് ഞാൻ പറക്കോട് അച്ചനെ കുറിച്ച് കേൾക്കുന്നത്. എന്റെ കൂട്ടുകാരന്റെ ഫോണിൽ ഫോട്ടോ എടുക്കയും അത് പിന്നീട്ട് പലരീതികളിലൂടെയും ഡിജിറ്റൽ ആക്കാൻ ശ്രമിച്ചെങ്കിലും പൂർണമായും പരാജിതനായി. പിന്നീട് എന്റെ ഇടവകാംഗമായ ബഹു. ജോബിൻ അച്ചന്റെ സഹായത്താൽ അതിനെ സുറിയാനി ഭാഷയിൽ തന്നെ കൂടുതൽ വ്യക്തമായി എഴുതിച്ചെടുക്കുകയും, 2014ന്റ്ർ അവസാനത്തോടെ മണിവിളക്കിൽ ആദ്യമായി മണിവിളക്ക് എന്ന പേര് സുറിയാനിയിൽ കവർ പേജിൽ പബ്ലിഷ് ചെയ്യുകയുമുണ്ടായി. അന്നുമുതൽ ഇപ്പോൾ വരെ അത് തുടർന്നുകൊണ്ടേയിരിക്കുന്നു. പിന്നീട് പലപ്പോഴായുള്ള വ്യക്തിബന്ധം അച്ചനുമായി പുലർത്തുവാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. മണിവിളക്കിലൂടെയും സുറിയാനി പഠനം ആരംഭിക്കാമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നെങ്കിലും അത് സംഭവിച്ചില്ല എന്നത് വലിയ നഷ്ടമായി, വേദനയായി തുടരുന്നു... വന്ദ്യ ആചാര്യാ, അങ്ങയെ കൂടുതൽ ഉപയോഗപ്രദമാക്കാൻ സാധിക്കാതെ പോയതിൽ ക്ഷമ ചോദിക്കുന്നു. മണിവിളക്ക് നിലനിൽക്കുന്നിടത്തോളം കാലം അങ്ങ് കാട്ടിത്തന്ന സുറിയാനി സ്നേഹം നിലനിർത്താൻ ഞങ്ങളാൽ കഴിയുന്നവിധത്തിൽ പരിശ്രമിക്കാം.
മണിവിളക്കിന്റെ കെടാവിളക്കായി അങ്ങ് എന്നും ഞങ്ങളിലുണ്ടാവും.

[illegible]



**എഡിറ്റർ**
**റ്റോജോ പി തോമസ്**
**9947825254**



[illegible]
[illegible]



[illegible]

Rev. Dr. Thomas (Raju) Parakkott
1974-2024

[illegible]



## മൽഫോനൊ താനോനൊ ദ് ഈഊത്തൊ

# ܡܰܠܦܳܢܳܐ ܬܳܢܽܘܢܳܐ ܕܥܺܕܬܳܐ

### Fr Dr Thomas (Raju) Parakkott (13 April 1974 - 22 November 2024)

മൽഫോനൊ താനോനൊ ദ് ഈഊത്തൊ
(സഭയുടെ തീക്ഷ്ണമതിയായ മൽപ്പാൻ)
Fr Dr Thomas (Raju) Parakkott
(13 April 1974 - 22 November 2024)

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ശ്രേഷ്ഠനായ സുറിയാനി മൽപ്പാനും പണ്ഡിതനും ഗ്രന്ഥകാരനും കോട്ടയം ബേക്കർ ഹില്ലിലെ സുറിയാനി ഭാഷാ പഠന-ഗവേഷണ കേന്ദ്രമായ സെന്റ് എഫ്രേം എക്യൂമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (SEERI) അസിസ്റ്റന്റ് ഡയറക്ടറും അദ്ധ്യാപകനും മഹാത്മഗാന്ധി സർവ്വകലാശാലയിലെ സുറിയാനി ഭാഷാ റിസേർച്ച് ഗൈഡുമായിരുന്ന ബഹുമാനപ്പെട്ട ഡോ. തോമസ് (രാജു) പറക്കോട്ട് അച്ചന്റെ ദേഹവിയോഗം കേരളത്തിലെ സുറിയാനി സഭകളിൽപ്പെട്ട എല്ലാവരെയും ഒന്നുപോലെ ദുഃഖത്തിലാഴ്ത്തുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ വാഴാനിക്ക് സമീപം വിരുപ്പാക്ക പറക്കോട്ട് കുടുംബത്തിൽ ജോസഫ്-റെജീന ദമ്പതികളുടെ മൂന്നാമത്തെ മകനായി 1974 ഏപ്രിൽ 13ന് ജനിച്ചു. മച്ചാട് V.M.M.M. ഗവൺമെൻറ് ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര പഠനവും തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര സെമിനാരിയിൽ നിന്നും ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി 2000 ഡിസംബർ 29ന് തിരുവല്ല അതിഭദ്രാസനത്തിനു വേണ്ടി അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയാൽ വൈദികനായി അഭിഷിക്തനായി.

കോട്ടയം മഹാത്മഗാന്ധി സർവ്വകലാശാലയിൽ നിന്ന് സുറിയാനി ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ശേഷം

2003 മുതൽ SEERIയിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. അദ്ധ്യാപകൻ, മൂവാറ്റുപുഴ ഭദ്രാസനത്തിലെയും തിരുവല്ല അതിഭദ്രാസനത്തിലെയും വിവിധ ഇടവകകളിലെ വികാരി എന്നീ ശുശ്രൂഷകളുടെ തിരക്കുകൾക്കിടയിലും ബെൽജിയത്തെ Université catholique de Louvain, ജർമ്മനിയിലെ Georg-August-Universität Göttingen, ലബനോനിലെ Holy Spirit University of Kaslik എന്നിവിടങ്ങളിൽ സുറിയാനി ഭാഷയിലും സാഹിത്യത്തിലും ഗവേഷണം നടത്തി സുറിയാനി സഭാപിതാവായ സെറൂഗിലെ മോർ യാക്കോബിന്റെ കൃതികളെ അധികരിച്ച് "St Paul in Homilies of Saint Jacob of Serugh" എന്ന വിഷയത്തിൽ കോട്ടയം മഹാത്മഗാന്ധി സർവ്വകലാശാലയിൽ നിന്ന് 2016ൽ ഡോക്ടറേറ്റ് കരസ്ഥമാക്കി.

തികച്ചും ദൈവാരാധനക്രമത്തിൽ അധിഷ്ഠിതമായ ഒരു ആത്മീയത കാത്തുസൂക്ഷിച്ചിരുന്ന ബഹുമാനപ്പെട്ട അച്ചൻ പ്രാർത്ഥനകൾ മൂലഭാഷയായ സുറിയാനിയിൽ നടത്തുന്നതിന്റെ ആവശ്യകതയെപ്പറ്റി നിരന്തരം വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തുമായിരുന്നു. സുറിയാനി സഭയിൽ ദൈവാരാധനക്രമത്തിന്റെ പ്രാധാന്യം സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കുവാനും അതിമനോഹരമായ അന്ത്യോക്യൻ സുറിയാനി ദൈവാരാധനക്രമം മൂലഭാഷയായ സുറിയാനിയിൽ തന്നെ ശ്രവിക്കുന്നതിനുള്ള സൗഭാഗ്യം പുതുതലമുറയ്ക്കുകൂടി ലഭിക്കുന്നതിനും സുറിയാനി ഭാഷയുടെയും, സംഗീതത്തിന്റെയും, ആദ്ധ്യാത്മികതയുടെയും രുചി കൂടുതൽ ജനകീയമാക്കുവാനുമുള്ള ഉദ്യമത്തിന്റെ ഫലമാണ് ലിപ്യന്തരണം ചെയ്ത് 2010ൽ പ്രസിദ്ധീകരിച്ച"പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ വിശുദ്ധ കുർബ്ബാനക്രമം", അതുപോലെതന്നെ സുറിയാനി ഗവേഷണ വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ദ്വിഭാഷയിൽ (Bilingual Syriac-English Takso) പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിലെ മൂന്ന് അന്നാഫുറാകൾ ഉൾപ്പെടുത്തി 2014 സംശോധന ചെയ്ത് പ്രസിദ്ധപ്പെടുത്തിയ "തക്സൊ ദ് ഖൂറോബൊ" എന്നീ പുസ്തകങ്ങൾ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശുദ്ധ കുർബ്ബാന തക്സ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്തപ്പോൾ (പവിത്ര് കുർബോനൊ തക്സ, 2018) അച്ചന്റെ സസൂക്ഷമതയോടുകൂടിയ ഭാഷാന്തരവും സുറിയാനി ആരാധനക്രമത്തോടും ആധ്യാത്മികതയോടുമുള്ള അച്ചന്റെ ആദരവിന്റെയും സ്നേഹത്തിന്റെയും ഉത്തമ ഉദാഹരണങ്ങളാണ്.

SEERIയുടെ അമരക്കാരനായ ബഹു. മൽഫോനൊ റാബൊ ജേക്കബ് തെക്കേപറമ്പിൽ അച്ചനോട് ചേർന്ന് ഈ പഠന-ഗവേഷണ കേന്ദ്രത്തന്റെ വളർച്ചയ്ക്ക് നൽകിയ വിശ്രമരഹിതമായ നേതൃത്വവും, നാല് വർഷത്തിൽ ഒരിക്കൽ SEERIയിൽ വച്ച് നടത്തപ്പെടുന്ന ലോകസുറിയാനി സമ്മേളനങ്ങൾക്ക്



(World Syriac Conferences) നൽകിയ മാർഗനിർദ്ദേശവും കാര്യനിർവ്വഹണവും, 2013ൽ കോട്ടയത്ത് വച്ച് നടത്തപ്പെട്ട സുറിയാനി സംഗീത സന്ധ്യയിലും ( Mazmur 2013 ), 2018ൽ ലെബനോനിലെ Holy Spirit University of Kaslikൽ നിന്ന് സംഗീതജ്ഞരെ കേരളത്തിൽ കൊണ്ടുവന്ന് വിവിധ സ്ഥലങ്ങളിൽ സുറിയാനി സംഗീതസന്ധ്യ ഒരുക്കിയതും സുറിയാനി സഭകളോടും പൈതൃകത്തോടും ആരാധനാഗീതങ്ങളോടും ഉണ്ടായിരുന്ന അച്ചന്റെ സ്നേഹം വിവരിക്കുന്നതാണ്. ലോക സുറിയാനി സമ്മേളനത്തിൽ വിദേശത്തു നിന്ന് വരുന്ന സുറിയാനി പണ്ഡിതരും, ദൈവശാസ്ത്രജ്ഞരും പ്രബന്ധാവതാരകരും അച്ചന്റെ സംഘടന മികവിനെയും നിർണായകമായ നേതൃത്വത്തെയും കാര്യദർശിത്വത്തെയും പലയാവർത്തി പ്രശംസിച്ചിട്ടുള്ളതാണ്.

സുറിയാനി ഭാഷാപഠനത്തിലൂടെ കേരളത്തിൽ സുറിയാനി പൈതൃകം പങ്കുവയ്ക്കുന്ന ക്രൈസ്തവസഭകൾ തമ്മിലുള്ള കൂട്ടായ്മ പരിപോഷിപ്പിക്കുന്നതിന് നിർണ്ണായക പങ്ക് വഹിക്കുന്ന **SEERIയുടെ സഹകാര്യദർശി എന്ന നിലയിലും, കേരളത്തിലെ സുറിയാനി സഭകളുടെ സുറിയാനി ഭാഷ പഠന-ഗവേഷണ കേന്ദ്രത്തിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ അദ്ധ്യാപകൻ, സുറിയാനി ഭാഷ ഗവേഷണ വിദ്യാർഥികളുടെ ഗവേഷണ നിയന്താവ് എന്ന നിലകളിലും സഭാവ്യത്യാസമെന്യേ അദ്ദേഹം ഒരുപോലെ സമാദരണീയനാണ്. SEERIയിലെ അദ്ധ്യാപന ശുശ്രൂഷയോടൊപ്പം മൂവാറ്റുപുഴ ഗുരുസന്നിധി മൈനർ സെമിനാരി, തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരി, തൃശ്ശൂർ മേരി മാതാ മേജർ സെമിനാരി, തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര സെമിനാരി, സത്ന സെന്റ് എഫ്രേംസ് തിയോളജിക്കൽ കോളേജ്, പൂനെ ബഥനി വേദവിജ്ഞാന പീഠം, കോട്ടയം പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ് (POIRS), മാങ്ങാനം പൗരസ്ത്യവിദ്യാനികേതൻ എന്നീ സ്ഥാപനങ്ങളിൽ പാശ്ചാത്യ-പൗരസ്ത്യ സുറിയാനി ഭാഷാ, പാശ്ചാത്യ സുറിയാനി ദൈവാരാധനക്രമം, സുറിയാനി സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം എന്നീ വിഷയങ്ങളുടെ അദ്ധ്യാപകനായിരുന്നു.**

സുറിയാനി ഭാഷാപഠനം അയത്ന ലളിതമാക്കുക എന്ന ലക്ഷ്യത്തോടെ മലയാളത്തിൽ പാശ്ചാത്യ സുറിയാനി ഭാഷയും പൗരസ്ത്യ സുറിയാനി ഭാഷയും ശാസ്ത്രീയമായി പഠിക്കുന്നതിന് സഹായകമായ - i) പാശ്ചാത്യ സുറിയാനി വ്യാകരണ സഹായി (2020), ii) പാശ്ചാത്യ സുറിയാനി വായനാ സഹായി (2021) iii) പൗരസ്ത്യ സുറിയാനി വ്യാകരണ സഹായി (2022),
iv) പൗരസ്ത്യ സുറിയാനി വായനാ സഹായി (2023) എന്നീ നാല് വ്യാകരണ-വായനാ സഹായക ഗ്രന്ഥങ്ങൾ സുറിയാനി ഭാഷയ്ക്കും അതുപോലെ മലയാള ഭാഷയ്ക്കും ബഹുമാനപ്പെട്ട അച്ചൻ നൽകിയ അദ്വിതീയ സംഭാവനകൾക്ക് സുറിയാനി പണ്ഡിതന്മാരുടെ പ്രശംസയ്ക്കും അംഗീകാരത്തിനും ഇടനൽകിയിട്ടുണ്ട്. "സുറിയാനി ഭാഷാ പാഠാവലി" എന്ന പരമ്പരയിൽ മലയാളത്തിൽ എഴുതിയ നാല് പുസ്തകങ്ങളും "പാശ്ചാത്യ സുറിയാനി വായനാ സഹായി" എന്ന വാല്യം ദ്വിഭാഷയിൽ പരിഷ്കരിച്ച് വിപുലീകരിച്ച മൂന്നാം പതിപ്പും (പാശ്ചാത്യ സുറിയാനി വായനാ സഹായി-West Syriac Reading Aid, September 2024) സുറിയാനി ഭാഷാസ്നേഹികൾ ആവേശത്തോടെ സ്വീകരിച്ചു. സങ്കീർണ്ണമായ വ്യാകരണം ലളിതമാക്കി, സുറിയാനി വായനയും പഠനവും എല്ലാ പഠിതാക്കൾക്കും പ്രാപ്യവും ആകർഷകവുമാക്കി.

**ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ പാത്രിയാർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവാ 2024 ഫെബ്രുവരിയിൽ മലങ്കരയിൽ ശ്ലൈഹിക സന്ദർശനത്തിനായി എഴുന്നള്ളി വന്നപ്പോൾ തിരുവനന്തപുരത്ത് മലങ്കര സുറിയാനി കത്തോലിക്ക സഭ നൽകിയ സ്വീകരണത്തിൽ ആലപിച്ച സുറിയാനി ആശംസഗാനം ബഹുമാനപ്പെട്ട രാജു അച്ചന്റെ തൂലികയിൽ പിറന്നതായിരുന്നു.**

അമേരിക്കൻ ഐക്യനാടുകൾ, എത്യോപ്യ, അർമേനിയ, തുർക്കി, റൊമാനിയ, ലബനോൻ, ജർമ്മനി, ഫ്രാൻസ്, പോളണ്ട്, ഇറ്റലി തുടങ്ങി ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള സുറിയാനി പഠിതാക്കൾ, സുറിയാനി ഗവേഷണ വിദ്യാർത്ഥികൾ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ അഭിവന്ദ്യ ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത (അഹമ്മദാബാ




ദ് ഭദ്രാസനം), മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ അഭിവന്ദ്യ സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പാ (ഡൽഹി ഭദ്രാസനം) ഉൾപ്പടെയുള്ള ഇതര സുറിയാനി സഭകളിലെ മേൽപ്പട്ടക്കാരുടെയും വൈദികരുടെയും വൈദിക വിദ്യാർഥികളുടെയും ജീവിതത്തിന്റെ വിവിധതുറകളിൽനിന്നുള്ള നിരവധി പ്രമുഖരുടെയും സുറിയാനി മൽപ്പാനുമായിരുന്ന രാജു അച്ചന്റെ കീഴിൽ സുറിയാനി ഭാഷയുടെ പ്രാഥമിക പാഠങ്ങൾ പരിശീലനം സിദ്ധിച്ചവർ അനേകരാണ്.

അന്ത്യോക്യൻ ആരാധനകുടുംബത്തിലെ സഭകളായ അന്ത്യോക്യായിലെ സുറിയാനി കത്തോലിക്കാ സഭയും, മാറോനീത്താ സുറിയാനി സഭയും, മലങ്കര സുറിയാനി കത്തോലിക്കാ സഭയും തമ്മിലുള്ള ബന്ധം വളരെ ഊഷ്മളമാക്കുന്നതിന്റെ ഭാഗമായി 2012ലും 2017ലും അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയുടെ തലവൻ മോറാൻ മോർ ഇഗ്നാത്തിയോസ് യൂസഫ് യൂനാൻ തൃതീയൻ പാത്രിയാർക്കീസ് ബാവായും 2012ൽ മാറോനീത്താ സുറിയാനി സഭയുടെ തലവൻ മോറാൻ മോർ ബെഷാറാ ബുത്രൂസ് അൽ റായി പാത്രിയാർക്കീസ് ബാവായും പ്രതിനിധി സംഘവും കേരള സന്ദർശിച്ച അവസരത്തിൽ SEERIയിൽ നടത്തപ്പെട്ട സുറിയാനി വിശുദ്ധ കുർബാനയ്ക്ക് നൽകിയ നേതൃത്വവും പാത്രിയാർക്കീസ് ബാവാമാരെ സുറിയാനി ഭാഷയിൽ സ്വാഗത പ്രസംഗം നടത്തി ബഹുമാനപൂർവ്വം സ്വീകരിച്ചതും ശ്ലാഘനീയമായിരുന്നു.

കോവിഡ് കാലയളവിൽ നടത്തപ്പെട്ട സുറിയാനി ഓൺലൈൻ ക്ലാസുകളുടെ തുടർച്ചയായി Malankara Catholic TV എന്ന Youtube ചാനലിൽ "സുറിയാനി ഭാഷാ പഠനം" പരമ്പരയിലൂടെ അച്ചൻ നൽകിയ 182 സുറിയാനി പാഠങ്ങൾ ലഭ്യമാണ്. സുറിയാനി ഭാഷാ-പൈതൃക സംരക്ഷണം, സുറിയാനി ദൈവശാസ്ത്രത്തിന് നൽകിയ സംഭാവന, സുറിയാനി സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രത്തിന്റെ പ്രബോധനം, സഭൈക്യ ശുശ്രൂഷ, ബൃഹത്തായ നാല് സുറിയാനി വ്യാകരണ-വായനാ ഗ്രന്ഥങ്ങളുടെ രചന, ദൈവാരാധനക്രമ ഗ്രന്ഥങ്ങളുടെ സംശോധനയും പ്രസിദ്ധീകരണവും എന്നീ മേഖലകളിലുള്ള അച്ചന്റെ സമഗ്ര സംഭാവനകൾക്കുള്ള കൈയ്യൊപ്പായിട്ടാണ് 2024ലെ അടങ്ങാപുറം മാത്യു-പീലു മെമ്മോറിയൽ അവർഡിന് അച്ചൻ തിരഞ്ഞെടുക്കപ്പെട്ടത്. മാനുഷികമായി ചിന്തിക്കുമ്പോൾ അച്ചന്റെ ജീവിത കാലഘട്ടം വളരെ ചുരുങ്ങിയത് ആണെന്ന് തോന്നുമെങ്കിലും ഒരു പുരുഷായുസ്സ് കൊണ്ട് ചെയ്യാവുന്ന കാര്യങ്ങളെല്ലാം, പ്രത്യേകിച്ച് സുറിയാനി ഭാഷയുടെയും പൈതൃകത്തിന്റെയും പഠനത്തിനും ഗവേഷണത്തിനും നിസ്തുലമായ സംഭാവനകൾ നൽകിയാണ് അച്ചൻ വിടപറയുന്നത്.

അച്ചന്റെ ജീവിതത്തിൽ ഉടനീളം ഉണ്ടായിരുന്ന നിസ്തന്ദ്രമായ യാമപ്രാർത്ഥനയും, വളരെ നിഷ്ഠയും അച്ചടക്കവും കൃത്യതയും നിറഞ്ഞ പഠനവും വായനയും ഗവേഷണവും, ജീവിത സൗകര്യങ്ങളിൽ പുലർത്തിയിരുന്ന ലാളിത്യവും അനാഡം

ബരവും മിതവ്യയവും, വ്യക്തിജീവിതത്തിലെ ശുചിത്വവും ക്രമവും, അദ്ധ്യാപനജീവിതത്തിലെ സംലഭ്യതയും, ഋജുവും സത്യസന്ധവുമായ വ്യക്തിത്വവും, സംതുലിതമായ പ്രചോദനത്തിന്റെയും വിമർശനത്തിന്റെയും വാക്കുകളും, ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങളിൽ എടുക്കുന്ന വിട്ടുവീഴ്ചയില്ലാത്ത കഠിനാധ്വാനവും സമർപ്പണ ബുദ്ധിയും, പ്രസിദ്ധി ഇഷ്ടപ്പെടാത്ത പ്രവർത്തന ശൈലിയും, സംസാരത്തിലെ നർമ്മബോധവും സരസതയും പാണ്ഡിത്യവും, ഭാഷാശൈലിയിലെ ലാളിത്യവും സൗന്ദര്യവും ഗാംഭീര്യവും എന്നിങ്ങനെയുള്ള നാനാ പ്രകാരമായ അച്ചന്റെ ജീവിത സമീപനങ്ങൾ തികച്ചും പ്രശംസനീയവും അനുകരണീയവുമാണ്.



അച്ചന്റെ വ്യക്തിപരമായ ശാരീരിക ബുദ്ധിമുട്ടുകൾക്കിടയിൽപോലും പഠിപ്പിക്കുന്നതിനും മാർഗ്ഗദർശനം നൽകുന്നതിനും അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു. സുറിയാനി ഭാഷയുടെ സൗന്ദര്യവും സങ്കീർണ്ണതയും വിദ്യാർത്ഥി ഹൃദയങ്ങളിൽ ഉൾപ്രവേശിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവ് അനേകം തലമുറകളിലെ വിദ്യാർത്ഥികൾക്കും പണ്ഡിതന്മാർക്കും പ്രചോദനാത്മകമായി തീർന്നിട്ടുണ്ട്.

“...നാമെല്ലവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും” ദൈവസന്നിധിയിലേക്ക് ഉയർത്തുവാൻ പര്യാപ്തമായ സുറിയാനി ദൈവാരാധനക്രമം ഏറെ ജനകീയമാക്കുവാനും അതുവഴി നമ്മുടെ വിചാരങ്ങളെ പ്രാർത്ഥനയിലേക്ക് നയിക്കുവാനും നമ്മുടെ ബോധങ്ങളെ ദൈവസന്നിധിയിലേക്ക് ഉയർത്തുവാനും അദ്ദേഹത്തിന്റെ ഔൽസുക്യത്തോടെയുള്ള ശുശ്രൂഷ ഇടയാക്കി. അദ്ദേഹത്തെ കണ്ടുമുട്ടിയവരുടെ മനസ്സുകളിൽ അദ്ദേഹത്തിന്റെ ഓർമ്മയും അദ്ദേഹത്തിന് വേണ്ടിയുള്ള പ്രാർത്ഥനയും എന്നും നിലനിൽക്കട്ടെ! ഇനി, ഇമ്പങ്ങളുടെ പറുദീസയിൽ സ്വർഗ്ഗീയ ദൈവാരാധനയിൽ ശാശ്വതവും അനവരതമായ ഖാദീഷ്, ഖാദീഷ്, ഖാദീഷ് ഗാനങ്ങളാൽ മാലാഖമാരോട് ചേർന്ന് അദ്ദേഹം ദൈവത്തെ മഹത്വപ്പെടുത്തട്ടെ!

പൗരോഹിത്യ ശുശ്രൂഷയിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയോടും കേരളത്തിലെ എല്ലാ സുറിയാനി സഭകളോടും സുറിയാനി ഭാഷയോടും പൈതൃകത്തോടും സംസ്കാരത്തോടും അച്ചൻ പ്രകടിപ്പിച്ച കരുതലിനും സ്നേഹത്തിനും നന്ദിനിറഞ്ഞ കൂപ്പുകൈകളോടെ പ്രാർത്ഥനാഞ്ജലികൾ! മിശിഹായുടെ സംസാരഭാഷയോടുള്ള സ്നേഹം മിശിഹായോടുള്ള സ്നേഹമാണെന്നു സംശയലേശമെന്യേ ഉദ്ബോധിപ്പിക്കുകയും തനിക്ക് ലഭിച്ച അറിവ് വരും തലമുറയ്ക്ക് കൈമാറുകയും ചെയ്ത (“Tradidi quod et accepi” - I hand over what I received) മൽപ്പാനച്ചന്റെ നല്ല ഓർമ്മ (ദുക്റോനൊ തോബൊ ല് മൽഫോനൊ) സഭയിൽ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ!

“സെൽ ബശ്ലോമോ കൊഹ്നൊ ദാലോഹൊ!”–

(ദൈവത്തിന്റെ പട്ടക്കാരാ സമാധാനത്തോടെ പോവുക!”)

“ഈ ആചര്യന്നാശ്വാസം നൽകേണം നാഥാ!
സിദ്ധന്മാരോടൊപ്പം നിത്യവാസം തന്നിൽ.”

കടപ്പാട്:
Malfono Ra-bo Fr. Dr. Jacob Thekeparambil
Director, St Ephrem Ecumenical Research Institute (SEERI), Kottayam.



# ܡܠܦܢܐ ܬܢܘܢܐ ܕܥܕܬܐ

# മൽഫോനോ താനോനോ ദ് ഈത്തോ

Sr Josy SIC



### സഭയുടെ തീഷ്ണവാനായ മൽപ്പാൻ

വിനയം കൊണ്ടും പാണ്ഡിത്യം കൊണ്ടും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സുറിയാനി മൽപ്പാനും ഗ്രന്ഥകാരനുമായ റവ:ഡോക്ടർ തോമസ് പറക്കോട്ട് അച്ചൻ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു എങ്കിലും അച്ചൻ പഠിപ്പിച്ചിട്ടുള്ള എല്ലാ ശിഷ്യഗണങ്ങളുടെ മനസ്സിലും ഒളിമങ്ങാതെ അച്ചൻ ജീവിക്കുന്നു. വലിയ സ്ഥാനമാനങ്ങളോ അധികാരഭ്രമമോ ഇല്ലാതെ എളിയവനായി ജീവിച്ച് പാവങ്ങളോട് പക്ഷം ചേർന്നിരുന്ന ആളായിരുന്നു ബഹുമാനപ്പെട്ട തോമസ് അച്ചൻ. യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വരുന്ന ഏവർക്കും ഒരു സംലഭ്യനായിരുന്നു ബഹുമാനപ്പെട്ട അച്ചൻ പരിചിതമല്ലാതെ സീരിയിലേക്ക് കടന്നുവരുന്ന ഏവർക്കും എപ്പോൾ വേണമെങ്കിലും അച്ചനെ സമീപിക്കാമായിരുന്നു. ഗാംഭീര്യമോ തലക്കനമോ ഇല്ലാതെ എളിയവനായി തന്റെ ശുശ്രൂഷ പൂർത്തിയാക്കിയ ധന്യമായ ജീവിതം. ലോക സുറിയാനി സമ്മേളനത്തിൽ വിദേശത്തുനിന്നും വരുന്ന സുറിയാനി പണ്ഡിതരും ദൈവ ശാസ്ത്രജ്ഞരും പ്രബന്ധ അവതാരകരും അച്ചന്റെ സംഘടനാ മികവിനെയും നേതൃത്വത്തെയും




കാര്യദർശിത്വത്തേയും പറ്റി പ്രശംസിച്ചിട്ടുള്ളത് ഞങ്ങൾ ഓരോരുത്തരും കേട്ടിട്ടുള്ളതാണ്.
സുറിയാനി ഭാഷ പഠന ഗവേഷണ കേന്ദ്രത്തിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഗവേഷണനിയന്താവ് എന്ന നിലകളിലും സഭാവ്യത്യാസമെന്യേ അദ്ദേഹം ഒരുപോലെ സമാദരണീയനാണ്. പാശ്ചാത്യവും പൗരസ്ത്യവുമായ സുറിയാനി ഭാഷ ഒരുപോലെ ലളിതമായി കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തിനുള്ള കഴിവ് ഒന്നു വേറെ തന്നെ ആയിരുന്നു. ഇതര സുറിയാനി സഭകളിലെ മേൽപ്പട്ടക്കാരുടെയും വൈദികരുടെയും വൈദിക വിദ്യാർഥികളുടെയും സന്യാസിനികളുടെയും ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നുള്ള നിരവധി പ്രമുഖരുടെയും സുറിയാനി മൽപ്പാനായിരുന്നു ബഹുമാനപ്പെട്ട തോമസ് (രാജു)അച്ചൻ. കോവിഡ്കാലയളവിൽ നടത്തപ്പെട്ട ഓൺലൈൻ ക്ലാസുകളുടെ തുടർച്ചയായി മലങ്കര കാതലിക് ടിവി എന്ന യൂട്യൂബ് ചാനലിൽ സുറിയാനി ഭാഷ പഠനം എന്ന പരമ്പരയിലൂടെ അച്ചൻ നൽകിയ 182 സുറിയാനി പാഠങ്ങൾ. അതുപോലെ തിരുവല്ല അതിരൂപതയുടെ മുഖ്യമാസികയായ ഐക്യദീപത്തിൽ കൂടി അച്ചൻ സുറിയാനി മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുവാൻ ജാഗരൂകൻ ആയിരുന്നു. മൽപ്പാനോട് ചോദിക്കാം എന്ന പംക്തിയിലൂടെ പല സംശയങ്ങൾ തീർക്കുന്നതിനും അനേകർക്ക് സാധിച്ചിട്ടുണ്ട്. അച്ചന്റെ ജീവിതത്തിൽ ഉടനീളം ഉണ്ടായിരുന്ന മുടക്കം വരുത്താത്ത യാമ പ്രാർത്ഥനകളും നിഷ്ഠയും അച്ചടക്കവും കൃത്യതയും നിറഞ്ഞ പഠനവും വായനയും ഗവേഷണങ്ങളും ജീവിതസൗകര്യങ്ങളിൽ പുലർത്തിയിരുന്ന ലാളിത്യവും അനാഡംബരവും മിതവ്യയവും വ്യക്തിജീവിതത്തിലെ ശുചിത്വവും ക്രമവും അധ്യാപന ജീവിതത്തിലെ സംലഭ്യതയും സത്യസന്ധവുമായ വ്യക്തിത്വവും ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങളിൽ എടുക്കുന്ന വിട്ടുവീഴ്ചയില്ലാത്ത കഠിനാധ്വാനവും സമർപ്പണ ബുദ്ധിയും പ്രസിദ്ധി ഇഷ്ടപ്പെടാത്ത പ്രവർത്തന ശൈലിയും സംസാരത്തിന്റെ നർമ്മബോധവും പാണ്ഡിത്യവും ഭാഷ ശൈലിയിലെ ലാളിത്യവും സൗന്ദര്യവും ഗാംഭീര്യവും ഇങ്ങനെ നാനാതരത്തിലുള്ള നന്മകൾ തികച്ചും പ്രശംസനീയവും അനുകരണീയവും ആണ്.
തന്റെ രോഗാവസ്ഥയുടെ മൂർച്ഛന്യാവസ്ഥ അറിഞ്ഞിട്ടും സുറിയാനി ഭാഷപഠിപ്പിക്കുവാനും താൻ തുടങ്ങിവച്ച പുസ്തകം പൂർത്തിയാക്കുവാനും അദ്ദേഹം മറന്നില്ല . താൻ ഏറ്റവുംഅധികം സ്നേഹിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത സുറിയാനി ഭാഷ ഒരിക്കലും ഒളിമങ്ങാതെ നിലനിർത്തിക്കൊണ്ടു പോകുവാൻ ശിഷ്യഗണങ്ങളായ ഞങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അച്ഛന്റെ പാവന സ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മദ്റോശോ



തയാറാക്കിയത്
റെവ ഫാ . എബ്രഹാം കാടമല

**2024 നവംബർ 10**

## ഹൂദോസ് ഈത്തോ ഞായർ

(യോഹ. 2:13-22)

സഭയുടെ നവീകരണം

കഴിഞ്ഞ ആഴ്ച സഭയുടെ വിശുദ്ധീകരണത്തെ കുറിച്ചാണ് ചിന്തിച്ചത്. ഈ ആഴ്ച സഭയുടെ നവീകരണത്തെക്കുറിച്ച് ധ്യാനിക്കാം. വിശുദ്ധീകരണം മുഖ്യമായും ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് നിർവ്വഹിക്കുന്നത്. എന്നാൽ നവീകരണം നടത്തേണ്ടത് സന്മനസുള്ള മനുഷ്യരുടെ ഉത്തരവാദിത്വമാണ്. നാം ചെയ്യുന്നതെല്ലാം ദൈവമഹത്വത്തിന് യോജിച്ചതായിരിക്കണമെന്ന് മാത്രം (എഫെ. 4:23-24).

തിരുസഭ മുറുകെ പിടിക്കുന്ന ചില നിത്യ സത്യങ്ങളുണ്ട്. ആ സനാതന സത്യങ്ങൾക്ക് ഒരിക്കലും മാറ്റമുണ്ടാകുന്നതല്ല. ദൈവീക നിയമങ്ങളുടെ വള്ളിയോ പുള്ളിയോ പോലും മാറ്റാൻ പാടില്ല തന്നെ. എന്നാൽ സദാ ചലിച്ചുകൊണ്ടും വളർന്നുകൊണ്ടുമിരിക്കുന്ന ഭൗതീക ജീവനെക്കുറിച്ച് പറയുമ്പോൾ അവിടെ മാറ്റമില്ലാത്തതായി ഒന്നു മാത്രമേ ഉള്ളൂ: മാറ്റം. സഭ സദാ നവീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. അതിന് ഒരിക്കലും പഴക്കം വരികയുമില്ല. ഉദാഹരണത്തിന് മനുഷ്യശരീരം തന്നെ എടുക്കാം. ചലിക്കാത്ത, വളരാത്ത, മാറ്റമില്ലാത്ത ഒരൊറ്റ കോശം പോലും നമ്മുടെ ശരീരത്തില്ല. എന്നിട്ടും ഇരുപത്തഞ്ചാം വയസിൽ നമ്മെ കണ്ടിട്ടുള്ള നമ്മുടെ സ്നേഹിതർ 50-ാം വയസ്സിലും നമ്മെ തിരിച്ചറിയുകയും സൗഹൃദം പകരുകയും ചെയ്യുന്നുണ്ടല്ലോ. മാറ്റത്തോടൊപ്പം മാറാതെ നിത്യതയെ പ്രാപിക്കാനായി നിരന്തരം പക്വത പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു ആത്മാവ് നമ്മിലുണ്ട്. നമ്മുടെ വസ്ത്രങ്ങളോ വലിപ്പമോ നിറമോ സ്ഥാനമാനങ്ങളോ ഒക്കെ മാറിക്കൊണ്ടിരിക്കാം. അപ്പോഴും അടിസ്ഥാനപരമായി നമ്മെ നമുക്കെങ്കിലും തിരിച്ചറിയാൻ കഴിയുമല്ലോ. വാസ്തവത്തിൽ നമ്മുടെ മാറ്റമില്ലായ്മ നിലനിർത്താൻ വേണ്ടിയാണ് പലവിധത്തിലുള്ള മാറ്റങ്ങളെ നാം ഉൾക്കൊള്ളുന്നത് തന്നെ.

ഇനി സഭയുടെ നവീകരണത്തെ കുറിച്ചാലോചിക്കാം. ഒന്നാമത് സഭ പരിശുദ്ധമാണ്. വിശുദ്ധീകരിക്കുന്നതിന് വേണ്ടിയുള്ളതാണ്. "എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' എന്ന വേദവാക്യം ഓർക്കുക. സ്വർണ്ണാഭരണങ്ങൾ പോലും കാലപ്പഴക്കത്താൽ ശോഭമങ്ങിപ്പോകുമല്ലോ. അതിന്റെ പുതുമയും ശോഭയും നിലനിർത്തണമെങ്കിൽ ഉരുക്കിപ്പണിയുകയോ

നന്നായി പോളീഷ് ചെയ്യുകയോ വേണം. മനുഷ്യ മനസ്സുകളെയും, മനുഷ്യ സമൂഹത്തെയും മനുഷ്യ ബന്ധങ്ങളെയും വിശുദ്ധീകരിക്കുന്നതിനായി സ്ഥാപിതമായിട്ടുള്ള തിരുസഭ അതിന്റെ ലക്ഷ്യം പ്രാപിക്കണമെങ്കിൽ തുടർച്ചയായ സ്വയം നവീകരണം അത്യാവശ്യമാണ്. ബൈബിളിന്റെ ഭാഷയിൽ പറഞ്ഞാൽ മാനസാന്തരം വരണം. ഈ മനംമാറ്റമാകട്ടെ സ്ഥായിയായിട്ടുള്ളതും എന്നാൽ നിരന്തരം സംഭവിക്കുന്നതും ആയിരിക്കണം.

സൂര്യകാന്തിപൂക്കൾ സൂര്യനെ നോക്കി നോക്കി വളരുന്നതുപോലെ നാം സദാ ക്രിസ്തുവിലേക്ക് നോക്കിക്കൊണ്ടു വേണം ജീവിക്കുവാൻ.

യേശു, ദേവാലയത്തിൽ നടന്ന ക്രയവിക്രയങ്ങളെ നിരോധിച്ചുകൊണ്ട്, സാരമായ ഒരു നവോദ്ധാന പ്രസ്ഥാനം ആരംഭിക്കുകയാണ് ചെയ്തത്. ഇതിന് മുമ്പ് തന്നെ വിചിത്രമായ ചില രോഗശാന്തികളുടെയും അത്ഭുത പ്രവർത്തനങ്ങളുടെയും അതിലും വിപ്ലവാത്മകമായ ചില ആശയങ്ങളുടെയും വാർത്തകൾ കേട്ടു തുടങ്ങിയതാണ്. പക്ഷെ അതൊക്കെ അങ്ങ് വിദൂരമായ വടക്കൻ 'പ്രവശ്യകളുടെ ഗ്രാമീണ അന്തരീക്ഷത്തിൽ നടന്നതാകയാൽ മതത്തിലെ ഉന്നതാധികാര സ്ഥാനങ്ങൾ മൗനം ദീക്ഷിക്കുകയായിരുന്നു. എന്നാൽ ഇപ്പോഴിതാ അവരുടെ ഒരേ ഒരു ദൈവാലയത്തിലേക്ക് കടന്ന് വന്നിട്ട് ബലിമൃഗങ്ങളെ ആട്ടിയോടിക്കുകയും എല്ലാവരെയും ശാസിക്കുവാൻ തനിക്ക് അധികാരമുണ്ടെന്ന് ധ്വനിപ്പിക്കുന്ന രീതിയിൽ പെരുമാറുകയുമാണുണ്ടായത്. അതുകൊണ്ട് അവരെല്ലാം മാനസാന്തരപ്പെട്ടു എന്ന് പറയാൻ കഴിയില്ലെങ്കിലും മതപരമായ ഒരു നവീകരണത്തിന്റെ ദിശാസൂചകമായി ആ സംഭവം മാറുക തന്നെചെയ്തു. ഏതാനും വർഷങ്ങൾക്ക് ശേഷം ജറുസലേം ദൈവാലയം തകർക്കപ്പെട്ടു. അതോടെ മൃഗബലിയുടെ കാലം അവസാനിച്ചു.

പിന്നീടങ്ങോട്ട് ഇസ്രായേലിന്റെ ആരാധനക്രമം തികച്ചും വ്യത്യസ്തവും പുതുമയുള്ളതുമായ വേറൊരു രൂപം സ്വീകരിച്ചു. ശാബത്തിൽ അവർ സിനഗോഗുകളിൽ ഒത്തുകൂടി പ്രവചനങ്ങൾ പഠിക്കുവാനും മോശയുടെ ഗ്രന്ഥങ്ങളിലൂടെ വെളിപ്പെട്ട ദൈവതിരുഹിതം മനസിലാക്കാനും ശ്രമിച്ചു. സഭയുടെ ആരാധന നവീകരണത്തിൽ ഇടപെടുന്ന ദൈവത്തിന്റെ കരം ഇവിടെ സ്പഷ്ടമാണല്ലോ. നവീകരണ പ്രക്രിയയിൽ ഏർപ്പെടുന്നവർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഈ സംഭവത്തിലൂടെ ഈശോ നമ്മെ പഠിപ്പിക്കുന്നു.

1. 'അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത" (2:17), മതാത്മകജീവിതത്തിൽ സംഭവിക്കുന്ന വലിയ ഒരു പിശകാണിത്. തുടക്കത്തിൽ ഉണ്ടായിരുന്ന തീക്ഷ്ണത മെല്ലെ മെല്ലെ ആവിയായി അപ്രത്യക്ഷമാകുന്നു (വെളി. 2:4; സങ്കീ. 69:9). ഭാര്യ-ഭർതൃ ബന്ധത്തിൽ പോലും ഈ അവസ്ഥ സംഭവിക്കാറുണ്ട്.
വളരെ ബോധപൂർവ്വകമായ ഒരു മുൻകരുതൽ ഇക്കാര്യത്തിൽ ഉണ്ടായിരിക്കണം.

2. "എന്റെ പിതാവിന്റെ ഭവനം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്' (2:16).

ഇക്കാലത്ത് വളരെ ഏറെ പ്രസക്തമായ ഒരു നിർദ്ദേശമാണിത്. ആഗോളവൽക്കരണവും കമ്പോള സംസ്കാരവും തഴച്ചു വളരുന്ന ഇക്കാലത്ത് എന്തും ഏതും കച്ചവടച്ചരക്കായി മാത്രം കാണുന്ന രീതി പ്രബലമാണ്. ബോധപൂർവ്വമല്ലാതെ തന്നെ നാം അതിലേക്ക് വലിച്ചിഴക്കപ്പെട്ടു പോകുന്നു. പണമാണ് സർവ്വപ്രധാനം എന്നൊരു ചിന്ത സമൂഹത്തിൽ വേരുറച്ചു പോയതിനാൽ മറ്റ് മൂല്യങ്ങളൊന്നും ആകർഷണീയമല്ലതായി. സ്നേഹം, സേവനം, സൗഹൃദം, വിശ്വാസം, കരുതൽ, വാത്സല്യം, അനുരാഗം, കൃതജ്ഞത, വിശ്വസ്ഥത, ഔദാര്യം, ആശ്രയബോധം, അനുസരണം തുടങ്ങിയ മാനുഷിക മൂല്യങ്ങൾപോലും ലാഭനഷ്ട കണക്കു നോക്കി മാത്രം പരിശീലിക്കുമ്പോൾ, വൃദ്ധജനങ്ങൾ, രോഗികൾ, ശിശുക്കൾ, വികലാംഗർ തുടങ്ങിയവർ പരിത്യജിക്കപ്പെട്ടു പോകുന്നു. തന്മൂലം സമൂഹത്തിന്റെ അടിത്തറ തന്നെ ഇളകി ആടുവാൻ തുടങ്ങുന്ന സ്ഥിതിയായി. പണം കൊടുത്ത് നേടുന്ന സേവനങ്ങളിലും ശുശ്രൂഷകളിലും എത്രത്തോളം ആത്മാർത്ഥത ഉണ്ടാകുമെന്നറിയാൻ മാർഗ്ഗമില്ലാതായി. വൃദ്ധജനങ്ങളെ ശുശ്രൂഷിക്കാൻ നിയോഗിക്കപ്പെടുന്ന ഹോം നേഴ്സ്സുകൾ അവരെ കവർച്ച ചെയ്യുന്നതും നശിപ്പിക്കുന്നതും ഇന്ന് അപൂർവ്വമല്ലല്ലോ. ആകർഷകമായ വില കിട്ടിയാൽ എന്തും വിൽക്കാൻ തയ്യാറായിരിക്കുന്ന ഒരു തലമുറയാണിന്നുള്ളത്. ദൈവഭക്തിപോലും വരുമാനമാർഗ്ഗമായി കാണുന്നവർ ഓർക്കുന്നില്ല, ദൈവം നമുക്ക് നൽകിയിരിക്കുന്നതെല്ലാം സൗജന്യ ദാനമാണെന്നും അതേ സ്വഭാവം നമ്മിൽ വിളങ്ങുന്നത് കാണാനാണ് ദൈവം ആഗ്രഹിക്കുന്നതെന്നും.



3. "എന്നാൽ അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെക്കുറിച്ചാണ്" (2:21).

ദൈവാലയം എന്ന വാക്കിന് വളരെ വിശാലമായ അർത്ഥതലങ്ങളുണ്ടെന്ന് വെളിപ്പെടുത്തപ്പെടുകയാണ് ഇവിടെ. ദൈവം വസിക്കുന്ന സ്ഥലത്തെ നാം സ്വർഗ്ഗമെന്നാണ് വിളിക്കുന്നത്. അത് ഭൂമിയിലോ ആകാശത്തിലോ
അതിനും അപ്പുറത്തോ എവിടെയായാലും അവിടമാണ് സ്വർഗ്ഗം. താൻ ദൈവമാണെന്നും താൻ വസിക്കുന്ന ശരീരം ദൈവാലയം ആണെന്നും ഉള്ള അവ ബോധമാണ് യേശുവിനു ഉണ്ടായിരുന്നത്. സമാനമായൊരു ബോദ്ധ്യം നമ്മുടെ ശരീരത്തെക്കുറിച്ച് പൗലൊസ് അപ്പൊസ്തോലൻ നിലനിർത്തിയിരുന്നു (1കൊരി. 3:16-17). നമ്മുടെ ശരീരം ദൈവം വസിക്കുന്ന ആലയമാണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ നാം അതിനെ എത്ര അധികം പാവനമായി കാത്തുസൂക്ഷിക്കുമായിരുന്നു. സ്വന്തം ശരീരത്തെയും മറ്റുള്ളവരുടെ ശരീരത്തെയും വണക്കത്തോടും വിവേകത്തോടും കൈകാര്യം ചെയ്യേണ്ട പൂജ്യവസ്തുക്കളാണെന്ന ബോദ്ധ്യമില്ലാത്തവർ ദൈവപുത്രന്റെ തിരുമേനിയോട് കാട്ടിയ ക്രൂരതകൾ ആവർത്തിച്ചു കൊണ്ടിരിക്കുന്നവരാണ്.

**ടാഗോറിന്റെ ഗാനം ശ്രദ്ധിക്കൂ:**

അമ്പലമമ്പലം നീ കുടികൊള്ളും അമ്പലം
തന്നെ അഖില പ്രപഞ്ചം തിരതല്ലുന്നെങ്ങും
അലയാഴിപോലെ അഖിലേശ സൗന്ദര്യ സാര
സ്വരൂപം

4. സഭയുടെ നവീകരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ദൈവവചനത്തിന്റെ പൊരുൾ മനസ്സിലാക്കിയെടുക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സഭയിലായാലും കുടുംബ ജീവിതത്തിൽ ആയാലും കാര്യം ശരിയായി മനസിലാക്കാത്തതു കൊണ്ടുണ്ടാകുന്ന ക്ലേശം ചില്ലറയല്ല (യോഹ. 2:20-21). ദൈവവചനം മറ്റ് ഭാഷകളിലേക്ക് മൊഴി മാറ്റം ചെയ്യുമ്പോൾ അർത്ഥശോഷണം സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. നിരന്തരം നവീകരണം നടക്കേണ്ട ഒരു രംഗമാണത്.

5. മരുഭൂമിയിലൂടെ പ്രയാണം ചെയ്യുമ്പോഴും അടിമകളായി പിടിക്കപ്പെട്ടപ്പോഴും മതപീഢനങ്ങളുടെ കാലത്തും സ്വീകരിച്ച ആരാധന രീതിയല്ല സ്വതന്ത്രമായി ജീവിക്കുന്ന സമൂഹത്തിനാവശ്യം.

6. സഭയായാലും വ്യക്തികളായാലും ധന സമ്പാദന മാർഗ്ഗങ്ങളിലും അതു ചിലവഴി ക്കുന്ന രീതിയിലും സുവിശേഷ മൂല്യങ്ങൾ മുറുകെ പിടിക്കേണ്ടതുണ്ട്.

7. കാലിതൊഴുത്തിൽ പിറന്ന ക്രിസ്തുവിന്റെ അനുയായികൾ ജീവിത ലാളിത്യം കാക്കാൻ ബാദ്ധ്യസ്ഥരാണ്. എങ്കിലും അത് വാശ്ച്യർത്ഥത്തിലാകരുത്.

8. വീഞ്ഞ് പഴക്കം ചെല്ലുന്തോറും ഗുണ മേന്മ വർദ്ധിക്കുന്നതുപോലെ തിരുസഭ അതിന്റെ നന്മയിൽ പു



2024 നവംബർ 17

## സ്കറിയായോടുള്ള അറിയിപ്പ്

(ലൂക്കോ. 1:5-25)

സാമൂഹ്യ സമ്പർക്ക മാദ്ധ്യമ ദിനം

കണ്ണുണ്ടായിട്ടും ദുഃഖം, കണ്ണില്ലാഞ്ഞിട്ടും ദുഃഖം, ദുഃഖം, ദുഃഖം, ദുഃഖമയം ജീവിതം; എന്ന് ഏതോ ഒരു പഴയ ഗാനശകലം ഓർമ്മ വരുന്നു. സഖറിയായുടെയും ഏലിശുവായുടെയും അനപത്യതാ ദുഃഖം മറ്റനേകം ദമ്പതിമാരുടെ ജീവിതാനുഭവം കൂടിയാണ്. അവർ രണ്ടു പേരും ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരും ആയിരുന്നതിനാൽ തങ്ങളുടെ പാപഫലമാണ് എന്ന് സ്വയം കുറ്റപ്പെടുത്തി ആശ്വാസം തേടാനും വഴിയില്ലായിരുന്നു. സുകൃതജീവിതം നയിക്കുന്നവർക്ക് എന്താഗ്രഹിച്ചാലും ചെയ്തു കൊടുക്കുന്ന ആജ്ഞാനുവർത്തിയാണ് ദൈവം എന്നൊരു തെറ്റിദ്ധാരണ ആരും വച്ചു പുലർത്തേണ്ടതില്ല. നാം ദൈവകല്പനകൾ പാലിക്കുന്നതും ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കുന്നതും നമുക്ക് ദൈവത്തോടുള്ള സ്നേഹവും നന്ദിയും കൊണ്ടായിരിക്കണം. ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സ്മരണയായിട്ടല്ല. ഒരു കച്ചവട മനോഭാവം അവിടെ കടന്നുവരാതിരിക്കണം. മനുഷ്യബന്ധങ്ങളിൽ പോലും കച്ചവട മനസ്ഥിതി ഉചിതമല്ല. കാരണം നൽകുന്നതാണ് സ്നേഹം സ്വീകരിക്കുന്നതല്ല.

സദാസമയവും വൈദ്യുതി ഉണ്ടെങ്കിൽ, അതിന്റെ സാന്നിദ്ധ്യം നാം വിസ്മരിച്ചെന്ന് വന്നേക്കാം. എന്നാൽ ഇടയ്ക്ക് ഒരു ബ്രേയ്ക്ക് വരുമ്പോഴാണ് നാം അക്കാര്യത്തിൽ ആകുലരാകുന്നതും പരിഹാര മാർഗ്ഗം തേടുന്നതും. നമ്മുടെ ജീവിതത്തിൽ ദൈവപരിപാലന ഇല്ലാത്ത ഒരു നിമിഷം പോലും ഇല്ല. എങ്കിലും അത് നാം തിരിച്ചറിയുന്നത് ചില പ്രത്യേക സന്ദർഭങ്ങളിലാണ്. സഖറിയായുടെയും ഏലിസബേത്തിന്റെയും ജീവിതത്തിൽ ദൈവീക ഇടപെടൽ അനുഭവപ്പെട്ട ഒരു സന്ദർഭത്തിന്റെ വിവരണമാണ് വിശുദ്ധ ലൂക്കാ ഇവിടെ നൽകിയിരിക്കുന്നത്. 1:25-ൽ ഏലിസബേത്ത് അക്കാര്യം തുറന്ന് സമ്മതിക്കുന്നു. "മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവ് എന്നെ കടാക്ഷിച്ചു എനിക്ക് ഇത് ചെയ്തു തന്നിരിക്കുന്നു". മനുഷ്യർ ഉപരിപ്ലവമായി ചിന്തിക്കുകയും ബാഹ്യമായി കാണുന്നതും മാത്രം കണക്കാക്കി വിധി പറയുകയും ചെയ്യുന്നു. ദൈവമാകട്ടെ ആഴങ്ങൾ കാണുകയും തേടു കയും ചെയ്യുന്നു. എലി പെറ്റാൽ വെറും എലിക്കുഞ്ഞുങ്ങളെ ഉണ്ടാകൂ. സിംഹം പ്രസവിച്ചാൽ സിംഹക്കുട്ടികൾ പിറക്കും. വിവാഹം കഴിക്കുന്ന ദമ്പതികൾ ബോദ്ധ്യപ്പെടേണ്ട കാര്യം തങ്ങൾ ജനിപ്പിക്കാൻ പോകുന്നത് മനുഷ്യപുഴുക്കളെയാണോ മഹത്വമുള്ള ദൈവമക്കളെയാണോ എന്നുള്ളതാണ്. സ്ത്രീത്വത്തിന്റെയും മാതൃത്വത്തിന്റെയും ഏറ്റം മഹനീയമായ മാതൃകയാണ് ഏലിസബത്ത്. കാരണം അവരുടെ ജീവിതം ദൈവത്തിന് പ്രീതികരവും കുറ്റമറ്റതുമായിരുന്നു. നമ്മുടെ വസ്ത്രത്തി

ലോ ശരീരത്തിലോ അല്പം ചെളിയോ പൊടിയോ പറ്റിയാൽ ഉടൻ തന്നെ നാം അത് കഴുകി വെടിപ്പാക്കുന്നു. പക്ഷെ ആത്മാവിലും സ്വഭാവത്തിലും കലരുന്ന മാലിന്യങ്ങളും ലോകത്തിന്റെ ദുഷ്ടതകളും കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുന്നു. അവയെല്ലാം ഉള്ളിൽ കലർന്ന് മലിനമായ മനസ്സും രോഗാതുരമായ ശരീരവുമുള്ള യുവതീയുവാക്കളുടെ സമ്മേളനത്തിൽ നിന്നുരുവാകുന്ന പൈതങ്ങൾ പരിശുദ്ധരോ മഹത്വമുള്ളവരോ ആയിത്തീർന്നെങ്കിൽ അത് അത്ഭുതമെന്നേ പറയേണ്ടു. കുലമഹിമയെന്നും തറവാട്ടുമഹിമയെന്നും പറയുന്നതിന്റെ അർത്ഥം എന്താണെന്ന് നാം ഇവിടെ കാണുന്നു. യേശുതന്നെ ഒരിക്കൽ പറയുകയുണ്ടായി: "സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവൻ ഇല്ല". വലിയവൻ എന്ന് പറയുമ്പോൾ നാം എന്താണ് മനസ്സിലാക്കേണ്ടത് എന്ന് സ്നാപകനെയും മറ്റ് പ്രവാചകന്മാരെയും നോക്കി പഠിക്കണം എന്ന ഒരു ധ്വനിയും ഈ വാക്കുകളിൽ ഉണ്ട്. തന്റെ ജീവിതം കൊണ്ട് ഒരാത്മാവിനെയെങ്കിലും ദൈവത്തിങ്കലേക്ക് മടക്കികൊണ്ടുവരാൻ കഴിയാത്ത ജീവിതം പരാജയമടഞ്ഞു എന്ന് തന്നെ പറയാം (ലൂക്കാ. 1:16). സ്നാപകനെക്കുറിച്ച് ദൈവത്തിനുണ്ടായിരുന്ന വലിയ പ്രതീക്ഷകളാണ് മാലാഖയുടെ വാക്കുകളിലൂടെ പ്രകടമാക്കുന്നു. ദൈവപുത്രൻ മനുഷ്യകുലത്തിന് മുഴുവൻ രക്ഷാമാർഗ്ഗവുമായി ഭൂമിയിൽ അവതരിക്കുമ്പോൾ അത് സ്വീകരിക്കാൻ മനുഷ്യമനസുകൾ സജ്ജമാക്കേണ്ടതുണ്ട്. വിതക്കാരന്റെ ഉപമയിൽ പറഞ്ഞിരിക്കുന്നതുപോലെ 100 മേനി ഫലം പുറപ്പെടുവിക്കാൻ തക്കവിധം സജ്ജീകൃതമായ ഒരു ജനതയെ കർത്താവിന് വേണ്ടി ഒരുക്കുകയാണ് സ്നാപകന്റെ ദൗത്യം (ലൂക്കാ. 1:17). ഈ ഒരുക്കത്തിൽ പ്രത്യേകം പരിഗണിക്കേണ്ട രണ്ട് കാര്യങ്ങളുണ്ട്.

(1) പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്ക് തിരിക്കുക. സ്വാഭാവികമായിത്തന്നെ മാതാ പിതാക്കൾ മക്കളുടെ നന്മയിൽ തല്പരാണല്ലോ. എന്നാൽ ഈ താല്പര്യം ഭൗതീക മേഖലയെക്കടന്ന് അവരെ ദൈവമക്കളാക്കി ദൈവസന്നിധിയിൽ എത്തിക്കാൻ കെൽപുറ്റതാകണം.

(2) അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ വിവേകത്തിലേക്ക് തിരിച്ചു വിടണം. ആരും നിയന്ത്രിക്കാൻ ഇല്ലെന്നു നാം കരുതുന്ന കാട്ടിലെ സസ്യങ്ങളും ജന്തുക്കളും പോലും ഒട്ടേറെ നിയമങ്ങളും നിയന്ത്രണ ങ്ങളും അനുസരിക്കുന്നുണ്ട്. നിയമങ്ങളെ ലംഘിക്കാനും അനുസരണമില്ലാതെ ജീവിക്കാനും മനുഷ്യനു മാത്രമേ കഴിയൂ.

ബോധപൂർവ്വം അനുസരിക്കാനും വിധേയപ്പെടുവാനും മനുഷ്യർക്ക് മാത്രമേ കഴിയൂ.സാങ്കേതിക വിദ്യകൾ പരിശീലിപ്പിച്ച് വിദഗ്ദമായി ജോലി ചെയ്യാൻ നമ്മുടെ മക്കളെ നാം കഴിവുള്ളവരാക്കുന്നു. എന്നാൽ എങ്ങനെ ജീവിക്കണമെന്ന് നമ്മുടെ മക്കളെ പഠിപ്പിക്കാഞ്ഞാൽ, അവർ ജീവിതത്തിൽ പരാജയപ്പെട്ടുപോകും. അനുസരിക്കേണ്ടവരെ അനുസരിക്കുകയും പൂജിക്കേണ്ടവരെ പൂജിക്കുകയും ചെയ്യുന്നതാണ് നീതിമാന്മാരുടെ വിവേകം എന്ന് പറയുന്നത്. "നിനക്ക് ദീർഘായുസ്സുണ്ടാകാൻ നിന്റെ മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക" എന്ന കല്പന സകല മനുഷ്യർക്കും ബാധകമാണ്. മാതാ, പിതാ,ഗുരു, ദൈവം എന്നീ നാലു കൂട്ടരും നമ്മുടെ അനുസരണവും വിധേയത്വവും അർഹി ക്കുന്നവരാണ്. മനുഷ്യകുലത്തിന്റെ വീഴ്ച യുടെയും അധഃപതനത്തിന്റെയും കാരണം അനുസരണക്കേടായിരുന്നു എന്ന് നാം മറക്കരുത്. അനുസരിക്കാതെ രക്ഷയില്ല

## 2013 നവംബർ 24.
## ദൈവമാതാവിനോടുള്ള അറിയിപ്പ്
## (ലൂക്കോ 1:26-38)

കാട്ടിലെ പാഴ്സുമുളം തണ്ടിൽ നിന്നും പാട്ടിന്റെ പാലാഴി തീർത്തവനെന്ന് വർണ്ണിച്ചിരിക്കുന്നത് മുരളീധരനെ കുറിച്ചായിരിക്കണം. ഈശ്വരന്റെ നന്മയും ശ്രേഷ്ഠതയും പ്രകടിപ്പിക്കാൻ ഈ ഉദാഹരണം കൊള്ളാം. പക്ഷെ അത് മാത്രമല്ലല്ലോ. ഈശ്വരന്റെ കയ്യിൽ ഒരു ഉപകരണമായി തീർന്ന ആ മുളന്തണ്ടിനെക്കുറിച്ച് കൂടി ഒരു നിമിഷം ചിന്തിക്കേണ്ടതല്ലേ. പ്രത്യേകിച്ച് നിസ്സാരന്മാരായ നാം ഓരോരുത്തർക്കും കൂടുതൽ സാമ്യം ആ മുളന്തണ്ടിനോടല്ലേ വരൂ. നല്ല നാദസൗകുമാര്യത്തിന്റെ ഉപകരണമോ ഉറവിടമോ ആയിത്തീരുന്നതിനായി ആ മുളന്തണ്ട് സഹിക്കേണ്ടി വരുന്ന



മുറിവുകളെത്രയെന്ന് ഓർത്ത് നോക്കുക. ചെത്തി മിനുക്കി അളന്ന് മുറിച്ചതിന് ശേഷം ചുട്ടു പഴുത്ത ഇരുമ്പുകമ്പി കൊണ്ട് കുത്തിത്തുളച്ച് നിർമ്മിച്ചെടുക്കുന്ന ഓടക്കുഴലിലൂടെ ജീവശ്വാസം ഊതിയാണ് ഇമ്പകരമായ നാദധാര ഉതിർക്കുന്നത്. അപ്രകാരം തന്നെ സ്വയം സഹനത്തിനും അനുസരണത്തിനും പൂർണ്ണമായി സമർപ്പണം ചെയ്തതുകൊണ്ടാണ് ഇത്ര വലിയ ഭാഗ്യത്തിന് മാതാവ് യോഗ്യയായി തീർന്നത്. അത് സകല മനുഷ്യർക്കും രക്ഷയുടെ കവാടം തുറന്ന് കിട്ടാൻ കാരണമാകുകയും ചെയ്തു.

19-ാം സങ്കീർത്തനത്തിൽ വിവരിച്ചിരിക്കുന്നതുപോലെ പ്രപഞ്ചത്തിന്റെ അപാരതയും അവികലമായ പ്രവർത്തനവും വലിയവ നായ ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നത് തന്നെയാണ്. എന്നാൽ ബൈബിൾ പഠിക്കുന്നവർക്ക് ദൈവത്തിന്റെ തികച്ചും വ്യത്യസ്ഥമായ മറ്റൊരു മുഖം കാണാം. അവിടെ ശൂന്യവും പാഴുമായവയിൽ നിന്ന് വൻ കാര്യങ്ങൾ ചെയ്യുന്ന ദൈവീക മഹത്വം കാണാൻ കഴിയും. അപ്രകാരമുള്ള ക്രമരഹിതവും രൂപരഹിതവുമായിടത്ത് ദൈവാത്മാവ് പ്രവർത്തിച്ചപ്പോഴാണ് ഈ ഭൂമണ്ഡലത്തിൽ ക്രമവും ജീവനും സൗന്ദര്യവും ഉണ്ടായത്. വൃദ്ധദമ്പതിമാരായ അബ്രഹാമും സാറായും സഖറിയായും ഏലിസബേത്തും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഇടപെടൽ ഒന്നുകൊണ്ടു മാത്രം മഹാന്മാരായ മക്കളെ ജനിപ്പിച്ച് വളർത്താൻ കഴിവുള്ളവരായി മാറിയല്ലോ. മരുഭൂമിയിൽ ഭക്ഷണവും പാറയിൽ നിന്ന് വെള്ളവും കൊടുത്തവൻ ഇടയ ബാലനായ ദാവീദിന്റെ കവിണയിലെ കല്ലുകൊണ്ട് മല്ലനായ ഗോല്യാത്തിന്റെ കരങ്ങളിൽ നിന്നും ദൈവജനത്തെ വീണ്ടെടുത്തുവല്ലോ.

പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റുവാനും വീഞ്ഞിനെ സ്വന്തം രക്തമാക്കി പരിവർത്തനം ചെയ്യുവാനും കഴിവുള്ളവന് കന്യകയായ ഒരു ഗ്രാമീണ ബാലികയിൽ നിന്ന് പുരുഷസംഗമം കൂടാതെ തന്നെ സ്വപുത്രന് ജന്മം നൽകാനും കഴിയും. ദൈവത്തിന് ഒന്നും അസാദ്ധ്യമായിട്ടില്ല

തന്നെ. വന്മരങ്ങളെ സൃഷ്ടിച്ചവൻ തന്നെയല്ലേ, കറുക പുല്ലിനെയും നിർമ്മിച്ചത്. ഈ പ്രകൃതിയിൽ ആർക്കും ഒന്നിനോടും താരതമ്യമോ മത്സരചിന്തയോ പാടില്ലാത്തതാണ്. വലുതായാലും ചെറുതായാലും കർത്താവിന്റെ പ്രവൃത്തികൾക്ക് പ്രയോജനമുള്ളവരാകുകയാണ് ആവശ്യം. മറിയത്തിന്റെ 'മഹത്വം' വെളിപ്പെടുന്നത് അവളുടെ വിനീതമായ ആത്മാർപ്പണത്തിലാണ്. "ഇതാ ഞാൻ കർത്താവിന്റെ ദാസി; അങ്ങയുടെ വാക്കുകൾ പോലെ എന്നിൽ സംഭവിക്കട്ടെ". ദൈവസമക്ഷം ഇപ്രകാരം പറയുവാൻ കഴിയുമ്പോൾ മാത്രമേ നാം യഥാർത്ഥത്തിൽ ക്രിസ്തു ശിഷ്യരായി എന്ന് പറയാൻ കഴിയൂ. ഈ സുവിശേഷ ഭാഗം ധ്യാന വിഷയമാക്കുമ്പോൾ നമ്മുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റുന്ന കാര്യങ്ങൾ ഏവ എന്ന് നോക്കാം.

1. ഗബ്രിയേൽ ദൂതൻ ആദ്യം ജറുസലേം ദൈവാലയത്തിലേക്കാണ് എത്തിയത്. പിന്നീട് ഗലീലയിലെ നസ്രത്തിലും എത്തി. ജീവിത വിശുദ്ധിയും ദൈവഭക്തിയും പാലിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഏത് സ്ഥലവും സാഹചര്യവും അനുകൂലമാക്കുവാൻ കഴിയും.

2. ദാവീദ് രാജാവിന്റെ കുടുംബാഗമായ ജോസഫ് ഇപ്പോൾ ഒരു പാവപ്പെട്ട ആശാരിപ്പണിക്കാരനാണ്. യേശുവിനു ദാവീദ്പുത്രൻ എന്ന പേര് ഈ ജോസഫിന്റെ സംഭാവന യാണ്.

3. സ്വസ്തി നന്മപൂരിതേ, നിന്നോടുകൂടെ നാഥനും സ്ത്രീകളിൽ അനുഗ്രഹീത നിൻകുമാരനേശുവും. ഇതിലും വലിയ അംഗീകാരവും പ്രശംസാപത്രവും ചരിത്രത്തിൽ വേറെയില്ല.

4. 27-ാം വാക്യത്തിൽ തന്നെ 'കന്യക' എന്ന പദം രണ്ട് പ്രാവശ്യം പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ഒരു പെൺകുട്ടിക്ക് അതിലും വിലപ്പെട്ടതൊന്നുമില്ല.

5. ദൈവത്തോടൊപ്പം സായാഹ്ന സവാരി നടത്തിയിരുന്ന മനുഷ്യന്, പാപം മൂലം ഭയവും ലജ്ജയും ഉണ്ടായി. വീണ്ടും ആദ്യത്തെ അവസ്ഥയിലേക്ക് കൊണ്ടുവരാനാണ് 'ഭയപ്പെടേണ്ടാ' എന്ന ദൂതുമായി മാലാഖ വന്നിരിക്കുന്നത് (റോമ. 8:15).

6. മറിയത്തിന്റെ പ്രകടമായിരുന്ന ഒരു പ്രത്യേകത 29-ാം വാക്യത്തിൽ കാണാം. ദൈവവചനം ഹൃദയത്തിൽ സൂക്ഷിച്ചു വെച്ച് അതിനെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചുകൊണ്ടിരിക്കുക എന്നതാണ് ആ സ്വഭാവ സവിശേഷത. ഒന്നാം സങ്കീർത്തനം, ഇപ്രകാരമുള്ള മനുഷ്യർ ഭാഗ്യവാന്മാരാണെന്ന് പ്രഖ്യാപിക്കുന്നു. ഒരു പക്ഷെ നമ്മിൽ അധികം പേരുടെയും കുറവ് ഇക്കാര്യത്തിലല്ലേ എന്ന് സംശയിക്കണം.

7. ഗ്രന്ഥം കരത്തിലുണ്ടായാൽ പോരാ; ചന്തത്തിലർത്ഥം ഗ്രഹിച്ചേ മതിവരൂ.

8. "നീ ഒരു പുത്രനെ പ്രസവിക്കും" (1:31) ഏശായായാ 7:14-ലെ വാഗ്ദാനം ഇവിടെ പൂർത്തിയാകാൻ പോകുന്നു.

9. ഓരോ ഗർഭധാരണവും ഒരു ദൈവപുത്രന്റെ മനുഷ്യാവതാരമായി കരുതിയിരുന്നെങ്കിൽ.

10. യേശു എന്ന നാമം സ്വർഗ്ഗം നിർദ്ദേശിച്ചതാണ്. 'രക്ഷകൻ' എന്നാണിതിനർത്ഥം (മത്താ. 1:21; ഏശായാ 43:3).

11. മറിയത്തിന് പിറക്കാൻ പോകുന്ന ശിശുവിന്റെ പേരും പെരുമയും മാലാഖ അമ്മയെ അറിയിച്ചത് അവളെ അത്ഭുതപ്പെടുത്താനല്ല, അവളുടെ ഉത്തരവാദിത്വം മനസ്സിലാക്കി പെരുമാറാനുള്ള നിർദ്ദേശമായിരുന്നു അതെല്ലാം.

12. "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും"(1:33). സോളാർ എനർജിയെ കുറിച്ച് പരക്കെ സംസാരമുണ്ടല്ലോ. എങ്കിലും ഇന്നും നാം ആശ്രയിക്കുന്നത് അപകട സാധ്യത ഏറെയുള്ള മാർഗ്ഗങ്ങളെയാണ്. അത്യുന്നതന്റെ പരിശുദ്ധാത്മ ശക്തിയെ ആശ്രയിച്ചുകൊണ്ടുള്ള ജീവിത ശൈലി രൂപപ്പെടുത്തിയിരുന്നെങ്കിൽ പണ്ടേക്കു പണ്ടേ ഈ ലോകം സ്വർഗ്ഗമായേനേ

**2024 ഡിസംബർ 1.** page
No 71



# ബൈബിൾ പ്രതീകങ്ങൾ



ആബൂൻ എബ്രഹാം മാർ ജൂലിയോസ്
(മൂവാറ്റുപുഴ ബിഷപ്പ് എമിരറ്റസ്)

ഈ ലക്കത്തിൽ മറ്റ് രണ്ട് ബൈബിൾ പ്രതീക ങ്ങളെയാണ് മനസ്സിലാക്കാൻ ശ്രമിക്കുന്നത്.

## 5. ദേവദാരു (Cedar)

ലബനോനിലെ മലനിരകളിൽ തഴച്ചുവളരുന്ന ദേവദാരുക്കൾ, ആ പ്രദേശത്തെ മറ്റെല്ലാ വൃക്ഷ ങ്ങളെയുംകാൾ രൂപത്തിലും, ഉയര ത്തിലും, അതിൽ നിന്നുവരുന്ന പ്രത്യേക ഗന്ധം കൊ ണ്ടും, ഋജുവായി വളരുന്നതുകൊണ്ടും വളരെ മികച്ചതാണ്. ഇത് ജീർണ്ണിക്കാത്തതും, വിശുദ്ധ വുമായ വൃക്ഷമായി പരിഗണിക്കപ്പെടുന്നു. അതി നാലാണ് ഏശയ്യാ പുതുക്കപ്പെട്ട ജറുസലേമിനെ 'ലബനോന്റെ മഹത്വ'ത്തോട് ഉപമിക്കുന്നത് (ഏ ശ. 35:2). അവ 'കർത്താവിന്റെ വൃക്ഷങ്ങൾ ' എന്നു വിളിക്കപ്പെടുന്നു. 'കർത്താവിന്റെ വൃക്ഷ ങ്ങൾക്ക്, അവിടുന്ന് നട്ടുപി ടിപ്പിച്ച ലബനോനി ലെ ദേവദാരുക്കൾക്ക് സമൃദ്ധമായി ജലം ലഭി ക്കുന്നു ' (സങ്കീ. 104:16). അതിനാൽ 103 തവണ ദേവദാരുവിനെപ്പറ്റി വി. ഗ്രന്ഥത്തിൽ പരാമർശി ച്ചിട്ടുണ്ട്. 92-ാം സങ്കീർത്തനം നീതിമാനെ ദേവ ദാരുവിനോട് ഉപമിക്കുന്നു:
'നീതിമാൻ പനപോലെ തഴയ്ക്കും, ലബനോനി ലെ ദേവദാരുപോലെ വളരും' (സങ്കീ. 92:12).

ജ്ഞാനം അവളെപ്പറ്റി ഇപ്രകാരം സ്തുതിക്കുന്നു: ' ലബനോ നിലെ ദേവദാരുപോലെ... ഞാൻ ഉയർ ന്നു ' (പ്രഭാ. 24:13). വരൻ സൗന്ദര്യം കണ്ട് വധു ഇപ്രകാരം പറയുന്നു: ' അവന്റെ ആകാരം ലബ നോനിലെ വിശിഷ്ടമായ ദേവദാരുപോലെ ' (ഉത്ത. 5:15). അതാ യത് അവൻറെ ആകാരം ലബനോനി ലെ ഉയർന്ന മലപോലെ ഗാംഭീര്യ മുള്ളതും, ദേവ ദാരുപോലെ ശക്തവുമാണ്.

നിഷേധാത്മക അർത്ഥത്തിലും ദേവദാരുവിനെ മനസ്സിലാക്കു ന്നുണ്ട്. ദൈവം ശിക്ഷിക്കാൻ തീരു മാനിക്കുന്ന ഈജിപ്തും, അസ്സീറിയായും
പോലുള്ള അഹങ്കാരികളും, ധിക്കാരികളുമായ മനുഷ്യരുടെ പ്രതീകമാണ് ദേവദാരു. 'അതു വളർ ന്നുയർന്നു മേഘങ്ങളെ ഉരുമ്മു കയും ആ വളർച്ച യിൽ അഹങ്കരിക്കുകയും ചെയ്തു. അതുകൊണ്ട് ജനതകളിൽ ശക്തനായവന്റെ കരങ്ങളിൽ ഞാൻ അതിനെ ഏൽപ്പിക്കും. അതിന്റെ ദുഷ്ടതയ്ക്കർ ഹമാംവിധം ഞാൻ അതിനോടു പ്രവർത്തിക്കും' (എസെ. 31:10,11). 'ലബനോനിലെ ഉന്നതമായ ദേ വദാരുവിനും, ബാഷാ നിലെ കരുവേലകത്തിനും' (ഏശ. 2:13) എതിരെ കർത്താവ് തന്റെ ദിനത്തിൽ വിധി പ്രസ്താവിക്കും.



അലക്സാൻഡ്രിയായിലെ സിറിൽ, ദേവദാരുത്തടി ക്രിസ്തവിന്റെ അഴുകാത്ത ശരീരത്തിന്റെ മുൻകുറിയായി കാണുന്നു, (**Cfr. M. Lurker, op.cit. P.** 370). സോളമൻ നിർമ്മിച്ച ദേവാലയത്തിന്റെ ഉൾവശംമുഴുവൻ കൊത്തിയ ദേവദാരുപ്പലകകൊണ്ട് പൊതിഞ്ഞിരുന്നു (1 രാജ. 6:18); അതുപോലെ ഉടമ്പടിയുടെ പേടകവും.

ചില മരിയൻകീർത്തനങ്ങൾ, പരമപരിശുദ്ധനായ യേശുക്രിസ്തുവിനെ വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ട്, മറിയത്തെ ദേവദാരുകൊണ്ട് നിർമ്മിച്ച പേടകത്തോട് ഉപമിച്ചിരിക്കുന്നു.

## 6. പാനപാത്രം (Chalice/Cup)

ജീവന്റെ സംരക്ഷണത്തിന് ആവശ്യമായ ദ്രാവകങ്ങൾ ഉൾകൊ ള്ളുന്നതുകൊണ്ട് പാനപാത്രം ജീവന്റെ പ്രതീകമാണ്. ഈജിപ്ഷ്യൻ സംസ്ക്കാരത്തിൽ പാനപാത്രങ്ങൾക്ക് മാന്ത്രിക ശക്തിയുണ്ട് എന്ന് വിശ്വസിച്ചിരുന്നതിനാൽ ഭാവിപ്രവചനക്കാർ അതുപയോഗിച്ചിരുന്നു.

വി. ഗ്രന്ഥത്തിൽ, പാനപാത്രത്തിന്റെ ഉള്ളടക്കം അനുസരിച്ച് അത് അനുഗ്രഹവും, നാശവും സൂചിപ്പിച്ചിരുന്നു. ഏശയ്യാ ജറുസലേ മിനെക്കുറിച്ച് പറയുന്നു: "ക്രോധത്തിന്റെ പാനപാത്രം കർത്താവിന്റെ കരത്തിൽ നിന്നു വാങ്ങിക്കുടിക്കുകയും പരിഭ്രാന്തിയുടെ പാനപാത്രം മട്ടുവരെ ഊറ്റിക്കുടിക്കുകയും ചെയ്ത ജറുസലേമേ, ഉണരുക, ഉണർന്നെഴുന്നേൽക്കുക ' (ഏശ: 51:17). എസെക്കിയേൽ സമരിയാ യെക്കുറിച്ച് ഇപ്രകാരം പ്രവചിച്ചു: 'ഭീതിയുടെയും ശൂന്യതയുടെയും പാനപാത്രത്തിൽ നിന്നു, നിന്റെ സഹോദരിയായ സമരിയായുടെ പാനപാത്രത്തിൽ നിന്ന് കുടിച്ച് ഉൻമത്തതയും ദുഃഖവും കൊണ്ടു നീ നിറയും' (എസെ. 23:33).

ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹത്തെ പാനപാത്രം സൂചി പ്പിക്കുന്നു. "എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു' (സങ്കീ. 23:5). ഇവിടെ സമൃദ്ധമായ വിരുന്നൊരുക്കുന്ന ആതിഥേയനാണ് കർത്താവ്. കവിഞ്ഞൊഴുകുന്ന പാനപാത്രം ദൈവകൃപ നിറഞ്ഞ ജീവിതത്തിന്റെ പ്രതീകമാണ്. വീഞ്ഞും കർത്താവിന്റെ രക്ഷയെ സൂചിപ്പിക്കുന്നു.

പാനപാത്രമുയർത്തി കൃതജ്ഞതാസ്തോത്രം പറയുക എന്നത് സാബത്താചരണത്തിന്റെ ആരംഭത്തിലും പെസഹായുടെ ആചാരപര മായ ഭക്ഷണത്തിലും (സേദർ) ഉള്ള അനുഷ്ഠാനമായിരുന്നു. 'കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു ഞാൻ എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെനാമം വിളിച്ചപേക്ഷിക്കും' (സങ്കീ. 116:12,13). ഭക്തന് ഉറച്ച പ്രത്യാശയു ണ്ടായിരുന്നു: "കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും, എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ് ' (സങ്കീ. 16:5). ഇവിടെ പാന പാത്രം ജീവിതഭാഗധേയത്തിന്റെ പ്രതീകമാണ്. വെളിപാടു പുസ്തക ത്തിൽ മൃഗത്തെയോ അതിന്റെ പ്രതിമയെയോ ആരാധി

ക്കുന്നവരുടെ ഭാഗധേയം ഇപ്രകാരമാണ്: 'അവൻ ദൈവകോപത്തിന്റെ പാത്രത്തിൽ അവിടുത്തെ ക്രോധത്തിന്റെ വീഞ്ഞ് കലർപ്പില്ലാതെ പകർന്നു കുടിക്കും' (വെളി. 14:10).

യേശു തന്റെ ജീവിതത്തെ പാനപാത്രത്തിന്റെ ഭാഷ്യത്തിൽ മന സ്സിലാക്കുന്നു. "പിതാവ് എനിക്ക് നൽകിയ പാനപാത്രം ഞാൻ കുടി ക്കേണ്ടയോ' (യോഹ. 18:10). സെബദിപുത്രന്മാരോടു യേശു ചോദിച്ചു: 'ഞാൻ കുടിക്കാൻ പോകുന്ന പാനപാത്രം കുടിക്കാൻ നിങ്ങൾക്ക് കഴിയുമോ?' (മത്ത. 20:22).
ഇവിടെ 'പാനപാത്രം കുടിക്കുക' എന്നാൽ പീഢനത്തിനും മരണത്തിനും വിധേയനാവുക എന്നർത്ഥം. ഈ വസ്തുത ഒലിവുമലയിലെ യേശുവിന്റെ പ്രാർത്ഥനയിൽ സ്ഥിരീകരിക്കുന്നു. "പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറ ' വേറട്ടെ ' (ലൂക്ക 22:42). യേശു അത്താഴത്തിനുശേഷം പാനപാത്രമെ ടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് ശിഷ്യരോട് അരുളിചെയ്തു: "നിങ്ങളെല്ലാവരും ഇതിൽ നിന്ന് പാനം ചെയ്യുവിൻ, ഇത് പാപാമോച നത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതു മായ എന്റെ രക്തമാണ് ' (മത്ത. 26:27, 28).

വി. കുർബ്ബാനയെക്കുറിച്ചുള്ള ആദ്യകാല വിവരണങ്ങളിൽ, വി. പൗലോസ് കോറിന്തോസിലെ സഭയ്ക്ക് എഴുതുന്നു: "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്' (1 കോറി. 11:26). വി. കുർബ്ബാന യിലെ പാനപാത്രം നിത്യജീവന്റെ പ്രതീകമാണ്.

ക്രിസ്ത്യൻ ചിത്രകലയിൽ അപ്പവും പാനപാത്രവും മെൽക്കി സദേക്കിന്റെ അപ്പവും വീഞ്ഞും കൊണ്ടുള്ള (ഉൽ, 14:18) അർപ്പണത്തെ അനുസ്മരിപ്പിക്കുന്നു. യഹൂദമതത്തിൽ നിന്നും ക്രിസ്തുമതത്തെ വേർതിരിക്കുന്നതിന് നിയുക്തമായ രണ്ട് അടയാളങ്ങളായിരുന്നു കുരിശും പാനപാത്രവും

തുടരും..

( പ്രതീകങ്ങളെ കുറിച്ചുള്ള പഠനങ്ങൾക്ക് ബൈബിൾ പ്രതീകങ്ങൾ എന്ന പുസ്തകം ലഭ്യമാണ് )



ഹെർഗോ
പഠന പരമ്പര

# വിശുദ്ധ കൂദാശകൾ

തുടർ പഠനം
6



**വിശുദ്ധ മാമോദീസായെ കുറിച്ചുള്ള സംശയങ്ങളുടെ വിശദീകരണം വിശുദ്ധ വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞ ലക്കങ്ങളിൽ നാം ശ്രമിക്കുകയായിരുന്നു.**

പ്രായമായവർ ക്രൈസ്തവ സഭയിൽ പ്രവേശിക്കുമ്പോൾ അവർക്ക് കൊടുക്കുന്ന സ്നാനത്തെ പ്രായമുള്ളവരുടെ സ്നാനമെന്നും; ശിശുക്കളെ മാതാപിതാക്കൾ സ്നാനത്തിനായി കൊണ്ടുവരുമ്പോൾ ശിശുക്കൾക്ക് കൊടുക്കുന്ന സ്നാനത്തെ ശിശുസ്നാനമെന്നും പറയാമെങ്കിലും വിശുദ്ധ ബൈബിളിലോ പാരമ്പര്യങ്ങളിലൊ ഇപ്രകാരമുള്ള വേർതിരുവുകൾ ഒന്നുമില്ല. 'വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും.
(മർക്കോസ് 16 : 16) മുതിർന്നവർക്ക് നൽകുന്ന സ്നാനം മാത്രമാണ് ശരിയായിട്ടുള്ളതെന്ന് പറയുന്നവർ തെറ്റായി വ്യാഖ്യാനിക്കുന്ന വേദവാക്യങ്ങളിൽ പ്രധാനമായിട്ടുള്ളത് ഇതാണ്. എന്നാൽ, ശ്ലീഹന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി സുവിശേഷം പ്രസംഗിച്ച്, യേശുക്രിസ്തുവിൽ വിശ്വസിച്ചവരെയാണ് അവർ സ്നാനപ്പെടുത്തി സഭയോടു ചേർത്തത്. അവരിൽ ക്രിസ്ത്യാനികളായവരുടെ മക്കൾ അടുത്ത തലമുറയിൽ ഉണ്ടായി. അവരെ അക്രൈസ്തവരായി വളർത്തി പ്രായപൂർത്തിയായിട്ട് സ്നാനം നൽകിയാൽ മതി എന്നതിനും ആധാരമായി മർക്കോസ് 16:16 വാക്യത്തെ വ്യാഖ്യാനിക്കുന്നത് ശരിയല്ല. തുടർന്നുള്ള വേദവാക്യം കൂടി വായിക്കുവാൻ ഇനിയും ഇത് പോലെ വ്യാഖ്യാനിക്കുന്നവരോട് പറയുവാൻ നമ്മുക്ക് കഴിയണം. 'വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും: അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കൈയിലെടുക്കും. മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും.' (മർക്കോസ് 16 : 17-18). പ്രേഷിത ദൗത്യമായി യേശുക്രിസ്തു അപ്പോസ്തോലന്മാരോട് നിർദ്ദേശിക്കുന്നത് ഇങ്ങനെയാണ്, 'ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും

പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ' (മത്തായി 28 : 19-20). 'എല്ലാ ജനതകളെയും' എന്നാണ് കർത്താവിന്റെ ആഹ്വാനം.
ശിശുക്കളെയൊ മാറ്റാരെയെങ്കിലുമോ അകറ്റി നിർത്താൻ കർത്താവ് പറഞ്ഞിട്ടില്ല. ഇതാണു നാം ചെയ്യുന്നത്. സ്നാനം ലഭിച്ച ശിശുവിനെ



ഭവനത്തിൽ ക്രിസ്തീയമായി നാം വളർത്തുന്നു; മത പഠനത്തിനു അയയ്ക്കുന്നു, വിശുദ്ധ ആരാധനയിലൂടെയും തിരുവചന പഠനത്തിലൂടെയും അവൻ/അവൾ കർതൃകല്പനകളെല്ലാം പഠിക്കുന്നു. ഓരോ കുർബാനയിലും ഓരോ പ്രാവശ്യം വിശ്വാസപ്രമാണം ചൊല്ലുമ്പോഴും യേശുക്രിസ്തുവിൻറെ രക്തത്തിലൂടെ തനിക്കു കൈവന്ന രക്ഷ വിശ്വാസി പ്രഘോഷിക്കുന്നു.

## ശിശുക്കൾക്ക് സ്വന്തമായി വിശ്വാസം ഏറ്റുപറയുവാൻ കഴിയുമോ?

ശിശുക്കൾക്കു സ്വന്തമായി വിശ്വാസം ഏറുപറയാൻ സാധിക്കുന്നില്ലെങ്കിലും അതിനു കഴിവുള്ള മാതാപിതാക്കൾ, ബന്ധുജനങ്ങൾ തുടങ്ങി ദൈവത്തിൻറെ സഭയിലെ വിശ്വാസികളുടെ സമൂഹം യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു വിശ്വാസികളുടെ സമൂഹത്തിലേക്കു ശിശുക്കളെ സ്വീകരി ക്കുന്നു. അതാണു ശിശുക്കൾക്കു മാമോദീസാ നൽകുമ്പോൾ സഭ ചെയ്യുന്നത്. നാം
പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ഉള്ള വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് ശിശുവിനെ വിശ്വാസികളുടെ സഭയിൽ ചേർക്കുന്നു. കർത്താവിലുള്ള വിശ്വാസത്തിൽ വളർത്തിക്കൊള്ളാമെന്നും സഭയിൽ വാഗ്ദാനം ചെയ്യുന്നു. ശിശുക്കൾ വളർന്നുവരുന്നതിനു അനുസരിച്ച് ക്രിസ്തുവിൽ അവരെ - വളർത്തുന്നു. അവരെ ക്രിസ്തീയാനുഭവത്തിൽ എത്തിക്കുന്നു: 'ശിഷ്യപ്പെടുത്തി സ്നാനപ്പെടുത്തി, കർതൃകല്പനകളെല്ലാം അനുസരിക്കാൻ പഠിപ്പിക്കുന്നു'', അക്രൈസ്തവരായി മുപ്പതുവയസ്സുവരെ ജീവിക്കാൻ നാം വിടുന്നില്ല. ക്രൈസ്തവ സമൂഹം പരസ്പരം ബന്ധിതമാണ്. മരണത്തിനപ്പുറത്ത് നിത്യതയിലേക്കു നീണ്ടുപോകുന്നതാണത്. ഇവിടുത്തെ താല്കാലിക കൂടാര വാസത്തിനുശേഷം സ്വർഗത്തിൽ നിത്യസൗഭാഗ്യത്തിലേക്ക് ഈ ബന്ധം തുടരുന്നു. അതുകൊണ്ട് ഒരു വ്യക്തിക്കുവേണ്ടി വേറൊരു വ്യക്തിക്കു വിശ്വാസം ഏറ്റുപറയാൻ സാധിക്കും. കാരണം, നാം ഒന്നാണ്. മാമോദീസ വഴിയായി വിശ്വാസികൾ യേശുക്രിസ്തുവുമായി ഒട്ടിക്കപ്പെട്ടിരിക്കുന്നു. 'ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു.' (യോഹ 15:15).

കർത്താവ് രോഗശാന്തി നൽകിയപ്പോഴൊക്കെ 'മനുഷ്യപുത്രനു ഇതു ചെയ്യാൻ കഴിവുണ്ടെന്നു നീ വിശ്വസിക്കുന്നുവോ?? എന്നു ചോദിക്കുന്നതായി നാം വായിക്കുന്നു. 'കർത്താവേ, ഞാൻ : വിശ്വസിക്കുന്നു' എന്ന് ഏറ്റുപറയുമ്പോൾ 'നിൻറെ വിശ്വാസംപോലെ നിനക്കു ഭവിക്കട്ടെ' എന്നു കല്പിച്ചുകൊണ്ടു യേശുക്രിസ്തു രോഗശാന്തി നൽകുന്നു. സ്വന്തമായി സംസാരിക്കാൻ കഴിവില്ലാത്തവർക്കു വേണ്ടി മററുള്ളവർ വിശ്വാസം ഏറ്റുപറഞ്ഞതും ക്രിസ്തു സൗഖ്യം നൽകിയതും നാം കാണുന്നുണ്ട്. തളർവാതരോഗിയെ യേശു സൗഖ്യമാക്കിയത് ഉദാഹരണമാണ്: 'യേശു അവരുടെ വിശ്വാസം കണ്ട് തളർവാതരോഗിയോടു, "മകനേ, നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞു (മർക്കോ 2:5). അതുപോലെ ശതാധിപന്റെ ഭൃത്യൻ സുഖമാകുന്നത് ശതാധിപൻെറ വിശ്വാസം കൊണ്ടാണ് (മത്താ. 8:13). പിന്നെ യേശു ശതാധിപനോടു പറഞ്ഞു: 'പോകുക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ'. പിശാച് ബാധിതനായ ബാലൻ സൗഖ്യം പ്രാപിക്കുന്നത് അവന്റെ പിതാവിന്റെ വിശ്വാസം നിമിത്തമാണ് (മക്കോ. 9:24) 'ഞാൻ വിശ്വസിക്കുന്നു'. അതുപോലെ മരിച്ച കുട്ടിയെ എഴുന്നേല്പിച്ചത് (മക്കോ. 5:41) യായീറോസിന്റെ വിശ്വാസം കൊണ്ടാണ്.

പ്രിയപ്പെട്ടവരുടെ വിശ്വാസം അവർ ആക്കുവേണ്ടി നില കൊള്ളുന്നുവോ അവരെ വിശുദ്ധീകരിക്കും എന്ന് തിരുലിഖിതം പഠിപ്പിക്കുന്നു: 1 കൊറി. 7:12-15: 'അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖേനയും, അവിശ്വാസിയായ ഭാര്യ ഭർത്താവു മുഖേനയും വിശുദ്ധീകരിക്കപ്പെടുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധരാകുമായിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ അവർ വിശുദ്ധരത്രേ' (7:14). വിശ്വാസികളായ മാതാപിതാക്കളുടെ വിശ്വാസം നിശ്ചയമായും തങ്ങളിൽനിന്നു ജനിച്ച ശിശുവിനെ വിശുദ്ധീകരിക്കുകയും രക്ഷിക്കുകയും ചെയ്യുമെന്ന് ഈ ഭാഗത്തിൽ നിന്നും
ന്യായമായി ഊഹിക്കാം. മാതാപിതാക്കൾക്കും നിശ്ചയമായും ശിശുക്കളുടെ മേൽ അധികാരമുണ്ട് . മക്കളെ ലോകത്തിലേക്കു ജനിപ്പിക്കുക മാത്രമല്ല മാതാപിതാക്കളുടെ കടമ. ദൈവരാജ്യത്തിലേക്കും യേശുക്രിസ്തുവിലേക്കും നിത്യജീവനിലേക്കും ജനിപ്പിക്കാനുള്ള കടമയും അവർക്കുണ്ട്. 'ശിശുക്കൾ എന്റെയടുത്തു വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ, ദൈവരാജ്യം അവരെപ്പോലുള്ളവരുടേതാണ്.
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല' (മർക്കോസ് 10 : 14-15) ശിശുസ്താനത്തിനുള്ള ഒരാഹ്വാനമായി ഇതിനെ പുരാതനസഭ കണക്കാക്കിയിരുന്നു




പി.എം.എസ്സ് സ്റ്റാഫ് സഹകരണ സംഘം ഏർപ്പെടുത്തിയ "മാനവസേവാ"പുരസ്കാരം അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാക്ക് നൽകി ആദരിച്ചു



(ഭാഗം 11)

# മലങ്കര സഭാ ചരിത്രം



ബിനു തോമസ്

## കൂനൻ കുരിശ് സത്യം

കേരളസഭാ ചരിത്രത്തിലെ നിർണായകമായതും ഇന്നും കെട്ടടങ്ങിയിട്ടില്ലാത്ത ബൗദ്ധിക വാദ പ്രതിവാദങ്ങൾക്ക് കാരണവുമായ സംഭവമാണ് കൂനൻ കുരിശ് സത്യം. ലോകയുദ്ധങ്ങളുടെ കാര്യത്തിൽ ചരിത്രകാരന്മാർ വിശകലനം ചെയ്യുമ്പോലെ പെട്ടെന്നുള്ള ഒരു കാരണവും കാലങ്ങളായി രൂപപ്പെട്ട ഒരു മൂല കാരണവും കൂനൻ കുരിശ് സത്യത്തിന് പിന്നിലുമുണ്ട്.

മൂലകാരണത്തെക്കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ നാം ചർച്ച ചെയ്തു വരികയായിരുന്നു. 1498ൽ കേരള തീരത്തെത്തിയ പോർച്ചുഗീസുകാർ ആദ്യത്തെ 50 വർഷത്തോളം തദ്ദേശ ക്രൈസ്തവരിൽ വിശ്വാസവിപരീതം കണ്ടില്ല പതിനാറാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പാദ്രുവാദോ അധികാരം പോർട്ടുഗൽ രാജ്യത്തിന്
മാർപാപ്പ നൽകുകയും 1545 മുതൽ 1563 വരെ നടന്ന തെന്ത്രോസ് സുനഹദോസ് പ്രതി നവീകരണ (counter reformation)നടപടികൾ ആരംഭിക്കുകയും ചെയ്തതോടെയാണ് ഗോവ കേന്ദ്രീകൃതമായി രൂപപ്പെട്ട പോർച്ചുഗീസ് ആധിപത്യം കേരള ക്രൈസ്തവരിൽ പാഷാണ്ഡതയടക്കം സകല കുഴപ്പങ്ങളും ദർശിക്കാൻ തുടങ്ങിയത് ആരംഭ കാലത്ത് തങ്ങളുടെ കച്ചവടത്തിന് സഹായകമായി നിലനിന്ന ഒരു വർത്തക സമൂഹം തദ്ദേശീയ ഭരണകർത്താക്കൾക്കും തങ്ങൾക്കും ഇടയിൽ വിശ്വാസ്യത വളർത്തുന്നതിന് സഹായിക്കുന്ന അന്നത്തെ സാമൂഹികദായ ക്രമത്തിൽ മാന്യമായ സ്ഥാനങ്ങളുള്ള ഒരു സമുദായം എന്ന നിലയിൽ പരസ്പര ബഹുമാനത്തോടെ നസ്രാണികളെ കണ്ട പോർട്ടുഗീസുകാർ മേൽപ്പറഞ്ഞ യൂറോപ്യൻ സാഹചര്യങ്ങളിൽ ആണ് ചുവടുമാറിയത്. കൊച്ചി രാജാവുമായുണ്ടായ ബന്ധം കൂടുതൽ ദൃഢമായതോടെ നസ്രാണികൾക്കു മേൽ കടന്നു കയറാൻ അവർക്ക് സാഹചര്യം ഒരുങ്ങി.

കേരള നസ്രാണികളുടെ മേലധ്യക്ഷ സ്ഥാനത്തേക്ക് ബാബിലോൺ പാത്രിയർകീസിനാൽ നിയമിതരായി എത്തുകയായിരുന്ന മെത്രാന്മാരെ വേട്ടയാടുക അവരുടെ കേരള പ്രവേശം തടസ്സപ്പെടുത്തുക അവരെ
നെസ്തോറിയന്മാർ എന്ന് മുദ്ര കുത്തുക ഇവയായിരുന്നു ആദിമക്രിയകൾ ശേഷം അവരുടെ അധികാരങ്ങൾ കവർന്നെടുക്കുക അവരെ തടവിലാക്കുക തുടങ്ങിയ തലത്തിലേക്ക് അത് വളർന്നു 1552-ൽ ബാബിലോൺ സുറിയാനി സഭ

മാർപാപ്പയുമായി ഐക്യപ്പെടുകയും പാത്രിയർക്കീസ് യോഹന്നാൻ സുലാക്ക കൽദായ കത്തോലിക്ക സഭയുടെ ഒന്നാം പാത്രിയർക്കീസ് ആകുകയും ചെയ്ത ശേഷം മാർപാപ്പായിൽ നിന്നും

പാത്രിയർക്കീസിനു ലഭിച്ച അധികാര പത്രത്തിൽ പൗരസ്ത്യ സുറിയാനി സഭയിൽ നിക്ഷിപ്തമായിരുന്ന ഇന്ത്യൻ സഭയുടെ മേലാധ്യക്ഷത്തം.

മാർപാപ്പ രേഖാമൂലം നിലനിർത്തി കൊടുക്കുകയും ചെയ്ത ശേഷമായിരുന്നു ഉദയംപേരൂർ സുനഹദോസ് ഉൾപ്പെടെ എല്ലാം പോർച്ചുഗൽ വിദ്വാന്മാർ നടത്തിക്കൂട്ടിയത് എന്നതാണ് ഏറ്റവും വലിയ വിരോധാഭാസം ഉദയംപേരൂർ, ഫ്രാൻസിസ് റോസ്, ബ്രിട്ടോ, ഗാർസിയ കാലങ്ങളിൽ ലത്തീനികരിക്കപ്പെട്ട് സ്വയംഭരണം,സ്വന്തം ആരാധനക്രമം,വൈദിക പാരമ്പര്യം, ആരാധന ഭാഷ എല്ലാം നഷ്ടപ്പെട്ട് അടിമത്തത്തിലായ ഇവിടുത്തെ സഭയുടെ സ്വാഭിക പ്രതികരണവും പ്രതിഷേധവുമായിരുന്നു കൂനൻ കുരിശ് സത്യം. ഗോവൻ ആർച്ച് ബിഷപ്പിന്റെയും ,ജെസ്യൂട്ട്, അഗസ്തീനിയൻ, ഡോമിനിക്കൻ, ഫ്രാൻസിസ്കൻ മിഷനറിമാരുടെയും കടന്നു കയറ്റം അങ്കമാലിയുടെ പതനം, പള്ളി യോഗത്തിന്റെയും അർക്കാദിയോക്കന്റെയും അധികാരത്തിൻ മേലുള്ള അധിനിവേശം ഇവ അതിന്റെ പാരമ്യത്തിൽ നിൽക്കെ കൂനൻ കുരിശ് പോലുള്ള ഒരു പ്രക്ഷോഭം ഉണ്ടാകാൻ ഒരു അടിയന്തര കാരണം എത്തി.

### അഹത്തള്ള മെത്രാൻ (ബാവ)യുടെ ആഗമനം

1652 കാലത്ത് ഒരു പൗരസ്ത്യ മെത്രാൻ ഗുജറാത്തിലെ സൂറത്തിലെത്തി അവിടെ നിന്നു മൈലാപ്പൂരിലേക്കും വന്നു.അവിടെയെത്തിയ മലങ്കര നിന്നുള്ള ഡീക്കന്മാർ വശം അദ്ദേഹം ഒരു കത്ത് മലങ്കരയിലേക്ക് കൊടുത്തയച്ചു നസ്രാണികൾ സുറിയാനി മെത്രാനായി എല്ലാ വാതിലുകളിലും മുട്ടിക്കൊണ്ടിരിക്കുന്ന കാലമായിരുന്നു എന്ന് ഓർക്കണം. അവർ ആവേശഭരിതരായി പതിനായിരക്കണക്കിന് സുറിയാനിക്കാർ അദ്ദേഹത്തെ സ്വീകരിക്കാനായി കൊച്ചിയിൽ തടിച്ചുകൂടി എന്നാൽ പോർച്ചുഗീസ് നേതൃത്വം അദ്ദേഹത്തെ കൊച്ചിയിൽ ഇറങ്ങുന്നതിനോ അർക്കാദിയോക്കനേയും സംഘത്തെയും അഹത്തള്ളായെ കപ്പലിൽ പോയി കാണുന്നതിനോ സമ്മതിച്ചില്ല.സുറിയാനികാർക്ക് ഒരു പൗരസ്ത്യ മെത്രാനെ ലഭിച്ചാൽ കഴിഞ്ഞ 100 കൊല്ലം കൊണ്ട് തങ്ങൾ ചെയ്ത അധ്വാനം വ്യഥാവിൽ ആകുമെന്ന് പാശ്ചാത്യർക്ക് അറിയാമായിരുന്നു.ഗാർസ്യ മെത്രാൻ സ്വീകരിച്ച ഈ കടുത്ത നടപടി ജനസഞ്ചയത്തെ ഒരു പ്രക്ഷോഭത്തിന് പരുവപ്പെടുത്തി.അഹത്തള്ളായെ പോർട്ടുഗൽകാർ കടലിൽ കെട്ടി താഴ്ത്തി എന്ന ഒരു ശ്രുതി പ്രചരിച്ചു രോഷാകുലരായ ജനക്കൂട്ടം മട്ടാഞ്ചേരിയിലെ ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളിക്ക് സമീപം കൂടിചേർന്നു.

മട്ടാഞ്ചേരിയിലെ പ്രസിദ്ധമായ കൂനൻ കുരിശിൽ ഒരു ആലാത്ത് കെട്ടി ജെസ്യൂട്ട് വൈദികർക്കും ഗോവ ആർച്ച് ബിഷപ്പിനും പോർച്ചുഗീസ് മേൽക്കോയ്മക്കും തങ്ങളുടെ സന്തതി പരമ്പരയുള്ള കാലം വരെ കീഴ്പ്പെടില്ല എന്ന് പ്രതിജ്ഞ ചെയ്തു.

അഹത്തള്ളയുടെ കത്തിലെ വരികളും കൂനൻ കുരിശ് സത്യത്തിലെ പ്രതിജ്ഞാ വാചകവും കേരള ക്രിസ്ത്യാനികൾ പിന്നീടുണ്ടായ തങ്ങളുടെ പിളർപ്പുകളുടെ ചുവടുപിടിച്ച് തർക്കവിഷയം ആക്കുന്നത് നമുക്ക് ഇന്നും കാണാം.

രാഷ്ട്രീയമായി ചിന്തിച്ചാൽ കൊളോണിയൽ അധിനിവേശത്തിനെതിരെ ഭാരതത്തിലെ ആദ്യ വിപ്ലവവും പ്രതിഷേധവും ആണ് കൂനൻകുരിശ് സത്യം. സാംസ്കാരികവും സ്വത്വപരവുമായ കാരണങ്ങളാൽ നടന്ന ഒരു സാമൂഹിക പ്രഖ്യാപനമായും കൂനൻ കുരിശ് സത്യത്തെ കാണാം.

കൂനൻകുരിശ് സത്യം

കേരള നസ്രാണികളെ ഭിന്നിപ്പിച്ച ആദ്യ സംഭവം അഥവാ ഭിന്നതകളുടെ ആദ്യപടി എന്ന ഒരു കാഴ്ചപ്പാട് നമുക്കിടയിൽ വളർത്തപ്പെട്ടിട്ടുണ്ട്. ഇത് തികച്ചും തെറ്റാണ് ഏകയോഗം ആയിരുന്ന മലങ്കര സഭയെ ഭിന്നിപ്പിച്ച് അതിന്റെ സ്വത്വം നശിപ്പിച്ച് അതിനെ പാശ്ചാത്യ സഭയുടെ ഒരു അതിരൂപത(ദ്ദ്വീശിരല) മാത്രമാക്കാൻ ശ്രമിച്ച വിദേശികളാണ് ഭിന്നത സൃഷ്ടിച്ചത് ഇതിനെതിരെ സംഘടിച്ച നസ്രാണികൾ ഒറ്റക്കെട്ടായി എടുത്ത തീരുമാനമാണ് കൂനൻ കുരിശ് സത്യം. കൂനൻ കുരിശിൽ കേരളസഭ ഒറ്റക്കെട്ടായി വൈദേശിക ആധിപത്യം ഉപേക്ഷിച്ചു. ഭിന്നതയുടെ ചരിത്രം പിന്നീടാണ് അത് നമുക്ക് തുടർലക്കങ്ങളിൽ ചർച്ചചെയ്യാം



# മഹത്വത്തിന്റെ കെരൂബുകൾ വസിക്കുന്നിടം



**ജോസഫ് ജോർജ്ജ്**
മൂവാറ്റുപുഴ ഭദ്രാസനം.

മലങ്കര സുറിയാനി സഭകളുടെ ആരാധന ക്രമ വത്സരം ആരംഭിക്കുന്നത് സൂബോറൊ (വചനിപ്പ്) കാലത്തോട് കൂടിയാണ്. ഈ കാലത്തിന്റെ രണ്ടാമത്തെ ഞായറാഴ്ച സഭ ഹൂദോസ് ഈത്തോ ഞായർ (സഭയുടെ നവീകരണം) ആയി ആചരിക്കുന്നു. അന്നേ ദിവസം വായിക്കുന്ന വിശുദ്ധ വേദഭാഗമാണ് ഹെബ്രായർ 9:1-14. ഇതിൽ അഞ്ചാം വാക്യത്തിൽ ഇപ്രകാരം പറയുന്നു. □പേടകത്തിന് മീതെ കൃപാസനത്തിൻ മേൽ നിഴൽ വീഴ്ത്തിയിരുന്ന മഹത്വത്തിന്റെ കെരൂബുകൾ ഉണ്ടായിരുന്നു□. ആരാണ് കെരൂബുകൾ? മാലാഖാ വൃന്ദത്തിൽ സ്രോപ്പേന്മാർ കഴിഞ്ഞാൽ രണ്ടാം സ്ഥാനം അലങ്കരിക്കുന്ന മാലാഖകളാണ് കെരൂബുകൾ അഥവാ ക്രോബകൾ. ആദാമിനെയും ഹവ്വായെയും ജീവവൃക്ഷത്തിലേക്ക് വരുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ അവിടെ സജ്ജീകരിച്ചിരിക്കുന്ന മാലാഖാമാരുടെ ഗണങ്ങളാണ് കെരൂബുകൾ എന്ന് കരുതുന്നു. അതിന്റെ തെളിവായെന്നോണം കൃംതായുടെ സന്ധ്യാ നമസ്കാരത്തിൽ നാം ഇപ്രകാരം പാടുന്നു.

"ക്രോബകൾ ജീവമരത്തോട്ടം
കാത്തീറയർ മിശിഹ കബറും
പള്ളികൾ ദയറാകളുമിന്നീ-
യുത്ഥാനം കൊണ്ടാടുന്നു.."

എസെക്കിയേൽ പ്രവാചകന്റെ പുസ്തകം പത്താം അദ്ധ്യായത്തിൽ 1 മുതൽ 22 വരെയുള്ള വാക്യങ്ങളിൽ കെരൂബുകളെ കുറിച്ചും കർത്താവിന്റെ മഹത്വം ദേവാലയം വിടുന്നതിനെ കുറിച്ചും വളരെ വ്യക്തമായി വിവരിക്കുന്നുണ്ട്. അപ്രകാരം കർത്താവിന്റെ മഹത്വം ദേവാലയം വിടുമ്പോളാണ് യേശു ചാട്ട വാർ എടുത്ത് കാള, ആട്, പ്രാവ് എന്നിവ വിറ്റിരുന്നവരെയും നാണയ മാറ്റക്കാരെയും

ജെറുസലേം ദേവാലയത്തിൽ നിന്നും അടിച്ച് പുറത്താക്കുന്നത്. പ്രസ്തുത വേദ ഭാഗമായ യോഹന്നാൻ 2:13–22 (യേശു ദേവാലയം ശുദ്ധീകരിക്കുന്നു) എന്ന സുവിശേഷ ഭാഗമാണ് ഹൂദോസ് ഈത്തോ ഞായറാഴ്ച വിശുദ്ധ കുർബ്ബാന മദ്ധ്യേ വായിക്കുന്നത്.

മഹത്വത്തിന്റെ കെരൂബുകൾ വസിക്കുന്ന ഇടമാണ് പരിശുദ്ധ ദേവാലയം. അവിടെ സ്ഥിതി ചെയ്യുന്ന പരിശുദ്ധ ബലിപീഠത്തിൽ കർത്താവിന്റെ പ്രതീകമായ ലോഹ കുരിശ്, പരിശുദ്ധ റൂഹായുടെ പ്രതീകമായ പരിശുദ്ധ മൂറോൻ, പൗരോഹിത്യത്തിന്റെയും, വിശ്വാസ സമൂഹത്തിന്റെയും പ്രതീകമായ കുന്തിരിക്കം, പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പ്രതീകമായ പന്ത്രണ്ട് കല്ലുകൾ എന്നിവയുണ്ട്. കല്ലിട്ട് കഴിഞ്ഞാൽ ബലിപീഠത്തിന് ജീവൻ വയ്ക്കും. □ജോഷ്വ ഈ വാക്കുകൾ കർത്താവിന്റെ നിയമഗ്രന്ഥത്തിൽ എഴുതി. അവൻ വലിയ ഒരു കല്ലെടുത്ത് കർത്താവിന്റെ കൂടാരത്തിനു സമീപത്തുള്ള ഓക്കുമരത്തിന്റെ ചുവട്ടിൽ സ്ഥാപിച്ചു. ജോഷ്വ ജനത്തോടു പറഞ്ഞു: ഈ കല്ലു നമുക്കു സാക്ഷിയായിരിക്കട്ടെ. കർത്താവ് നമ്മോട് അരുളിച്ചെയ്ത എല്ലാ വചനങ്ങളും ഇതു ശ്രവിച്ചിട്ടുണ്ട്.
അതിനാൽ, നിങ്ങളുടെ ദൈവത്തോട് അവിശ്വസ്തമായി വർത്തിക്കാതിരിക്കുന്നതിന് ഇതു നിങ്ങൾക്ക് സാക്ഷിയായിരിക്കട്ടെ! ജോഷ്വ (24 : 2627). നമ്മുടെ ആരാധനകൾ എല്ലാം വേദ പുസ്താകാധിഷ്ഠതമാണെങ്കിൽ, കർത്താവ് നമ്മോട് അരുളിച്ചെയ്ത എല്ലാ വചനങ്ങളും സാക്ഷ്യ കൂടാരത്തിൽ സ്ഥാപിച്ചിരിക്കുന്ന കല്ല് അതായത് പാപ പരിഹാരം ചെയ്യുന്ന കർത്താവിന്റെ പരിശുദ്ധ ബലിപീഠം ശ്രവിച്ചിട്ടുണ്ടെങ്കിൽ, ആ വിശുദ്ധ സ്ഥലത്ത് ആരാധനകൾ അല്ലാതെ വേറൊരു ക്രയ വിക്രയങ്ങളും പാടില്ലാത്തതാകുന്നു.

മരണാനന്തര ജീവിതത്തിൽ പറുദീസായുടെ അവകാശികളായിത്തീരാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രിസ്തീയ വിശ്വാസിയും. അതിന് സ്വാഗതമാർക്കുന്നവരാണ് ക്രോബേകൾ. മലങ്കര സുറിയാനി സഭകളുടെ ശവസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് കുഴി മൂടുമ്പോൾ സൂഗിസോയിൽ ഇപ്രകാരം ആലപിക്കുന്നു.

ക്രോബകളാർക്കും- സ്രാപ്പികൾ കുഴലൂതും...
പറുദീസ തൻ-അവകാശി വരിക.


ഭൂമിയിലെ സഭയുടെ അസ്ഥിരമായ അവസ്ഥയെയും ദൈവത്വത്തിന്റെ പൂർണത ശാരീരികമായി വസിച്ചിരുന്ന കർത്താവായ യേശുക്രിസ്തുവിന്റെ മാനുഷിക സ്വഭാവത്തെയും നിഴലിക്കുന്ന ഇടമാണ് പരിശുദ്ധ ദേവാലയം. ഇവിടെയും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നു; വാഴ്ത്തപ്പെട്ട ദൈവത്തിന്റെ മഹത്തായ സുവിശേഷം ഉൾക്കൊള്ളുന്ന മഹത്ത്വങ്ങൾ നിറഞ്ഞവയാണ്.

**ക്രൂബേർ സ്രോപ്പേന്മാർ...**
**നരപ്രിയമെഴും നിൻ തിരുനാമം നമിച്ചീടുന്നു...**
**ആ മാലാഖാ ഗണമൊടു ചേർന്നടിയാർ...**
**വീണു സാഷ്ടാംഗം അർപ്പിക്കുന്നു തേ സ്തോത്രം...**

(യൽദോ നമസ്കാരം രാത്രി പ്രാർത്ഥനയിലെ കോലോ)



www.manivilaku.com








റവ. ഡോ. വർഗീസ് പാലത്തിങ്കൽ
കാനൻ നിയമ പ്രൊഫസർ, പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ്, കോട്ടയം


# സ്ഥാനമഹിമയും സഭാത്മക മാനവും

സഭയിൽ കർദിനാൾമാരെ തിരഞ്ഞെടുക്കുന്നതിന്റെയും സഭാപ്രാതിനിധ്യങ്ങൾ ഉൾപ്പെടുത്തുന്നതിതിന്റെയും മാനദണ്ഡങ്ങളെകുറിച്ച് സഭാനിയമ പണ്ഡിതൻ

ബാഹ്യസഭാസമൂഹങ്ങളിൽനിന്ന് വന്ന് റോമിലെ സഭാസമൂഹത്തോട് സംയോജിച്ച് അംഗത്വം സ്വീകരിച്ച(incardination) വൈ ദികരാണ് ആദിമനൂറ്റാണ്ടുകളിൽ മാർപാപ്പയെ തിരഞ്ഞെടുത്തിരുന്നത്. 1996 ഫെബ്രുവരി 22-ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ "ഊനിവേർസി ദൊമി നിച്ചി ഗ്രേജിസ്" (UniversiDominici Gregis) എന്ന പേ രിൽ പ്രസിദ്ധീകരിച്ച വത്തിക്കാൻ രേഖപ്രകാരം കർദി നാൾമാർ റോമിലെ മെത്രാനെ തിരഞ്ഞെടുക്കുന്നു. ചരിത്രപരമായി, റോമാസിംഹാസനത്തിന്റെ പ്രാമു ഖ്യം പരിഗണിച്ച്, പാപ്പാസ്ഥാനം കൂട്ടിച്ചേർക്കപ്പെടു കയായിരുന്നു.

### ചരിത്രപശ്ചാത്തലം

നിക്കൊളാസ് രണ്ടാമൻ പാപ്പ 1079-ൽ ഒരു ഡിക്രി വഴി സഭയിൽ മൂന്ന് ഗണത്തിലുള്ള കർദിനാൾമാരു ണ്ടെന്ന് സ്ഥാപിച്ചു. മെത്രാൻ ഗണം, വൈദികഗണം, ഡീക്കൻഗണം. പരമ്പരാഗതമായി ഈ മൂന്ന് ഗണങ്ങ മുൾക്കൊള്ളുന്ന

കർദിനാൾ സംഘം മാർപാപ്പയെ തിരഞ്ഞെടുത്താൽ, മറ്റു വൈദികരും വിശ്വാസിസമൂ ഹവും തിരഞ്ഞെടുപ്പ് സ്ഥിരീകരിക്കണമായിരു ന്നു. എന്നാൽ, 1179-ലെ മൂന്നാം ലാറ്ററൻ കൗൺ സിലിന്റെ തീരുമാനപ്രകാരം കർദിനാൾ സംഘം ക്രമപ്രകാരം തിരഞ്ഞെടുപ്പ് നടത്തിയാൽ മറ്റാരുടെയും സ്ഥിരീകരണം ആവശ്യമായിരുന്നില്ല. സിക്സ്റ്റസ് അഞ്ചാമൻ പാപ്പ് കർദിനാൾമാരുടെ എണ്ണം പരമാവധി എഴുപതായിനിജപ്പെടുത്തി. ജോൺ ഇരുപത്തി മൂന്നാമൻ, പോൾ ആറാമൻ എന്നീ മാർ പാപ്പമാർ കോൺക്ലേവിൽ പ്രവേശിച്ച് വോട്ട് ചെയ്യാൻ അർഹരായവരുടെ എണ്ണം നൂറ്റി ഇരുപതായി വർധിപ്പിച്ചു. 1991 ജൂൺ 29-ന് പോൾ ആറാമൻ പാപ്പ വിളിച്ചു ചേർത്ത കൺസിസ്റ്ററിയിലാണ് ഏറ്റവും കൂടുതൽ കർദിനാൾ മാർ 152 പേർ- അതിൽ കോൺക്ലേവിൽ പങ്കെടുക്കാൻ യോഗ്യരായവർ 120 പേർ മാത്രം. 1988 ജൂൺ 28-ന് നിലവിൽ വന്ന 'പത്താർ ബോനുസ് (Pastor Bonus, no. 24) എന്ന വത്തിക്കാൻ രേഖപ്രകാരം മാർപാപ്പ കർദിനാൾ സംഘത്തിൽനിന്ന് അഞ്ചു വർഷക്കാലത്തേക്ക്, ഒരു പതിനഞ്ചംഗ സമിതിയെ ഉപദേശക സമിതിയായി തെരഞ്ഞെടുക്കാൻ നിശ്ചയമുണ്ട്. ഫ്രാൻസിസ് പാപ്പ തന്റെ സ്ഥാനാരോഹണത്തിന്റെ ആദ്യനാളുകളിൽ തന്നെ, 2013 സെപ്തംബർ 28-ന് ഒമ്പതംഗസമിതിയെ കർദിനാൾ സംഘത്തിൽനിന്ന് തിരഞ്ഞെടുക്കുകയുണ്ടായി. പത്രാസിന്റെ പിൻഗാമിയുടെ അജപാലന ശുശ്രൂഷ നിർവഹിക്കാൻ, അതായത്, സാർവത്രിക സഭാഭരണത്തിൽ സഹായിക്കുക, റോമൻ കൂരിയായെ പ്രതിപാദിക്കുന്ന 'പാർ ബോറൂസ്' എന്ന അപ്പസ് തോലിക് കോൺസ്റ്റിറ്റ്യൂഷൻ പരിഷ്കരിക്കുന്നതിന് സമഗ്രവും വിശദവുമായ പഠനം നടത്തുക എന്നിവ യാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. ബോംബെ അതിരൂപതാ ധ്യക്ഷനായ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസും ഈ ഒമ്പതംഗകൗൺസിലിൽ അംഗമാണ്.

മധ്യയുഗത്തിൽ റോമൻ സഭയുടെ ഭരണത്തിൽ സഹായിക്കുന്ന കർദിനാൾ സംഘത്തെ 'പാപ്പയുടെ സത്തയുടെഭാഗ' (Pars Corporis Papae)മായി കണ ക്കാക്കിയിരുന്നു. കർദിനാൾ സംഘം അപ്പസ്തോലിക കോളജിന്റെ തുടർച്ച മാത്രമല്ല, റോമ, പേപ്പൽ സ്റ്റേറ്റുകൾ, സാർവത്രിക സഭ എന്നിവയുടെ ഭരണ സമിതിയായ റോമൻ സെനറ്റിന്റേയും തുടർച്ചയായിരുന്നു. ഈ സെക്കുലർ സ്വഭാവം ക്രമേണ ശോഷിച്ച്, കാലാന്തരത്തിൽ കൂടുതൽ സഭാത്മക സവിശേഷത ആർജിക്കാൻ തുടങ്ങി. കർദിനാൾ സംഘത്തിന്റെ തലവൻ 'ഡീൻ മാർപാപ്പയുമായി ആശയവിനിമയം നടത്തി, സംഘത്തെ ഒരു നൈയാമിക സംഘാത സമിതിയായി നയിക്കുന്നു.

## ഉത്തരവാദിത്വങ്ങൾ

റോമൻ കൂരിയായിലെ പ്രധാന സ്ഥാനങ്ങൾ കർദിനാൾമാരാണ് വഹിക്കുക. മാർപാപ്പയുടെ പ്രത്യേക ഉത്തരവുപ്രകാരം, നിർദിഷ്ട സമയങ്ങളിൽ മീറ്റിംഗ് കൂടും. ഡിക്കാസ്റ്ററികളുടെ (കാര്യാലയങ്ങൾ) പ്രവർത്തനങ്ങളിൽ കൂടുതൽ ക്ലിപ്തതയും സുതാര്യതയും ഉറപ്പുവരുത്താൻ ശ്രദ്ധിക്കും. ഓരോ കാര്യാ ലയത്തിന്റെയും പ്രവർത്തന പരിപാടികൾ അവതരിപ്പിച്ച്, കൂടുതൽ പ്രാധാന്യമുള്ള പദ്ധതികൾ എല്ലാ കർദിനാൾ മാർക്കും അറിയാൻ അവസരമൊരുക്കുകയും ചെയ്യുന്നു. ഫലപ്രദമായ ചർച്ചകളിലൂടെ ഉരുത്തിരിയുന്ന നിർദേശങ്ങളും ശുപാർശകളും തീരുമാനങ്ങളും വിശദമായ പഠനത്തിനും അംഗീകാരത്തിനുമായി മാർപാപ്പയ്ക്ക് സമർപ്പിക്കും. ഈ മീറ്റിംഗ് സംഘടിപ്പിക്കുന്നത്, മാർപാപ്പയുടെ സമ്മതത്തോടെ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറിയാണ്. കർദിനാൾമാർ പ്രത്യേക ഉപദേശകസമിതിയാണ്. മാർപാപ്പയ്ക്ക് ക്രമപ്രകാരവും ആവശ്യാനുസരണവും ആലോചന നടത്താനുള്ള സഹായികളും സഹകാരികളുമാണ്. പേപ്പൽ കൗൺസിലേഴ്സും അസിസ്റ്റൻസുമായിരിക്കുന്ന ഒരു സ്പെഷൽ കോളജ്. പൗരസ്ത്യ കാനൻ സംഹിതയിൽ 4651 കാനോനയ നുസരിച്ച് ഔദ്യോഗിക കൃത്യനിർവഹണത്തിൽ റോമാ മാർപാപ്പയെ കർദിനാൾമാർ സഹായിക്കുന്നു. ലത്തീൻ കാനൻ നിയമം 349 മുതൽ 359 വരെയുള്ള കാനോനകൾ കർദിനാൾമാരുടെ സ്ഥാനവും സഭാഭരണത്തിലുള്ള പങ്കാളിത്തവും സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. റോമാസിംഹാസനം ഒഴിവാകുമ്പോൾ ഇടക്കാല ഭരണനിർവഹണം, മാർപാപ്പയുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച ഒരുക്കങ്ങൾ എന്നിവ പ്രത്യേക നിയമ മനുസരിച്ചാണ് ക്രമീകരിക്കുന്നത് (Romano Pontifici Eligendo, 1975 ഒക്ടോബർ 1 - 'റൊമാനോ പൊന്തിഫിച്ചി എലിജെന്തോ'). കർദിനാൾ മാർ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചും കൂരിയ പരിഷ്കരണം സംബന്ധിച്ചും സംഘാതമായി (Colleglal) സഹായിക്കുന്നു. വ്യക്തിഗതമായി (individual) സഹായിക്കുന്നത് പ്രധാനമായി



വിവിധ ഡിക്കാസ്റ്ററികളുടെ പ്രീ ഫെമാർ, തങ്ങളുടെ പരിധിയിൽപ്പെട്ട വിഷയ ങ്ങളുമായി അവർ മാർപാപ്പയോട് ആശയവിനിമയം നടത്തുന്നു.

## പാത്രിയർക്കീസുമാരും തിരഞ്ഞെടുപ്പും

കർദിനാൾമാരെ പാപ്പ സ്വതന്ത്രമായി തിരഞ്ഞെടുക്കുകയാണ്. റോമിന്റെയും സാർവത്രിക സഭയുടെയും അംഗങ്ങളാണവർ. വ്യക്തികൾക്കോ, രാഷ്ട്രങ്ങൾക്കോ എപ്പിസ്കോപ്പൽ സിംഹാസനങ്ങൾക്കോ, കോൺഫറൻസുകൾക്കോ പ്രത്യേക അവകാശവാദം ഉന്നയിക്കാൻ കഴിയില്ല. പുരാതന എപ്പിസ് കോപ്പൽ സിംഹാസനങ്ങൾ, ഉദാ: ന്യൂയോർക്ക്, പാരീസ്, റോമൻ കൂരിയായുടെ തലവന്മാർ, വത്തിക്കാൻ ഡിപ്ലോമാറ്റിക് സമിതി,
പൗരസ്ത്യ പാത്രിയർക്കീസുമാർ എന്നിവരെ പ്രത്യേകം പരിഗണിക്കും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഗ്രഹമനുസരിച്ച്, 'സഭ: സഭകളുടെ കൂട്ടായ്മ' എന്ന ദർശനത്തിന്റെ വെളിച്ചത്തിൽ പൗരസ്ത്യസഭകളുടെ പാത്രിയർക്കീസുമാരെ 'ബിഷപ് കർദിനാൾ' എന്ന ഗണത്തിലൂടെ കർദിനാൾ സംഘത്തിൽ ചേർക്കാൻ തീരുമാനമായി (പോൾ ആറാമൻ പാപ്പ, മോത്തു പ്രോപ്രിയോ 1965 ഫെബ്രുവരി 11- 'Purpuratorum Patrum'- 'പുരപ്പുരാതോരും പാതും'). കർദിനാൾ സംഘം പാശ്ചാത്യ പാത്രിയർക്കറ്റിൽ മാത്രം ഉൾപ്പെടുന്നതാകയാൽ ഇപ്രകാരം അംഗത്വമെടുക്കാൻ പൗരസ്ത്യപ്രാതി യർക്കീസുമാർക്ക് താല്പര്യമുണ്ടായിരുന്നില്ല. കൂടാതെ, കർദിനാൾ സ്ഥാനം
പൗരസ്ത്യ പാരമ്പര്യ ത്തിന് അജ്ഞാതവുമാണ്. റോമൻ വൈദികഗണ ത്തിൽപ്പെടാത്തതിനാൽ, കർദിനാൾ സംഘത്തിന്റെ,'ഡീൻ തിരഞ്ഞെടുപ്പിൽ പാത്രിയർക്കീസുമാർക്ക് വോട്ടവകാശമില്ല.

## കർദിനാളായി തിരഞ്ഞെടുക്കപ്പെടാനുള്ള യോഗ്യത

പൗരോഹിത്യം, സഭാപഠനങ്ങളിൽ മികവ്, സ്വഭാവ വൈശിഷ്ട്യം, ഭരണപരവും അജപാലനപരവുമായ അനുഭവജ്ഞാനവും പരിചയവും എന്നിവയാണ്. സഭയുടെ സാർവത്രിക സ്വഭാവം പരിഗണിച്ച് പ്രാതിനിധ്യ പരിഗണനയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നാണ് സാധാരണയായി കർദിനാൾമാരെ തിരഞ്ഞെടുക്കുന്നത്. 'In Pectore' (in the breast or heart) തക്കകാരണത്താൽ പേര് വെളിപ്പെടുത്തുകയോ പ്രഖ്യാപിക്കുകയോ ഇല്ല.

## കൺസിസ്റ്ററി

കർദിനാൾമാരുടെ കൗൺസിൽ അല്ലെങ്കിൽ അസംബ്ലിയെന്നാണ് കൺസിസ്റ്ററി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണ കൺസിസ്റ്ററിയിലാണ് ഔദ്യോഗികമായ കാര്യങ്ങൾ പരിഗണിക്കുക. പുതിയ കർദിനാൾമാരുടെ പ്രഖ്യാപനം, വിശുദ്ധരുടെ നാമകരണ ഡിക്രി വെളിപ്പെടുത്തൽ, ലത്തീൻ സഭയിലെ മെത്രാപ്പോലീത്തമാരുടെ പാലിയം നല്കൽ. ഈ ചടങ്ങുകൾക്ക് റോമിൽ സ്ഥിരതാമസമാക്കിയ കർദി നാൾമാരെയാണ് പങ്കെടുപ്പിക്കുക. അസാധാരണ കൺസിസ്റ്ററിയിൽ സഭയുടെ പ്രത്യേക, ഗൗരവതര മായ ആവശ്യങ്ങളിൽ ചർച്ചചെയ്ത് തീരുമാനമെടുക്കുന്നു. ഉദാ: വത്തിക്കാന്റെ സാമ്പത്തികവും മറ്റിതര ഗൗരവമായ സംഗതികൾ, അജപാലനപരവും ഭരണപരവുമായ കാര്യങ്ങൾ, റോമൻ കൂരിയായുടെ പരിഷ്കരണം, മനുഷ്യജീവന് ഭീഷ

ണി, സെകളുടെ വളർച്ച എന്നീ വിഷയങ്ങൾ 1991 ഏപ്രിൽ മാസത്തിൽ ജോൺപോൾ രണ്ടാമൻ പാപ്പ അസാധാരണ കൺസിസ്റ്ററി വിളിച്ചുകൂട്ടി ചർച്ച ചെയ്തു.

### സഭാത്മക വീക്ഷണം

റോമൻ കൂരിയായുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻ 'ദിക്കാത്തെ എവാൻഞ്ചേലിയു' (Pope Francis, 2022 മാർച്ച് 21, Praedicate Evangelium) മിൽ ആധുനിക ദൈവശാസ്ത്ര, സഭാവിജ്ഞാനീയത്തിന്റെ നൂതന ചിന്താധാര ഉൾക്കൊള്ളിച്ചിട്ടുണ്ട്. കർദിനാൾ മേധാവികളായിരിക്കുന്ന റോമൻ കുരിയായുടെ വിവിധ ഡിക്കാസ്റ്ററികൾ കേന്ദ്രീകൃത സഭാഭരണ ശൈലിയിൽ നിന്ന് മാറി, പ്രത്യേക സഭകളും വ്യക്തിഗത സ്വയാധികാര സഭകളുമായി നല്ല ബന്ധം സ്ഥാപിക്കാൻ അധികാര വികേന്ദ്രീകരണത്തിന്റെയും ശുശ്രൂഷയുടെയും ശാദ്വല മേഖലകൾ വിവേചിച്ചറിയാനും ശ്രമിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സഭാ ഭരണവുമായി ബന്ധപ്പെട്ട ഗൗരവതരമായ കാര്യങ്ങൾ

പ്രാദേശികസഭാധികാരികൾ, ദേശീയ-അന്തർ ദേശീയ തലങ്ങളിലെ എപ്പിസ്കോപ്പൽ കോൺഫറൻസുകൾ, പൗരസ്ത്യ സഭാഭരണ സംവിധാനങ്ങൾ എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കണം. രേഖകൾ, ഉത്തരവുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഡിക്കാസ്റ്ററികൾ മേല്പ്പറഞ്ഞ ഭരണ സംവിധാനങ്ങളുടെ അഭിപ്രായം ആരായുകയും അപേക്ഷകളും പരാതികളും ശ്രദ്ധാപൂർവം പരിശോധിച്ച് കാല വിളംബമെന്യേ ഉചിതമായ ഉത്തരവുകൾ നല്കണം. കൂടാതെ മേല്പ്പറഞ്ഞ കാര്യങ്ങളിൽ സ്ഥലത്തെ പേപ്പൽ പ്രതിനിധികളോടും ആലോചന നടത്തുകയും തീരുമാനങ്ങൾ എല്ലാ ഘടകങ്ങളെയും അറിയിക്കണമെന്ന് 'ദിക്കാത്ത എവാഞ്ചേലിയും (നമ്പർ 34-37) നിഷ്കർഷിക്കുന്നുണ്ട്. ചുരുക്കത്തിൽ, കർദിനാൾ സ്ഥാനത്തിന്റെ വലിപ്പവും മഹത്ത്വവും വെളിവാകുന്നത് ശുശ്രൂഷാ മനോഭാവത്തിലാണ്. സഭാഭരണശുശ്രൂഷയിൽ മാർപാപ്പയ്ക്ക് യഥോചിതം ആശ്രയിക്കാവുന്ന ഒരു സങ്കേതമാകണം കർദിനാൾ സംഘം. സത്യസന്ധതയും സുതാര്യതയും ഈ ശുശ്രൂഷയുടെ ലാവണ്യമാകണം. അധികാര വികേന്ദ്രീകരണത്തിന്റെയും സിനഡാലിറ്റിയുടെയും പ്രയോജകരും പ്രയോക്താക്കളുമാകണം. സഭാഗാത്രത്തിന്റെ ഓജസ്സും തേജസ്സും ദൈവാത്മാവിന്റെ ചൈതന്യത്തിൽ എല്ലായിടത്തും എക്കാലവും നിലനിർത്താൻ സാധിക്കുമെന്ന് പ്രത്യാശിക്കാം.




സാമൂഹ്യ സേവനത്തിനുള്ള ഈ വർഷത്തെ ദേശീയ പുരസ്കാരം അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവ തിരുമേനിക്കും, ശ്രീമതി മേനക ഗാന്ധിക്കും ലഭിച്ചു. ബഹു കേന്ദ്ര മന്ത്രി ശ്രീ ജിതെന്ദ്ര സിംഗ് അവാർഡ് സമ്മാനിച്ചു. ബഹു ഗവർണർ ഡോ. ആനന്ദ് ബോസ്, മുൻ കേന്ദ്ര മന്ത്രി ശ്രീ മുരളി മനോഹർ ജോഷി എന്നിവർ സമീപം.




# മാർ ജോർജ് കൂവക്കാടിന്റെ ശ്ലൈഹീക മുദ്രയുടെ അർത്ഥതലങ്ങൾ

ആർച്ച് ബിഷപ്പ് മാർ ജോർജ് കൂവക്കാട്ടിലിന്റെ ശ്ലൈഹിക മുദ്രയുടെ കേന്ദ്രസ്ഥാനം അലങ്കരിക്കുന്നത് പുഷ്പിത ആഗ്രങ്ങളോട് കൂടിയ മാർ ത്തോമാ സ്ലീബായുടെ പ്രധാന ഭാഗമാണ് , സ്ലീബായിൽ 5 രക്തങ്ങൾ തന്റെ പീഡാസഹനവും മരണവും ഉത്ഥാനവും വഴി നമ്മെ രക്ഷിച്ച മിശിഹായുടെ സ്നേഹത്തിന്റെ പ്രകാർശനമായി നിലകൊള്ളുന്ന അവന്റെ 5 തിരുമുറിവുകളെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു, ചുവന്ന പശ്ചാത്തലത്തിൽ ചിറകുകൾ വിരിച രീതിയിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന പ്രാവ് പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്, ചുവപ്പ് നിറം സുവിശേഷത്തിന്റെ യാത്രത നായകനും സഭയുടെ ഭൗമിക തീർത്ഥാടനത്തിന്റെ ചുക്കാൻ പിടിക്കുന്നവനും ലോകം മുഴുവനിലും ദൈവ സ്നേഹം വ്യാപിപ്പിക്കുന്നവനുമായ പരിശുദ്ധ റൂഹായുടെ ദാനങ്ങളെ പ്രതിനിധാനം ചെയ്യുന്നു. പരിശുദ്ധ റൂഹായുടെ പ്രതീകമായ പ്രാവ്, ഇന്ത്യയുടെ ദേശീയ പുഷ്പമായ താമരയെ പ്രകാശിപ്പിക്കുന്ന, താമരയുടെ ദളങ്ങൾ ഇന്ത്യൻ ധീശീയ പതാകയുടെ നിരങ്ങളായ കുങ്കുമം, വെള്ള,പച്ച എന്നിവയെ സന്നിഹിതമാകുന്നു.

“Fragrantiam Christi Caratatis Effunderl “ മിശിഹായുടെ സ്നേഹത്തിന്റെ പരിമളം പരത്തുക എന്നർത്ഥം വരുന്ന ഈ ആപ്തവാക്യം പ്രതിഭലിപ്പിക്കുന്നത്, താമരപ്പൂവ് തീവ്രവും മധുരമുള്ളതുമായ സുഗന്ധം പുറപ്പെടുവിക്കുന്നത് പോലെ , ഈ ലോകത്തിൽ മിശിഹായുടെ സ്നേഹത്തിന്റെ പരിമളമാകാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു എന്ന സത്യമാണ് , “ഈശോ മിശിഹായുടെ സന്ദേശം” എന്ന ഗ്രന്ഥത്തിൽ മഹാത്മാഗാന്ധി ഇപ്രകാരം നിരീക്ഷിച്ചു. ഒരു റോസാപൂവിന് പ്രസംഗിക്കേണ്ട ആവശ്യമില്ല , അത് അതിന്റെ പരിമളം പരത്തുന്നു, ആ സുഗന്ധം അതിന്റെ സ്വന്തം പ്രഭാഷണമാണ്. താമരപൂവിന്റെ ഇടതുവശത്ത് നീലപാശ്ചാത്തലത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന അഷ്ടഭുജങ്ങളിലുള്ള സുവർണ്ണ താരകവും സമുദ്ര താരകവും, മിസ്ഷിഹായുടെയും സഭയുടെയും മാതാവായ കന്യക മറിയത്തിന്റെ പ്രതീകമാണ് ഒപ്പം. ഫ്രാൻസിസ് മാർപാപ്പയുടെ സ്ഥാനിക മുദ്രയിൽ നിന്ന് കടം കൊണ്ട ഈ നക്ഷത്രം അദ്ദേഹത്തിനൊടുള്ള ആദരവിന്റെ സൂചനയാണ് .

ശ്ലൈഹിക മുദ്ര പൗരസ്ത്യ മെത്രാന്മാരുടെ ശൈലിയിൽ ഉള്ള തലപ്പാവിനാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു, ഇരുവശത്തും 10 വീതം 20 പച്ചതുവാലകളാണ് ആർച്ച് ബിഷപ്പിന്റെ മുദ്രയിൽ കാണുന്നത്.




# ഇന്ത്യയുടെ 15 രാജകുമാരന്മാർ

**കർദിനാൾ പദവിയിലെത്തുന്ന പതിനഞ്ചാമത്തെ ഭാരതീയനും കേരളസഭയിൽനിന്നുള്ള ആറാമനുമാണ് ജോർജ് ജേക്കബ് കൂവക്കാട്ട്. ഈ അവസരത്തിൽ ഇന്ത്യയിൽനിന്നുള്ള കാർദിനാൾമാർ ആരെല്ലാം എന്ന് നോക്കാം.**

## കർദിനാൾ വലേറിയൻ ഗ്രേഷ്യസ്


ണിവിളക്ക് 2024 നവംബർ


ബ്രിട്ടീഷ് ഇന്ത്യയിലെ (ആധുനിക പാക്കിസ്ഥാൻ) കറാച്ചിയിൽ 1900 ഒക്ടോബർ 23-ന് ജനിച്ചു. മംഗലാപുരം, കാൻഡി സെമിനാരികളിൽ വൈദിക പരിശീലനം പൂർത്തിയാക്കി 1926 ഒക്ടോബർ മൂന്നിന് പൗരോഹിത്യം സ്വീകരിച്ച് ഇടയശുശ്രൂഷ ആരംഭിച്ചു. 1946 മെയ് 16-ന് ബോംബെ അതിരൂപതാ സഹായമെത്രാനായി അഭിഷിക്തനായി. 1950 ഡിസംബർ നാലിന് ബോംബെ അതിരൂപതാധ്യക്ഷനായി നിയോഗിതനായി.

1953 ജനുവരി 12-ന് കർദിനാൾ പദവിയിലേക്കുയർത്തപ്പെട്ടു. രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്ത കർദിനാളായിരുന്നു ഇദ്ദേഹം. 1966 ജനുവരി 26-ന് പത്മവിഭൂഷൻ നല്കി രാഷ്ട്രം കർദിനാൾ വലറിയൻ ഗ്രേഷ്യസിനെ ആദരിച്ചു. 1954 മുതൽ 1972 വരെ കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യയുടെ പ്രസിഡന്റായിരുന്നു. ജോൺ ഇരുപത്തിമൂന്നാമൻ, പോൾ ആറാമൻ എന്നീ പാപ്പാമാരെ തിരഞ്ഞെടുത്ത ക്ലോൺക്ലേവിൽ അംഗമായിരുന്നു. 1978 സെപ്തംബർ 11-ന് ഈ രാജകുമാരൻ ദിവംഗതനായി.

## കർദിനാൾ ജോസഫ് പാറേക്കാട്ടിൽ

എറണാകുളം ജില്ലയിൽ അങ്കമാലിക്കടുത്ത് കിടങ്ങൂരിൽ 1912 ഏപ്രിൽ ഒന്നിന് ജനിച്ചു. 1939 ആഗസ്റ്റ് 24-ന് വൈദികനായി. 1953 ഒക്ടോബർ 28-ന് എറണാകുളം അതിരൂപതയുടെ സഹായമെത്രാനും 1956 ജനുവരി 27-ന് എറണാകുളം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററും പിന്നീട് 1957 ജനുവരി ഒമ്പതിന് ആർച്ചു ബിഷപ്പുമായി അവരോധിതനായി. 1969 ഏപ്രിൽ 28-ന് പോൾ ആറാമൻ പാപ്പ കേരളസഭയിലും സീറോമലബാർ സഭയിലും നിന്നുള്ള ആദ്യ കർദിനാളായി വാഴിച്ചു. റോമിലെ പൗരസ്ത്യതിരുസംഘത്തിന്റെ കൺസൽട്ടന്റായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ജോൺപോൾ ഒന്നാമൻ, ജോൺപോൾ രണ്ടാമൻ എന്നീ പാപ്പാമാരുടെ തിരഞ്ഞെടുപ്പു കോൺക്ലേവിലെ അംഗമായിരുന്നു. 1984-ൽ എറണാകുളം അതിരൂപതാ ഭരണത്തിൽനിന്നും വിരമിച്ച കർദിനാൾ ജോസഫ് പാറേക്കാട്ടിൽ 1987 ഫെബ്രുവരി 20-ന് അന്തരിച്ചു.


മണിവിളക്ക് 2024 നവംബർ



## കർദിനാൾ ലോറൻസ് ട്രെവർ പിക്കാച്ചി

1911-ൽ ഇന്ത്യയിലേക്ക് കുടിയേ റിയഐറിഷ് കത്തോലിക്കാ മാതാ പിതാക്കളുടെ മകനായി ഡാർജലിം ഗിലാണ് ഇദ്ദേഹത്തിന്റെ ജനനം.


1947 നവംബർ 21-ന് പൗരോഹിത്യം സ്വീകരിച്ചു. 1962 ജൂലൈ 12-ന് ജോൺ 23-ാമൻ പാപ്പ പിക്കാച്ചിയെ ജംഷഡ്പൂരിലെ പ്രഥമ ബിഷപ്പായി നിയമിച്ചു. 1962 മുതൽ 1965 വരെ രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്ത ബിഷപ് പിക്കാച്ചി 1969 മെയ് 29-ന് കൊൽക്കത്ത ആർച്ചുബിഷപ്പായി. 1976 മെയ് 24-ന് പോൾ ആറാമൻ പാപ്പ കർദിനാൾ പദവി നല്കി ആദരിച്ചു.

ജോൺപോൾ ഒന്നാമൻ, ജോൺ പോൾ രണ്ടാമൻ എന്നീ പാപ്പമാരുടെ തിരഞ്ഞെടുപ്പ് ക്ലോൺക്ലേവിൽ കർദിനാൾ ലോറൻസ് പിക്കാച്ചി പങ്കെടുത്തു. 1986 ഏപ്രിൽ അഞ്ചിന് സഭാഭരണത്തിൽ നിന്നും വിരമിച്ച ഇദ്ദേഹം 1992 നവംബർ 29-ന് ഇഹലോകവാസം വെടിഞ്ഞു.


## കർദിനാൾ ആന്റണി പടിയ

കോട്ടയം ജില്ലയിലെ മണിമല യിൽ 1921 ഫെബ്രുവരി 11-ന് ഭൂജാതനായി. 1945 ഡിസംബർ 19-ന് പൗരോഹിത്യം സ്വീകരിച്ചു. 1955 ജൂലൈ മൂന്നിന് ഊട്ടി രൂപതയുടെ പ്രഥമ മെത്രാനായി ഒക്ടോബർ 16-ന് അഭിഷിക്തനായി. ഇന്ത്യയിലെ കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ബിഷപ്പായിരുന്നു മാർ പടിയറ, 1970 ജൂൺ 14-ന് ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി അവരോധിതനായി.

1985 ഏപ്രിൽ 23-ന് എറണാകുളം-അങ്കമാലി അതിരൂപതാധ്യക്ഷനായി നിയോഗിതനായി. 1988 ജൂൺ 28-ന് ജോൺ പോൾ രണ്ടാമൻ പാപ്പ് കർദിനാളായി ഉയർത്തി. 1992-ൽ സീറോ മലബാർ സഭയ്ക്ക് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി ലഭിച്ചപ്പോൾ സഭയുടെ പ്രഥമ മേജർ ആർച്ച് ബിഷപ്പായി അംഗീകരിച്ചു. 1996 നവംബർ 11-ന് സഭാഭരണത്തിൽ നിന്നും അദ്ദേഹം സ്ഥാന ത്യാഗം ചെയ്തു. 1998-ൽ പത്മശ്രീ പുരസ്കാരം നല്കി രാഷ്ട്രം ഇദ്ദേഹത്തെ ആദരിച്ചു. കർദിനാൾ ആന്റണി പടിയറ 2000 മാർച്ച് 23-ന് ദിവംഗതനായി.



മണിവിളക്ക് 2024 നവംബർ




## കർദിനാൾ സൈമൺ ലൂർദ് സ്വാമി

പോണ്ടിച്ചേരിയിലെ കല്ലേരിയിൽ 1924 ഫെബ്രുവരി അഞ്ചിന് ജനിച്ചു. 1951 ഡിസംബർ 21-ന് വൈദികനായി. 1962 ജൂലൈ രണ്ടിന് ബാംഗ്ലൂർ അതിരൂപത സഹായമെത്രാനായി. 1964 നവംബർ ഒമ്പതിന് ഫിലിപ്പിയിലെ ആർച്ച് ബിഷപ്പും ബാംഗ്ലൂർ അതിരൂപതയുടെ പിൻതുടർച്ചാവകാശമുള്ള ആർച്ചു ബിഷപ്പായും നിയമിച്ചു. 1968 ജനുവരി 11-ന് ബാം ഗ്ലൂർ ആർച്ച് ബിഷപ്പായി. 1971 മാർച്ച് രണ്ടിന് പോൾ ആറാമൻ പാപ്പ സുവിശേഷവത്ക്കരണത്തിനുള്ള കോൺഗ്രിഗേഷന്റെ സെക്രട്ടറിയായി റോമിൽ നിയമിച്ചു. അതേത്തുടർന്ന് 1971 ഏപ്രിൽ 30-ന് ബാംഗ്ലൂർ ആർച്ച്ബിഷപ് സ്ഥാനം രാജി വച്ചു.

1985-ൽ ജോൺ പോൾ രണ്ടാമൻ പാപ്പ ആർച്ച്ബിഷപ് ലൂർദ് സ്വാമിയെ കർദിനാളായി വാഴിച്ചു. കർദിനാൾ പദവിയിലേക്കുയർത്തപ്പെട്ട ആദ്യ തമിഴ് വംശജനാണിദ്ദേഹം. പിന്നീട് ഓറിയന്റൽ സഭകൾക്കായുള്ള കോൺഗ്രിഗേഷന്റെ പ്രീഫെക്ടായി തിരഞ്ഞെടുക്കപ്പെട്ടു. പൗരസ്ത്യ സഭകൾക്കായുള്ള തിരുസംഘത്തിലെ സെക്രട്ടറിയും പ്രീഫെക്ടുമായ ആദ്യഭാരതീയനാണിദ്ദേഹം.

2014 ജൂൺ രണ്ടിന് കർദിനാൾ ലൂർദ് സ്വാമി അന്തരിച്ചു.

## കർദിനാൾ സൈമൺ ഇഗ്നേഷ്യസ് പിമെന്റ

ബോംബെ മറോളിയിൽ 1920 മാർച്ച് ഒന്നിന് ജനനം. 1949 ഡിസംബർ 21-ന് പൗരോഹിത്യം സ്വീകരിച്ചു. 1971 ജൂൺ അഞ്ചിന് ബോംബെ അതിരൂപത സഹായമെത്രാനായി നിയമനം. 1978 സെപ്തംബർ 11-ന് ബോംബെ ആർച്ച്ബിഷപ്പായി അവരോധിതനായി. 1988 ജൂൺ 28-ന് ജോൺപോൾ രണ്ടാമൻ കർദിനാൾ പദവിയിൽ വാഴിച്ചു. 1996 നവംബർ എട്ടിന് സഭാഭരണത്തിൽനിന്നും വിരമിച്ചു. 1988 വരെ തുടർച്ചയായി മൂന്ന് തവണ കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യയുടെ പ്രസിഡന്റായിരുന്നു. 2013 ജൂലൈ 19-ന് അന്തരിച്ചു.



## കർദിനാൾ മാർ വർക്കി വിതയത്തിൽ


മണിവിളക്ക് 2024 നവംബർ

എറണാകുളം ജില്ലയിൽ വടക്കൻ പറവൂരിൽ പുത്തൻപള്ളിയിൽ 1927 മെയ് 29-ന് ജനനം. 1954 ജൂൺ 12-ന് ദിവ്യരക്ഷക സന്ന്യാസസഭാംഗമായി പൗരോഹിത്യം സ്വീകരിച്ചു. 25 വർഷം ബാംഗ്ലൂർ റിഡംപ്റ്ററിസ്റ്റ് സെമിനാരിയിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു.

1978 മുതൽ 1984 വരെ ദിവ്യരക്ഷക സന്ന്യാസസമൂഹത്തിന്റെ ഇന്ത്യ-ശ്രീലങ്കൻ പ്രൊവിൻഷ്യലായി കർമനിരതനായി. 1984-ൽ ഇന്ത്യൻ കോൺഫ്രൻസ് റിലീജിയസുകളുടെ (സി.ആർ.ഐ) പ്രസിഡന്റായി. 1990 മുതൽ 1996 വരെ ബാംഗ്ലൂർ ബനഡിക്ടൈൻ മൊണസ്ട്രിയുടെ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി. 1996 നവംബർ 11-ന് സീറോമലബാർ സഭ ആർക്കി എപ്പിസ്കോപ്പൽ സഭയുടെയും എറണാകുളം-അങ്കമാലി അതിരൂപതയുടെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി. 1999 ഡിസംബർ 18-ന് സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പായി സ്ഥാനാരോഹിതനായി. 2001 ജനുവരി 21-ന് ജോൺപോൾ രണ്ടാമൻ പാപ്പ കർദിനാളായി നിയമിച്ചു. 2005-ൽ ബനഡിക്ട് പതിനാറാമൻ പാപ്പയെ തെരഞ്ഞെടുത്ത കോൺക്ലേവിൽ പങ്കെടുത്ത ഏക മലയാളി കർദിനാളാണ് മാർ വർക്കി വിതയത്തിൽ. 2011 ഏപ്രിൽ ഒന്നിന് ദിവംഗതനായി.


മണിവിളക്ക് 2024 നവംബർ

## കർദിനാൾ ഐവൻ ഡയസ്

മുംബൈ ബാന്ദ്രയിൽ 1936 ഏപ്രിൽ 14-ന് ജനനം. 1958 ഡിസംബർ എട്ടിന് പൗരോഹിത്യം സ്വീകരിച്ചു. 1982 മെയ് എട്ടിന് ഘാനയുടെ അപ്പസ്തോലിക് പ്രോനൂൺഷ്യോയായും റൂസിബിഡിറിലെ സ്ഥാനിക ആർച്ചുബിഷപ്പുമായി ജോൺപോൾ രണ്ടാമൻ പാപ്പ നിമിച്ചു. 1996 നവംബർ എട്ടിന് ബോംബെ അതിരൂപതാധ്യക്ഷനായി നിയോഗിതനായി. 2001-ൽ ജോൺപോൾ രണ്ടാമൻപാപ്പ കർദിനാൾ പദവയിലേക്ക് ഉയർത്തി. 2006 മുതൽ 2011 വരെ സുവിശേഷവത്കരണത്തിനുള്ള വത്തിക്കാൻ തിരുസംഘത്തിന്റെ പ്രീഫെക്ടായി സേവനമനുഷ്ഠിച്ചു. ബനഡിക്ട് പതിനാറാമൻ പാപ്പയെ തിരഞ്ഞെടുത്ത കോൺക്ലേവിൽ അംഗമായിരുന്നു. 2017 ജൂൺ 19-ന് അന്തരിച്ചു.

## കർദിനാൾ ടെലിസ്ഫോർ പ്ലാസിഡസ് ടോപ്പോ




ജാർഖണ്ഡിലെ പെയിൻപൂരിൽ 1939 ഒക്ടോബർ 15-ന് ജനിച്ചു. 1969 മെയ് മൂന്നിന് പൗരോഹിത്യം സ്വീകരിച്ചു. 1978 ഒക്ടോബർ ഏഴിന് ദുംകെയിലെ ബിഷപ്പായി നിയമിച്ചു.
1985 ആഗസ്റ്റ് ഏഴിന് റാഞ്ചി ആർച്ചുബിഷപ്പായി സ്ഥാന മേറ്റു. 2003 ഒക്ടോബർ 21-ന് ജോൺപോൾ രണ്ടാമൻ പാപ്പ കർദിനാളായി ഉയർത്തി. 2004 മുതൽ 2008 വരെ സിബിസിഐ പ്രസിഡന്റായി കർമനിരതനായി.
ഭാരതത്തിൽനിന്നുള്ള ആദ്യത്തെ ആദിവാസി കർദിനാളാണ് ടെലിസ്ഫോർ ടോപ്പോ. ബനഡിക്ട് പതിനാറാമന്റെയും ഫ്രാൻസിസ് പാപ്പായുടെയും തിരഞ്ഞെടുപ്പിലെ കോൺക്ലേവുകളിൽ അംഗമായി രുന്നു. 2018-ൽ സഭാഭരണത്തിൽനിന്നും വിരമിച്ചു. 2023 ഒക്ടോബർ 4-ന് അന്തരിച്ചു.

## കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്




1944 ഡിസംബർ 24-ന് ബോംബെയിൽ ഭൂജാതനായി. 1970 ഡിസംബർ 20-ന് വൈദികപട്ടം സ്വീകരിച്ചു.
1997 ജൂൺ 28-ന് ബോംബെ സഹായമെത്രാനായി അഭിഷിക്തനായി. 2000 സെപ്തംബർ ഏഴിന് ആഗ്ര ആർച്ചുബിഷപ്പായി നിയോഗിതനായി. 2006 ഒക്ടോബർ 14-ന് ബോംബെ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റു. 2007 ഒക്ടോബർ 17-ന് ബനഡിക്ട് പതിനാറാമൻ പാപ്പ കർദിനാളായി നിയമിച്ചു.
കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യയുടെ (സിബിസിഐ) വൈസ് പ്രസിഡന്റ്, സെക്രട്ടറി ജനറൽ, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫ്രൻസ് (എഫ്എബിസി) പ്രസിഡന്റ്, കോൺഫ്രൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യ (സിസിബിഐ) പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.
ഫ്രാൻസിസ് പാപ്പായെ തിരഞ്ഞെടുത്ത കോൺക്ലേവിലെ അംഗമായിരുന്നു.

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി



കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി തുരുത്തിയിൽ 1945 ഏപ്രിൽ 19-ന് ജനനം. 1972 ഡിസംബർ 18-ന് പൗരോഹിത്യം സ്വീകരിച്ചു. 1997 ഫെബ്രുവരി രണ്ടിന് തക്കല രൂപതയുടെ പ്രഥമബിഷപ്പായി നിയമിതനായി. 2011 മെയ് 26-ന് സീറോമലബാർ സഭയുടെ ചരിത്രത്തിലാദ്യമായി നടന്ന വോട്ടെടുപ്പിലൂടെ ശ്രേഷ്ഠ മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കപ്പെടുകയും മേജർ ആർച്ച്ബിഷപ്പായി സ്ഥാനാരോഹിതനാകുകയും ചെയ്തു. എറണാകുളം അങ്കമാലി അതിരൂപതാ അധ്യക്ഷ സ്ഥാനവും തുടർന്നു. 2012 ജനുവരി ആറിന് കർദിനാൾ നിയമനപ്രഖ്യാപനം. ഫ്രെബ്രുവരി 18-ന് കർദിനാൾ പദവി സ്വീകരിച്ചു. 2012-ൽ കത്തോലിക്കാ സഭയിലെ വിശ്വാസപ്രബോധന കാര്യാലയ അംഗമായി ബനഡിക്ട് പതിനാറാമൻ പാപ്പ കർദിനാൾ ആലഞ്ചേരിയെ നിയമിച്ചു. 2023 ഡിസംബർ ഏഴിന് സഭയുടെ അധ്യക്ഷ പദവിയിൽനിന്നും വിരമിച്ചു.

മണിവിളക്ക് 2024 നവംബർ

## കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവ




മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽനിന്നുള്ള പ്രഥമവും ഏക കർദ്ദിനാളുമാണ് ബസേലിയോസ് മാർ ക്ലീമിസ് കാത്തോലിക്കാ ബാവ. പത്തനംതിട്ട ജില്ലയിലെ തിരുവല്ലക്ക് സമീപം മുക്കൂരിൽ 1959 ജൂൺ 15-ന് ജനിച്ചു. ഐസക് തോട്ടുങ്കൽ എന്നായിരുന്നു ആദ്യനാമം. 1986 ജൂൺ 11-ന് പൗരോഹിത്യം സ്വീകരിച്ചു. ബത്തേരി രൂപതയുടെ വികാരി ജനറലായിരിക്കേ 2001 ജൂൺ 18-ന് ജോൺപോൾ രണ്ടാമൻ പാപ്പ തിരുവനന്തപുരം മലങ്കര രൂപതയുടെ സഹായമെത്രാനായി നിയോഗിച്ചു. 2003 സെപ്തംബർ 11-ന് തിരുവല്ല രൂപതയുടെ മെത്രാനായി. തിരുവല്ല അതിരൂപതയായി ഉയർത്തപ്പെട്ടപ്പോൾ 2006 ജൂൺ 10-ന് തിരുവല്ല അതിരൂപതയുടെ പ്രഥമ ആർച്ചുബിഷപ്പായി ഉയർത്തപ്പെട്ടു. സഭയുടെ മേജർ ആർച്ച്ബിഷപ്പായിരുന്ന സിറിൾ മാർ ബസേലിയോസ് നിര്യാതനായതിനെത്തുടർന്ന് 2007 ഫെബ്രുവരി 10-ന് മാർ ക്ലീമിസിനെ പാപ്പ ആ സ്ഥാനത്തേക്കുയർത്തി. 2007 മാർച്ച് അഞ്ചിന് ബസേലിയോസ് മാർ ക്ലീമിസ് എന്ന നാമത്തിൽ തിരുവനന്തപുരം മലങ്കര കത്തോലിക്കാ അതിരൂപതയുടെ രണ്ടാമത്തെ മേജർ ആർച്ച്ബിഷപ്പായി ആരോഹിതനായി. 2012 ഒക്ടോബർ 24-ന് ബനഡിക്ട് പതിനാറാമൻ പാപ്പ ബസേലിയോസ് മാർ ക്ലീമിസിനെ കർദിനാളായി പ്രഖ്യാപിച്ചു. നവംബർ 24-ന് സ്ഥാനാരോഹണം നടത്തി. ഫ്രാൻസിസ് പാപ്പായെ തിരഞ്ഞെടുത്ത കോൺക്ലേവിലെ അംഗമായിരുന്നു. കെ.സി.ബി.സി യുടെ നിലവിലെ പ്രസിഡന്റാണ്.

## കർദിനാൾ ഫിലിപ്പ് നേരി ഫെറോ

ഗോവയിൽ 1953 ജനുവരി 20-ന് ജനനം. 1979 ഒക്ടോബർ 28-ന് പുരോഹിതനായി അഭിഷിക്തനായി.

1994 ജനുവരി 25-ന് ഗോവ-ദാമൻ രൂപത സഹായമെത്രാനായി ജോൺപോൾ രണ്ടാമൻ
പാപ്പാ നിയോഗിച്ചു. 2004 ജനുവരി 16-ന് ഗോവയുടെയും ദാമന്റെയും ആർച്ചുബിഷപ്പാക്കി ഈസ്റ്റ് ഇൻഡീസിന്റെ പാത്രിയാർക്കിസ് പദവി നല്കി. 2006 നവംബർ 25-ന് ഗോവ- ദാമൻ അതിരൂപത ഒരു മെട്രോപൊളീറ്റൻ അതിരൂപതയാക്കി ബനഡിക്ട് പതിനാറാമൻ പുനഃസംഘടിപ്പിച്ചപ്പോൾ ആദ്യ ആർച്ചുബിഷപ്പായി ഫിലിപ്പ്നേരി ഫെറോയെ നിയമിച്ചു. 2022 ആഗസ്റ്റ് 27-ന് ഫ്രാൻസിസ് പാപ്പ കർദിനാൾ പദവിയിലേക്കുയർത്തി. ഇന്ത്യയിലെ കത്തോലിക്കാ സഭയിലെ ലത്തീൻ സഭാ ബിഷപ്പുമാരുടെ ദേശീയ എപ്പിസ്കോപ്പൽ കോൺഫ്രൻസായ കോൺഫ്രൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യയുടെ (സി.സി.ബി.ഐ) നിലവിലെ പ്രസിഡന്റ്റാണ് കർദിനാൾ ഫിലിപ്പ് നേരി.






## കർദിനാൾ ആന്റണി പൂല

കുർണൂൽ രൂപതയിലെ ദുർവേശിയിൽ 1961 നവംബർ 15-ന് ഭൂജാതനായി. 1992 ഫെബ്രുവരി 20-ന് വൈദികനായി. 2008 ഫെബ്രുവരി എട്ടിന് ബനഡിക്ട് പതിനാറാമൻ പാപ്പ കുർണൂൽ ബിഷപ്പായി നിയമിച്ചു. 2020 നവംബർ 19-ന് ഫ്രാൻസിസ് പാപ്പ ഹൈദ്രബാദിലെ മെട്രോപൊളിറ്റൻ ആർച്ചുബിഷപ്പായി അവരോധിച്ചു. 2022 ആഗസ്റ്റ് 27-ന് ഫ്രാൻസിസ് പാപ്പ കർദിനാളായി വാഴിച്ചു. കർദിനാൾപദവി ലഭിക്കുന്ന ദലിത് വിഭാഗത്തിലെയും തെലുങ്ക് വംശജരിലെയും ആദ്യസ്ഥാനക്കാരനാണ് കർദിനാൾ പൂല.




**Renu Thomas**
St george malankara catholic church-
Kumily

ചുറ്റും പൂത്തുനിൽക്കുന്നത് കാപ്പിപ്പൂക്കളാണെങ്കിലും അബിയുടെ ഉള്ളിലേയ്ക്ക് കയറിയ സുഗന്ധം പാതിരാമുല്ലയുടെയായിരുന്നു. ചുട്ടുപഴുത്തുകിടന്ന മണ്ണിൽ പെയ്തു തോർന്ന മഴയുടെ ബാക്കിയെന്നോണം; മഞ്ഞൊരു കനത്ത ആവരണമായി അന്തരീക്ഷത്തെ പൊതിഞ്ഞു നിൽക്കുന്നു.

സൂര്യൻ ചക്രവാളത്തിൽ മറയാൻ കാത്തിരുന്നതുപോലെ ഇരുളിന്റെ കൈകൾ ഭൂമിയിലേക്ക് താഴ്ന്നു വരുന്നത് അബി കണ്ടു. ഉള്ളിലേക്ക് ഇരമ്പി കയറുന്ന പാതിരാമുല്ലയുടെ ഗന്ധത്തിൽനിന്നും; വിയർപ്പുപൊടിഞ്ഞ മണ്ണിന്റെ ഗന്ധം വേർതിരിച്ചെടുക്കാൻ കഴിയാതെ അബി മുന്നോട്ടു നടന്നു. മഞ്ഞയും ചുവപ്പും ഇടകലർന്ന ചെമ്മാനത്തെയും ഇരുട്ട് വിഴുങ്ങിക്കൊണ്ടിരിക്കുന്നു.

അടിവാരത്ത് ബസ് നിർത്തിയിറങ്ങിയപ്പോൾ ആളും കൂട്ടവും ഉണ്ടാകുമെന്നു കരുതിയ അബിയുടെ പ്രതീക്ഷ തെറ്റി. നാളെ ക്രിസ്തുമസ് ആയതുകൊണ്ട് ആളുകളൊക്കെ നേരത്തെ തന്നെ വീടണഞ്ഞിരിക്കുന്നു. കടയും കടത്തിണ്ണയും ശൂന്യം. അവസാന സ്റ്റോപ്പിൽ ഇറങ്ങാൻ അബി മാത്രമേയുണ്ടായിരുന്നുള്ളു. മുന്നോട്ടു നടന്നപ്പോൾ ബസ് മടങ്ങിപ്പോകുന്നതിന്റെ ശബ്ദം കാതുകളിൽ മുഴങ്ങി.

ഒഴിഞ്ഞു കിടക്കുന്ന കടകൾക്കും, വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ കുരിശും തൊട്ടിക്കും മുന്നിലൂടെ നടക്കുമ്പോൾ, രാത്രിയിൽ പുണ്യാളന്റെ അഭയാർഥികളായി മാറിയ പൂച്ചകളും നായ്ക്കളും രണ്ടുകോണിലായി കിടക്കുന്നു. ആളനക്കം കേട്ടപ്പോൾ തലയുയർത്തിനോക്കിയ ശേഷം ഉറ




ക്കത്തിലേക്ക് അവറ്റകൾ വീണ്ടും ചാഞ്ഞു. കുരിശുംതൊട്ടിയുടെ മുകളിൽ വലതുവശത്ത് ഒരു കുരുവിക്കൂട് അനാഥമായി കിടക്കുന്നു. വർഷങ്ങൾക്ക് ശേഷമാണ് അബി സ്വന്തം വീട്ടിലേക്ക് മടങ്ങിവരുന്നത്. ഒരു ധൂർത്തപുത്രനായിട്ട്. ബൈബിളിലെ ധൂർത്ത പുത്രന്റെ ഉപമ അബിയുടെ മനസ്സിലേക്ക് വന്നു. കുരിശുംതൊട്ടിയിൽ നേർച്ചയിടുമ്പോൾ പുണ്യാളൻ സൂക്ഷിച്ചു നോക്കുന്നതുപോലെ തോന്നി. പുണ്യാളൻ തന്നെ തിരിച്ചറിഞ്ഞപോലെ.!

മുന്നിലേക്ക് നീണ്ടു കിടന്നിരുന്ന മൺപാത കഴിഞ്ഞു. അബി മൺപാത വിട്ട് നടപ്പുവഴിയിലേക്ക് കയറിനടന്നു. വീട്ടിലേക്കുള്ള വഴികൾ വളഞ്ഞുപുളഞ്ഞു കിടക്കുന്നതാണ്. കാപ്പിത്തോട്ടം, കുരുമുളക് തോട്ടം പിന്നെ, വയൽ വരമ്പിലൂടെയുള്ള നടത്തവും പിന്നിട്ടാൽ വീട്ടിൽ ചെല്ലാം. ഒരുപക്ഷെ വീട്ടിലെത്താൻ വേറെ വഴിയുണ്ടോയെന്നുപോലും അറിയില്ല.

അബി നടന്നു.. മുന്നോട്ടു നടന്നു.. കാപ്പിത്തോട്ടത്തിൽ കൂടി, മഞ്ഞിന്റെ കുളിർമയിൽ വേർതിരിക്കാൻ പറ്റാത്ത പൂക്കളുടെ സൗരഭ്യത്തിൽ നടന്നു. മാനം കറുത്തുകൊണ്ടിരുന്നു.. മനസെന്നേ കറുത്തതാണ്! പിന്നെ ചുറ്റുപാടും കറുത്തുകൊണ്ടിരിക്കുന്നു. ഇരുളിനെ മുറിച്ച് വെളിച്ചം വിതറാൻ വരുന്ന തിങ്കൾ മാനത്തെവിടെയെങ്കിലും ഉദിച്ചോയെന്നറിയാൻ അബി ആകാശത്തേക്ക് നോക്കി. എവിടെയും കണ്ടില്ല. വർഷങ്ങൾക്കുമുൻപ് അച്ഛന്റെ കൈപിടിച്ച് നടന്ന വഴികളിലൂടെ അബിയിപ്പോൾ ഒറ്റയ്ക്ക് നടന്നുകൊണ്ടിരിക്കുന്നു. നന്മകളിൽ നിന്നും
അകന്നുപോയ ജീവിതയാത്രക്കൊടുവിൽ, ഓർമ്മകളിൽ നന്മ നിറഞ്ഞുനിൽക്കുന്ന വഴിയിലൂടെ വീട്ടിലേയ്ക്ക് തിരികെയൊരു യാത്ര. അതെ, ധൂർത്ത പുത്രന്റെ മടങ്ങിവരവ്.! ഓർത്തപ്പോൾ അബിക്ക് മനസ്സിൽ കുളിരുകോരി.

വളഞ്ഞും പുളഞ്ഞും നീണ്ടുകിടക്കുന്ന നടപ്പുവഴിയെ ഖണ്ഡിച്ചുകൊണ്ട് വീണ്ടും വഴികൾ പലയിടത്തേക്കും തിരിയുന്നു. പണ്ട് ഒറ്റവഴി മാത്രമേ ഉണ്ടായിരുന്നുള്ളു. രണ്ടായി പിരിയുന്ന വഴിയുടെ മുന്നിൽ അമാന്തിച്ചുനിന്ന അബി ആ സ്ഥലത്തിന്റെ ഭൂപടം മനസ്സിൽ നിന്നും ഓർത്തെടുത്ത് മുന്നോട്ട് നീങ്ങി. വീണ്ടും മഞ്ഞുകനത്തു.. ഇരുട്ട് കനത്തു..

കാപ്പിത്തോട്ടം കഴിയുന്നതായി തോന്നി. ഇനിയുള്ളത് കുരുമുളക് തോട്ടമാണ് അതിനുമുൻപ് കാട്ടുപൊന്തകൾ വളർന്നുപന്തലിച്ചുനിൽക്കുന്ന പണ്ടത്തെ ശവപ്പറമ്പ്! അബിയുടെ ഉള്ളൊന്നു കാളി. ഓർമ്മയിൽ എന്നുമതൊരു പ്രേതസ്ഥലമായിരുന്നു. സ്വാതന്ത്ര്യത്തിനുമുൻപ് അടിമകളെ തല്ലിക്കൊന്ന് കൊണ്ടുതള്ളിയിരുന്ന സ്ഥലം. രാത്രിയിൽ നായും കുറുക്കനും കൂമനും കൊത്തിവലിച്ചിരുന്ന ശവശരീരങ്ങൾ. രാത്രിയുടെ മൂകമായ നിശബ്ദതയിൽ കേട്ടിരുന്ന അപശബ്ദങ്ങൾ ഒരുപക്ഷെ ഗതികിട്ടാതലയുന്ന ആത്മാക്കളുടെയാവണം. പ്രേതങ്ങളും യക്ഷികളും വാഴുന്ന ശവപ്പറമ്പ്. ഓർമ്മകളിലെ കഥകളിൽ എന്നും ഭയം നിറ



ഞ്ഞുനിൽക്കുന്ന ശവപ്പറമ്പ്. പ്രേതവും യക്ഷിയുമൊക്കെ ഉണ്ടാകുമോ ? അബി സ്വയം ചോദിച്ചു.

സ്വന്തം ചോദ്യങ്ങൾക്കൊന്നും ഇതുവരെ ഉത്തരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഉണ്ടെന്നോ ഇല്ലെന്നോ മനസ്സുപറഞ്ഞില്ല പക്ഷെ ദൈവത്തെ എതിർക്കുന്ന ഒരു ശക്തി ഉണ്ടെന്നറിയാം അതനുഭവമാണ്. പിന്നെ കുട്ടിക്കാലത്ത് അമ്മൂമ്മ ആരോടോ പറഞ്ഞതും ഓർമ്മയിൽ വന്നു. "'ദൈവമുണ്ടോ? എങ്കിൽ പിശാച്ചുമുണ്ട്.!" സാത്താന്റെ പരീക്ഷണം ഈശോയ്ക്കുനേരെയും ഉണ്ടായിട്ടുണ്ടെന്ന് അച്ചൻ പള്ളിയിൽ പറഞ്ഞതും അബി ഓർത്തു. പക്ഷെ, അകപ്പെട്ട പ്രലോഭനത്തിൽ നിന്നെങ്ങനെ അതിജീവിക്കണമെന്നു കാണിച്ചു തന്നതാണ് ഈശോ. എന്നാൽ എന്നെപ്പോലൊരുവന് അതിനു സാധിക്കുമോ? അബിയുടെ ഉള്ളിൽ ചിന്തകൾ ഉത്തരമില്ലാതെ കിടന്നു.

അബി മുന്നോട്ടു നടന്നു. ഇരുട്ടിനെ ഇല്ലാതാക്കാൻ കഴിയില്ലെങ്കിലും കയ്യിലെ ടോർച്ച് വഴി തിരിച്ചറിയാൻ സഹായിക്കുന്നുണ്ട്. ആളോ അനക്കമോ ഇല്ലാത്ത ശാന്തമായ അന്തരീക്ഷത്തിൽ മൂങ്ങയുടെ മൂളിച്ച ഒരു മുരൾച്ചപോലെ അബിയുടെ ചെവിയിലെത്തി. വലതുവശത്തെ പൊന്തക്കാടിനുള്ളിൽ അനക്കം കേൾക്കുന്നു. മുന്നിലെ വഴി വീണ്ടും രണ്ടായി പിരിയുന്നു. അബി നിന്നു. മൂങ്ങയുടെ ശബ്ദം തൊട്ടടുത്തെവിടെയോ കേട്ടു തുടങ്ങി. അബി തനിക്കു ചുറ്റിനും ടോർച്ചടിച്ചു നോക്കി. മഞ്ഞിൽ പൂണ്ടുനിൽക്കുന്ന പൊന്തക്കാട്ടിൽ രണ്ടു കണ്ണുകൾ കത്തി ജ്വലിക്കുന്നത് ഒരു മിന്നായം പോലെ അബി കണ്ടു. വീണ്ടും നോക്കുമ്പോൾ ഒന്നുമവിടെ കാണാനുമില്ല. രാത്രിയിൽ ഇറങ്ങിയ മുയലുകളാവാം!

ഓർമ്മകളിൽ യക്ഷിക്കഥകൾ അബിയുടെ മനസ്സിൽ പറന്നെത്തി. മനസ്സിനെ എത്ര നിയന്ത്രിച്ചിട്ടും ചിന്തകളെ അടക്കിനിർത്താൻ കഴിയുന്നില്ല. കുരുമുളക് തോട്ടത്തിൽ തൂങ്ങിമരിച്ച ഷണ്മുഖ ചെട്ടിയാരുടെ ഉന്തിയ കണ്ണുകളും, കടിച്ച നാക്കുകളോടും കൂടിയ ശരീരം കയറിൽ തൂങ്ങി നിൽക്കുന്നത്; മഞ്ഞുള്ള പുലർച്ചെ കണ്ടതും, നാല് ദിവസം പനിച്ചു കിടന്നതും, പിന്നീട് വർഷങ്ങളോളം ഉറക്കത്തിൽ ഭീതിയോടെ ആ മുഖം കണ്ട് ഞെട്ടിയുണർന്നതും ഓർമ്മയുടെ വേലിപ്പടർപ്പുകൾ തകർത്ത് പുറത്തുചാടി. കൂട്ടബലാൽക്കാരത്തിനിരയായ നാടോടി പെണ്ണിനെ ഈ ശവപ്പറമ്പിൽകൊന്നു വലിച്ചെറിഞ്ഞതും, നായും നരിയും കൊത്തിവലിച്ച ശേഷം മിച്ചം കിട്ടിയ ശരീരഭാഗങ്ങൾ വാരിക്കെട്ടി പായയിൽ പൊതിഞ്ഞുകൊണ്ടു പോലീസ് നടന്നകന്നതും താൻ നിൽക്കുന്ന വഴിയിലൂടെയാണെന്നോർത്തപ്പോൾ അബിയുടെ മനസ്സിൽ ഒരു ഞെട്ടൽ ഉണ്ടായി.

നടക്കാൻ തുടങ്ങിയിട്ട് ഒരുപാട് നേരമായി പക്ഷെ കുരുമുളക് തോട്ടത്തിൽ എത്തുന്നില്ല.! ഇത് രണ്ടാം തവണയാണ് താൻ ഈ ശവപ്പറ

മ്പിനെ വലംവെക്കുന്നതെന്ന യാഥാർഥ്യമറിഞ്ഞപ്പോൾ അബിക്ക് അസ്ഥിയെ തുളയ്ക്കുന്ന ഒരു തരിപ്പ് അടിമുതൽ മുകൾ വരെ പടർന്നു.

നടന്നപോയ വഴിയിലൂടെയാണ് വീണ്ടും നടക്കുന്നതെന്ന് അബിക്ക് തോന്നി. തന്റെ പുറകിൽ ഒരു ശബ്ദം അബി കേട്ടു. ഉറഞ്ഞുപോയ ധൈര്യം തിരികെ കിട്ടിയില്ലെങ്കിൽ നേരം വെളുക്കുന്നതുവരെ വഴി തെറ്റിക്കും, അല്ലെങ്കിൽ പൊട്ടക്കുളത്തിൽ ചാടിക്കും; കുട്ടിക്കാലത്ത് വീട്ടിൽ മുതിർന്നവരുടെ ചർച്ചകളിൽ കേട്ട അറിവാണ്. ആത്മാവ് നഷ്ടപ്പെട്ട ശരീരം പോലെനിന്ന അബി ധൈര്യം വീണ്ടെടുക്കാൻ ശ്രമിച്ചുകൊണ്ട് പുറകിൽ നിന്നും കേട്ട ശബ്ദസ്ഥാനത്തേക്ക് ടോർച്ചടിച്ചു. ഇളകുന്ന കുറ്റിക്കാടുകൾ മാത്രമേ കാണാൻ കഴിഞ്ഞുള്ളു. വീണ്ടും വഴി രണ്ടായി പിരിയുന്നു. വലത്തേക്ക് നടന്നു. അറിയാത്ത വഴിയിലൂടെ.. അറിയാത്ത കാടുകളിലൂടെ.. കാണാത്ത കാഴ്ചകളിലൂടെ.

മുന്നിൽ പൊളിഞ്ഞു കിടക്കുന്ന ഒരു വീട്. ശ്മശാന മൂകത നിറഞ്ഞ ഇരുട്ടും. അബിയുടെ നെഞ്ച് ശക്തമായി മിടിച്ചു. ചിലന്തിവലകൾ മുന്നിലും പിന്നിലും. ഇവയൊന്നും ഒരിക്കലും തന്റെ കുട്ടിക്കാലത്ത് ഈ സ്ഥലങ്ങളിൽ കണ്ടിട്ടില്ല. വഴി തെറ്റിയെന്ന് അബിക്ക് ഉറപ്പായി. ചിലന്തി വലകളെയും കാട്ടുചെടികളെയും വകഞ്ഞു മാറ്റി മുന്നോട്ടു നടക്കുമ്പോൾ അബിയുടെ നെറ്റി വിയർത്തു, കാലുകളുടെ ചലന ശേഷി നഷ്ടപ്പെട്ടുകൊണ്ടിരുന്നു, തൊണ്ടയിൽ വെള്ളമറ്റുപോകുന്നു, ക്രമാതീതമായ നിശ്ശബ്ദതക്ക് ഭംഗം വരുത്തിക്കൊണ്ട് ഇടവിട്ട് കേട്ടുകൊണ്ടിരിക്കുന്ന ശബ്ദം അടുത്തടുത്ത് വരുന്നതുപോലെ..

മുന്നിൽ പെട്ടെന്നു തെളിഞ്ഞ കാഴ്ച്ചയിൽ അബിയെത്തിനിൽക്കുന്നത് പൊട്ടിയ ചതുരക്കുളത്തിന് മുൻപിൽ.! ഭയന്നുപോയ അബി ഉള്ളുതകർന്നു നിന്നു. ഒരു കാലടികൂടി മുന്നിലേയ്ക്ക് വച്ചാൽ താൻ കുളത്തിൽ വീണേനെ. ടോർച്ചടിച്ചു നടന്നിട്ടും എന്തുകൊണ്ട് താനിത് കണ്ടില്ലെന്ന ചിന്ത അബിയുടെ തലച്ചോറിൽ മഞ്ഞുവീഴ്ത്തി. ഭയം ഉള്ളിനെ കീഴടക്കിയാൽ പ്രകാശത്തിൽ തെളിയുന്ന കാഴ്ച്ചകൾ പോലും കാണാൻ സാധിക്കാതെ വന്നേക്കാം. തിരികെ നടക്കാൻ തുടങ്ങിയപ്പോൾ വഴിയില്ല.! വഴിയിലൂടെ തന്നെയല്ലേ താൻ വന്നത്? അതോ തനിക്ക് തോന്നിയതായിരുന്നോ? ടോർച്ചടിച്ചു ചുറ്റും നോക്കി. പൊന്തക്കാടുകളും പൊടിപിടിച്ച ചിലന്തിവലകളും മാത്രം. ടോർച്ചിന്റെ വെട്ടത്തിൽ കുളത്തിലെ വെള്ളത്തിനു പച്ച നിറം തോന്നി. നിന്നനിൽപ്പിൽ താൻ അസ്ഥിപഞ്ചരമായി മാറിയേക്കുമെന്നു അബിക്കു തോന്നി.

തന്റെ പുറകിൽ ആരുടെയോ പാദചലനങ്ങൾ കേൾക്കുന്നപോലെ. ഇരുട്ടിന്റെ മറവിൽ നഖം നീട്ടി വളർത്തിയ കൈകൾ ചുമലിലേക്ക് നീണ്ടുവരുന്നതുപോലെ. ഗതികിട്ടാതെ ശവപ്പറമ്പിൽ അലഞ്ഞു തിരിയുന്ന ആത്മാക്കൾക്ക് കുരുതിയായി നിൽക്കുന്നവനെപ്പോലെ അബി തല കുമ്പിട്ട് നിന്നു. പൊട്ടിയ വീടിന്റെ മച്ചിലിരുന്നു കൂമനും, ഉന്തിയ കണ്ണുകളോടും കടിച്ച നാക്കുമായി ഷണ്മുഖ ചെട്ടിയാരും കൊതിയോടെ തന്നെ നോക്കുന്നപോലെ അബിക്കു തോന്നി. അബിക്ക് ശ്വാസം കിട്ടുന്നില്ല. കാണുന്ന കാഴ്ച്ചളിലെല്ലാം ഭയപ്പെടുത്തുന്ന ഓരോ തോന്നലുകൾ അബിയെ പിടികൂടി.

പ്രതീക്ഷയവസാനിച്ചവനെപോലെ അബി നിന്നിടത്ത് മുട്ടേൽകുത്തി ഊർന്നു വീണു. ഭയത്തിന് മുൻപിൽ അബി കുഴഞ്ഞു വീണു. കയ്യിലെ ടോർച്ച് താഴെവീണു വെളിച്ചം അസ്തമിച്ചു. അനുഭവിച്ച് നടന്നുവന്ന ജീവിത യഥാർഥ്യങ്ങളിലേക്ക് അബിയുടെ ചിന്തകൾ പാഞ്ഞു; വർഷങ്ങളുടെ അലച്ചിൽ, വീണും എണീറ്റും ഒരിക്കൽ പോലും നിവർന്നു നില്ക്കാൻ കഴിയാത്തതുമായ പ്രയാണം, ജീവിത ചക്രവാളത്തിൽ ലക്ഷ്യമില്ലാതെ പറന്നുനടക്കുന്ന പുള്ളിനെപ്പോലെയുള്ള ജീവിതം, പണത്തിനുവേണ്ടി ചെയ്തു കൂട്ടിയ അരുതായ്മകൾ, മനസാക്ഷി മാറ്റിവച്ചു ചെയ്യേണ്ടി വന്ന പ്രവൃത്തികൾ. ഒടുവിൽ വീട്ടിലേക്കുള്ള യാത്രയിൽ ഒരഗ്നിപരീക്ഷണവും. ഇവിടെയെല്ലാം നഷ്ടപ്പെട്ടുകൊണ്ട് തകർന്നു വീഴുന്നു. എഴുന്നേൽക്കാൻ പറ്റാത്തവനായി, നിലവിളിക്കാൻ ശക്തിയില്ലാത്തവനായി, ഈ കാടിനുള്ളിൽ താൻ ഇല്ലാതാവുകയാണ്. മടങ്ങിവന്നതിനു തെളിവുപോലും അവശേഷിപ്പിക്കാതെ, ഉടപ്പിറന്നവരെ കാണാതെ കടന്നുപോകുകയാണോ? ഉറക്കെയൊന്നലറിക്കരയണമെന്നുള്ള ആഗ്രഹം പോലും നിറവേറ്റാൻ കഴിയാതെ, അബിയുടെ കണ്ണുകളിലൂടെ ഇരുട്ടുകയറി ശരീരത്തെ ആവരണം ചെയ്തു. കണ്ണുകൾ താഴ്ന്നടഞ്ഞു.

അന്തരാത്മാവിൽ സൂര്യനുദിച്ചപോലെ ഒരു

വെട്ടം അബിയുടെ ഉള്ളിനെ ഞെട്ടിയുണർത്തി. സ്വന്തം നിഴൽ പോലും തിരിച്ചറിയാതെ പോകുന്ന ജീവിതയാത്രയിൽ കൈവിടാതെ കാക്കുന്ന ദൈവമുണ്ടെന്ന ഉൾവിളി അബിക്കുണ്ടായി. സാത്താനെ ദൂരെപ്പോകുക എന്നാവർത്തിച്ചു പറഞ്ഞ യേശുക്രിസ്തുവിന്റെ വാക്കുകൾ കടമെടുത്തിട്ടെന്നപോലെ അബി മനസിനെയുണർത്തി. അവഗണനകളിലും തകർച്ചകളിലും വീണുപോകാതെ കൈപിടിക്കുന്ന യേശുവിന്റെ കരുണാർദ്രമായ മുഖം ഉൾക്കോണിൽ തെളിഞ്ഞു. ഉള്ളിലെ ഭയം പതിയെ നീങ്ങുന്നത് അബിയറിഞ്ഞു.

നിലത്തുവീണുപോയ ടോർച്ച് തപ്പിയെടുത്തു തെളിച്ചു. മഞ്ഞുമറ മാറി തെളിഞ്ഞുവരുന്ന പ്രകൃതി ദൃശ്യമെന്നപോലെ, മുന്നിലെ കാഴ്ചകൾക്ക് വ്യക്തത വന്നു തുടങ്ങി. ചിലന്തി വലകളും കുളവും അപ്രത്യക്ഷമായി, പൊളിഞ്ഞ വീടും കാട്ടുപൊന്തകളും അപ്രത്യക്ഷമായി. തലച്ചോറിൽ ഭയം നിറഞ്ഞപ്പോൾ തനിക്ക് തോന്നിയ മായക്കാഴ്ച്ചകൾ ആയിരുന്നോ അവയൊക്കെ? ബുദ്ധിയേയും മനസ്സിനെയും ഭയം നിയന്ത്രിച്ചാൽ കാണാത്തതൊക്കെ കണ്ടേക്കാം, തോന്നലുകൾ യഥാർഥ്യമായി തീർന്നേക്കാം! അബിയിപ്പൊ നിൽക്കുന്നത് കുരുമുളക് തോട്ടത്തിന്റെ മുന്നിലാണ്.

മാനത്തുദിച്ച ചന്ദ്രവെളിച്ചത്തിന്, ടോർച്ചിന്റെ പ്രകാശത്തേക്കാൾ വെളിച്ചമായിരിക്കുന്നു! അബി ആകാശത്തേക്ക് നോക്കി. മഞ്ഞിൻകണങ്ങളെ അരിച്ചുകൊണ്ട് ഭൂമിയിലെത്തുന്ന ചന്ദ്രപ്രകാശത്തിൽ പ്രകൃതി കുളിച്ചിരിക്കുന്നു. ഒരു നക്ഷത്രം തിളങ്ങുന്നു. ഒരെണ്ണം മാത്രം.! പണ്ട് ആട്ടിടയന്മാർ ആകാശത്തിൽ കണ്ട നക്ഷത്രം പോലെ..! നക്ഷത്രം നോക്കി ജറുസലേമിലേക്കും, ബേത്‌ലഹേമിലേക്കും യാത്ര ചെയ്തതുപോലെ.!

അബി നടന്നു. വർഷങ്ങൾക്കുമുൻപ് താൻ പോയപ്പോൾ വീട്ടിലുള്ളവരൊക്കെ ഒരുപാട് സങ്കടപ്പെട്ടിരിക്കാം.. കുരുമുളക് തോട്ടത്തിലും വയലിലും ഒഴുകിനടന്നിരുന്ന ചെറുക്കനെയോർത്ത് ഈ പ്രകൃതിയും സങ്കടപ്പെട്ടിരിക്കാം.. മടങ്ങിവരവിൽ എന്നെ സ്വീകരിച്ചത് ഇങ്ങനെയൊരു പരീക്ഷണത്തിലൂടെ ആയിരിക്കുമോ? അതോ, എല്ലാം വെറുമൊരു തോന്നലായിരുന്നോ?

കുട്ടിക്കാലത്തെ പ്രാർത്ഥനാനിരതമായ സന്ധ്യകളിൽ അമ്മയിൽനിന്നും പടിച്ചതൊക്കെ ഉള്ളിലെവിടെയോ അണയാത്ത കനലായി കിടക്കുന്നുണ്ടെന്നത് അബിയറിഞ്ഞു. പ്രലോഭനങ്ങൾക്കെതിരെയുള്ള ഒരു ചൂണ്ടുവിരൽ.! മുന്നോട്ടുള്ള നടത്തത്തിനിടക്ക് വീണ്ടും ആകാശത്തേയ്ക്ക് നോക്കി. അവിടെ ശോഭയോടെ തിളങ്ങിനിൽക്കുന്ന നക്ഷത്രം തനിക്കുമുൻപേ സഞ്ചരിക്കുകയാണെന്നു തോന്നി.

കുരുമുളക് തോട്ടം കഴിഞ്ഞു. പാടവരമ്പിലൂടെ നടക്കുമ്പോൾ മഞ്ഞിൻ കണങ്ങൾ നിറഞ്ഞ തണുത്ത കാറ്റേറ്റ് ദേഹമാസകലം കുളിരുകോരി. അപ്പോൾ അകലെ തലയുയർത്തിപിടിച്ചിരിക്കുന്ന പള്ളിയിൽ തെളിഞ്ഞ പ്രകാശവും, പാടത്തിനപ്പുറത്തുള്ള വീടുകളിൽ ഇരുട്ടിന്റെയും നിഴലിന്റെയുമിടയിലൂടെ വെളിച്ചം പരത്തി മിന്നിക്കത്തുന്ന നക്ഷത്രങ്ങളുടെ നീണ്ടനിരയും മഞ്ഞുഭിത്തികൾക്കപ്പുറമായിട്ട് അബി കണ്ടു.

അബി പള്ളിമുറ്റത്തെത്തുമ്പോൾ പാതിരാ കുർബാന തുടങ്ങിക്കഴിഞ്ഞിരുന്നു. പള്ളിമുറ്റത്ത് വലിയൊരു പുൽക്കൂട് ഉണ്ടാക്കിവച്ചിരിക്കുന്നു. മാലാഖമാരും, ആട്ടിടയന്മാരും, ജ്ഞാനികളുമടക്കം ഒരുപാടുപേരുടെ സാന്നിധ്യം പുൽക്കൂടിനെ പുണ്യപ്പെടുത്തുന്നു. വർഷങ്ങൾക്കു ശേഷം താൻ വീണ്ടും പള്ളിമുറ്റത്ത്.! ഊരു ചുറ്റിയ ധൂർത്ത പുത്രൻ വീണ്ടും വീട്ടുപടിക്കലെത്തിയിരിക്കുന്നു. അബി ആകാശത്തേക്ക് നോക്കി, അവിടെ ചന്ദ്രൻ നിലാവുപരത്തി സന്തോഷവാനായി കാണപ്പെട്ടു. നക്ഷത്രങ്ങൾ ചന്ദ്രനുപിന്നിൽ പശ്ചാത്തലമൊരുക്കി മിന്നിത്തെളിയുന്നു.

പണ്ട്, ആട്ടിടയന്മാർ പുൽക്കൂട്ടിൽ എത്തിയതുവരയേ അവർക്കു വഴികാണിച്ച നക്ഷത്രത്തെക്കുറിച്ചറിയൂ. പിന്നീട് ഒരുപക്ഷെ തന്നെയിവിടെ എത്തിക്കുകയെന്ന നിയോഗമാവാം ആ നക്ഷത്രത്തിന് പൂർത്തിയാക്കാനുണ്ടായിരുന്നത്.! അതെ ഇനിയും ഇതുപോലുള്ള എത്രയോ നിയോഗങ്ങൾ നക്ഷത്രങ്ങൾക്കുണ്ടാകും. ആകാശത്ത് വാരിവിതറിയപോലെ നക്ഷത്രങ്ങൾ... നക്ഷത്ര സമൂഹങ്ങൾ.. സൗരയൂധത്തിനുമപ്പുറത്ത് ജ്വലിച്ചു നിൽക്കുന്ന നക്ഷത്രങ്ങൾ.! അബിയുടെ മനസിനും ശരീരത്തിനും ഉണർവ്വു ലഭിച്ചു. നിലച്ച വഴികളിൽ നിന്നുമുള്ള യാത്ര, ജറുസലേമിലേക്കുള്ള യാത്രയായിരുന്നു. അബി സന്തോഷത്തോടെ പള്ളിയിലേക്ക് കയറി.





**Amal Varghese**
Kanjirathummoottil

# അർത്ഥവക്രീകരണം എന്ന യുദ്ധതന്ത്രം

ഇന്നത്തെ ലോകത്തിൽ വിശ്വാസത്തിനും ധാർമ്മികതയ്ക്കും എതിരെ ഉപയോഗിക്കപ്പെടുന്ന യുദ്ധതന്ത്രമാണ് വിശ്വാസപ്രമാണങ്ങളെയും ധാർമിക മൂല്യങ്ങളെയും അർത്ഥവക്രീകരിക്കുക (Demeaning) എന്നുള്ളത്. വിശ്വാസങ്ങളും മൂല്യങ്ങളും വ്യവസ്ഥിതികളും എല്ലാം തകർക്കപ്പെടണമെന്നും അവയെല്ലാം കേവലം തട്ടിപ്പുകളാണെന്നുമുള്ള വിഷലിപ്തമായ ചിന്തകളെ മനുഷ്യന്റെ ബുദ്ധിയിൽ കുത്തിവയ്ക്കുന്നതാണീ പ്രതിഭാസം. ചാൾസ് പെഗയ് (Charles Péguy) എന്ന ഫ്രഞ്ച് പത്രപ്രവർത്തകൻ ഈ പ്രതിഭാസത്തെപ്പറ്റി കുറിക്കുന്നത് ഇപ്രകാരമാണ് "ആധുനിക ലോകം അർത്ഥവക്രീകരിക്കപ്പെടുന്നു. അത് സംസ്കാരങ്ങളെയും, മനുഷ്യനെയും, സ്നേഹത്തെയും, സ്ത്രീത്വത്തെയും, കുടുംബത്തെയും, മനുഷ്യവർഗ്ഗ തന്നെയും അർത്ഥവക്രീകരിക്കുന്നു. ഒരുപക്ഷേ ഈ ലോകത്തിൽ അർത്ഥവക്രീകരിക്കാൻ ഏറ്റവും പ്രയാസമുള്ള മരണത്തെയും ലോകം അർത്ഥവക്രീകരിക്കുന്നതിൽ പരിധിവരെ വിജയിച്ചിട്ടുണ്ട്. ഇപ്രകാരം മനുഷ്യൻ തന്റെ അസ്തിത്വവും അർത്ഥവും നഷ്ടപ്പെടുന്ന നിലയിലേയ്ക്ക് ചുരുങ്ങുകയാണ്.

## മനുഷ്യൻ അർത്ഥമുള്ളവൻ

അർത്ഥം നഷ്ടപ്പെടുന്ന, വിലയില്ലാതാവുന്ന ഒന്നാമത്തെ വസ്തുത മനുഷ്യനാണ്. ആർക്കും നശിപ്പിക്കാനും വാങ്ങാനും വാങ്ങാനും സാധിക്കുംവിധം മനുഷ്യന്റെ വില ഒരു കമ്പോളവസ്തുവോളം ചുരുക്കുവാനുള്ള പരിശ്രമം ഇന്നത്തെ ലോകത്തുണ്ട്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതാണ് ഓരോ മനുഷ്യനും. വിശ്വാസിയോ, അവിശ്വാസിയോ, പാവപ്പെട്ടവനോ, പണക്കാരനോ, എന്ന വ്യത്യാസമില്ലാതെ എല്ലാവരിലും ആ ഔന്നത്യം ഉണ്ട്. ഈ ഔന്നത്യത്തിന് വിഘാതമായിട്ടുള്ള എല്ലാ ചുവടുവയ്പ്പുകളും തിരുത്തപ്പെടേണ്ടതാണ്. ലൈംഗിക വ്യക്തിത്വവും, ഗർഭധാരണവും, മരണം പോലും ഇന്ന് വ്യക്തികളുടെ സ്വകാര്യ തിരഞ്ഞെടുപ്പുകളായി മാറിക്കൊണ്ടിരിക്കുകയാണ്. മനുഷ്യ ജീവിതം അർത്ഥപൂർണമാവുക ജീവിതത്തിലെ പ്രതിസന്ധികളിൽ നിന്ന് ഓടിയൊളിക്കുമ്പോഴല്ല, മറിച്ച് അവയെ തരണം ചെയ്യുമ്പോഴാണ്.

കാലം എത്ര മുന്നോട്ട് പോയാലും മനുഷ്യന്റെ അർത്ഥവും അന്തസത്തയും ഉയർത്തിപ്പിടിക്കപ്പെടുക തന്നെ വേണം. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. മനുഷ്യജീവിതത്തിനു അർത്ഥവും ലക്ഷ്യ വുമുണ്ട്. സുഖദുഃഖങ്ങളോടും സന്തോഷസന്താപങ്ങളോടും ആരോഗ്യഅനാരോഗ്യളോടും ജീവിച്ചു നി ത്യജീവിതത്തിൽ എത്തിച്ചേരേണ്ടതാണീ ജീവിതം. ധനസമ്പാദനത്തേക്കാളും ഭൗതികസുഖങ്ങൾ നേടി യെടുക്കുന്നതിനേക്കാളും വളരെ ഉന്നതമായ അർത്ഥവും ലക്ഷ്യവും മനുഷ്യജീവിതത്തിനുണ്ട്. ഈ ജീ വിതം നിരന്തരമായ സത്യാന്വേഷണമാണ്. തുറന്നമനസ്സോടെ സത്യത്തെ അന്വേഷിക്കുന്നവർക്കു മാത്രമേ നിത്യസത്യമായ ദൈവത്തെ കണ്ടുമുട്ടാൻ സാധിക്കൂ. വഴിയും സത്യവും ജീവനും ഞാനാണ് (യോഹന്നാൻ 14 : 6) എന്നുപറഞ്ഞ ദൈവത്തോട് നിരന്തരം സംഭാഷിക്കുന്നതിലൂടെയാണ് വെളിപ്പെടു ത്തപ്പെട്ട സത്യത്തിൽ ആഴപ്പെടാനും ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും കണ്ടെത്താനുമാകുക.

## കുടുംബം: കണ്ടുമുട്ടലിന്റെയിടം

കുടുംബം എന്നത് മനുഷ്യ സംസ്കാരത്തിന്റെ തന്നെ അടിസ്ഥാനമാണ്. കുടുംബമാണ് ത്രിത്വത്തിന്റെ കൂട്ടായ്മയും, സ്നേഹവും, ഒരുവന് തന്റെ ജീവിതത്തിൽ സ്വന്തമാക്കാനുള്ള പ്രധാനപ്പെട്ട വേദികളിൽ ഒന്ന്. ഇത്രയേറെ പ്രാധാന്യം കുടുംബത്തിനുള്ളതുകൊണ്ടുതന്നെ ദൈവത്തിനും മനുഷ്യനുമെതിരായുള്ള ആക്രമണങ്ങൾ ആദ്യം ലക്ഷ്യമിടുന്നതും കുടുംബത്തെയാണ്.

ലഹരിവസ്തുക്കളുടെ ഉപയോഗവും, പ്രീമാരിറ്റൽ സെക്സും, കൃത്രിമ ഗർഭനിരോധമാർഗ്ഗങ്ങളുടെ പ്രചാരവും, ഭ്രൂണഹത്യയും തുടങ്ങി ദയാവധം വരെയുള്ള ധാർമികതയെ വെല്ലുവിളിക്കുന്നവയെല്ലാം കുടുംബത്തെ അർത്ഥശൂന്യമാക്കുന്നതും തകർക്കുന്നതുമാണ്.

ഇപ്രകാരം വിഷലിപ്തമാകുന്ന കുടുംബങ്ങൾ ദൈവത്തെയും മനുഷ്യനെയും കുറിച്ച് വികലമായ കാഴ്ച്ചപ്പാടുകൾ രൂപീകരിക്കുന്നു. അങ്ങനെ അവർ തന്നിൽ തന്നെ വൈരുദ്ധ്യങ്ങൾ നി റഞ്ഞവരും തന്റെ തന്നെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്നവരുമായി തീരും. ഇത് സമൂഹത്തെ വലിയ തകർച്ചയിലേയ്ക്ക് നയിക്കും.

## സ്നേഹം : നമ്മിലെ ദൈവാംശം

ദൈവത്തിന്റെ സൃഷ്ടിയാണ് മനുഷ്യൻ സ്നേഹം തന്നെയായ ദൈവത്തിന്റെ മകനും മകളുമാണ് മനുഷ്യൻ. അതിനാൽ തന്നെ മനുഷ്യന്റെ അടിസ്ഥാന സ്വഭാവം ദൈവത്തിന്റെ സ്നേഹത്തിൽ അധിഷ്ഠിതമാണ്. പക്ഷേ മനുഷ്യന്റെയും കുടുംബത്തിന്റെയും അർത്ഥം തകർത്തെറിയപ്പെടുമ്പോൾ, ദൈവത്തിന്റെയും മനുഷ്യന്റെയും ചിത്രങ്ങൾ അവന്റെ ഉള്ളിൽ വികലമാക്കപ്പെടുമ്പോൾ, തന്റെ തന്നെയുള്ളിൽ വൈരുദ്ധ്യങ്ങൾ നിറഞ്ഞ് അസ്തിത്വം നഷ്ടപ്പെട്ടവനാകുമ്പോൾ മനുഷ്യനിലെ സ്നേഹവും വികലമാക്കപ്പെടും.

ദൈവത്തിന്റെ സ്നേഹമാണ് മനുഷ്യന്റെ സ്വഭാവം, അത് നിസ്വാർത്ഥമാണ്. അത് സ്നേഹിതനു വേണ്ടി ജീവൻ നൽകുന്നതാണ്. പക്ഷേ ഇതിൽ നിന്ന് വിഭിന്നമാണ് ഇന്നത്തെ ലോകത്തിന്റെ പല സ്നേഹ സങ്കൽപങ്ങളും. അവിടെ സ്നേഹം എന്ന ലോകത്തെ ഏറ്റവും മനോഹരമായ വസ്തുതയ്ക്കുതന്നെ അർത്ഥശോഷണവും വ്യതിചലനവും സംഭവിക്കുന്നു. തൽഫലമായി സ്നേഹിക്കാനും ആഴമുള്ളതും നിലനിൽക്കുന്നതുമായ ബന്ധങ്ങൾ നിർമ്മിക്കാനും മനുഷ്യൻ ഭയപ്പെ ടുന്നു. സ്നേഹത്തിന് പൊയ്മുഖങ്ങളുള്ള ഒരു സംസ്കൃതി ആർക്കും ആരേയും വിശ്വാസമില്ലാത്ത, ബന്ധങ്ങളും വേരുകളും നഷ്ട്ടപ്പെട്ട മനുഷ്യസം

സ്കൃതിയാണ്. ആരോടും കടപ്പാടും ബന്ധവുമില്ലാത്ത മനുഷ്യൻ തന്റെ ചുറ്റുമുള്ളതെല്ലാം സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാനുള്ള വെറും വസ്തുക്കൾ മാത്രമായി പരിഗണിക്കുന്നു. യഥാർത്ഥ സ്നേഹത്തിന്റെ അർത്ഥം നഷ്ടപ്പെട്ട മനുഷ്യന് ജീവിതത്തിൽ മറ്റൊന്നിനും അർത്ഥം കണ്ടെത്താനാവില്ല.

### ദൈവം: അർത്ഥവും അസ്തിത്വവും

ദൈവത്തിലാണ് സകലത്തിന്റെയും അർത്ഥവും അസ്തിത്വവും അടങ്ങിയിരിക്കുന്നത്. അതു കൊണ്ടാണല്ലോ വി. യോഹന്നാൻ ഇപ്രകാരം സാക്ഷിക്കുന്നത് : സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല. (യോഹന്നാൻ1:3) ബോധ്യങ്ങളും മൂല്യങ്ങളും വെല്ലുവിളിക്കപ്പെടുമ്പോഴും അവയുടെ അന്തസത്ത ഇല്ലാതാക്കപ്പെടുമ്പോഴും അവയെല്ലാം ആത്യന്തികമായി ഫലം ചെയ്യുന്നത് മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുന്നതിലേക്കാണ്. മനുഷ്യൻ ജീവിതത്തിലെ ഒരോ കാര്യവും വെറും സ്വാർത്ഥപരമായ തിരഞ്ഞെടുപ്പുകളായി മാത്രം പരിഗണിക്കുമ്പോൾ സ്രഷ്ടാവായ ദൈവത്തിന്റെ പിതൃത്വമാണ് വെല്ലുവിളിക്കപ്പെടുന്നത്.

കുടുംബത്തിന്റെ അസ്തിത്വം തകർക്കുന്ന എല്ലാ പ്രവണതകളും ദൈവത്തിന്റെ മുഖമാണ് വികലമാക്കുന്നത്. ദൈവത്തിന്റെ മാതൃപിതൃ ഭാവങ്ങളെ ഒരുവൻ കണ്ടുമുട്ടേണ്ടത് കുടുംബത്തിലാണ്. അർത്ഥവക്രീകരണത്തിന് ഇരയായ ഒരുവനു സ്നേഹം പലപ്പോഴും വികലമായ സങ്കൽപ്പമാണ്. പക്ഷേ ഇതിന്റെ അനന്തരഫലമെന്നത് ദൈവത്തെ മനുഷ്യൻ നഷ്ടപ്പെടുത്തുന്നതാണ്. കാരണം സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം ദൈവം സ്നേഹമാണ്. (1 യോഹ 4:8). അർത്ഥവക്രീകരണം എന്ന യുദ്ധതന്ത്രം ഏറ്റവും പ്രധാനമായി എതിരിടുന്നത് ദൈവം എന്ന സത്യത്തോടാണ്. ധാർമ്മിക ബോധ്യങ്ങളും മൂല്യങ്ങളും വിശ്വാസ ചൈതന്യങ്ങളും വെല്ലുവിളിക്കപ്പെടുന്നതിലൂടെ ദൈവം അർത്ഥവക്രീകരിക്കപ്പെടുന്നു. ദൈവം എന്ന സത്യത്തിന് ഒരുവന്റെ ജീവിത കാഴ്ച്ചപ്പാടിൽ അർത്ഥവക്രീകരണം സംഭവിച്ചാൽ അത് ആ ജീവിതത്തെ മുഴുവനും നിരർത്ഥകമാക്കും.

### ഉപസംഹാരം

കർദ്ദിനാൾ റോബർട്ട് സാറാ ഠവല ႨႷႸ ശര ႨႹ ളമ്യ ുലിႸ എന്ന ഗ്രന്ഥത്തിലൂടെ പറഞ്ഞു വയ്ക്കുന്നതുപോലെ അർത്ഥം കണ്ടെത്തേണ്ട സമയമാണ് ഈ കാലഘട്ടം. ലോകത്തിന്റെയും ജീവിതത്തിന്റെയും ബന്ധങ്ങളുടെയും ഒക്കെ അർത്ഥം ഒരുവൻ ദൈവം എന്ന സത്യത്തോട് ചേർത്തുവച്ച് കണ്ടെത്തണം. അപ്രകാരം ഒരു കണ്ടെത്തലിലൂടെ മാത്രമേ ഇന്നിന്റെ ധാർമ്മിക

അപചയങ്ങൾക്ക് ഉത്തരം നൽകാനാവൂ. അപ്രകാരം അർത്ഥം കണ്ടെത്തുന്ന ജീവിതം മാത്രമേ സംതൃപ്തവും ഫലപൂർണവുമാകൂ. സഭയിലും സമൂഹത്തിലും അർത്ഥവക്രീകരണത്തിനെതിരെ നിതാന്ത ജാഗ്രതയുണ്ടാവണം. ഉണർവോടെയുള്ള പരിശ്രമങ്ങളുണ്ടാവണം. വിശ്വാസകൈമാറ്റം യുദ്ധമുന്നണിയിലെ പോരാട്ടവീര്യത്തോടെയാവണം. അല്ലാത്തപക്ഷം ക്രിസ്തീയതയ്ക്കൊരു ആമുഖം എന്ന ഗ്രന്ഥത്തിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഓർമ്മിപ്പിച്ച പോലെ സഭയും വിശ്വാസവും സർക്കസിലെ കോമാളിയുടെ ചേഷ്ടകൾ പോലെ ഫലശൂന്യവും നിരർത്ഥകവും അപഹാസ്യവുമാവും. നിരന്തരമായ സത്യാന്വേഷണത്തിലൂടെ ദൈവത്തെ നമുക്ക് കണ്ടുമുട്ടാം, സ്വന്തമാക്കാം.



സാറുഗിലെ യാക്കോബ്
ഓർമ്മ നവംമ്പർ 29

# പ്രകൃതിയുടെ വികൃതികൾ



**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
(ഹ്യൂമൻ റൈറ്റ്സ് കൗൺസിൽ ഓഫ് ഇന്ത്യ
പത്തനംതിട്ട ജില്ല പ്രസിഡന്റ്, സെൻറ് ജോസഫ്
മലങ്കര സുറിയാനി കത്തോലിക്ക പള്ളി ഇളമണ്ണൂർ)



ഋതുകാലങ്ങളിൽ മാറിവരുന്ന പ്രകൃതിയുടെ വികൃതികൾ ഒരുപക്ഷേ കേരളീയരായ നമ്മൾക്ക് അപരിചിതമല്ല. 2018-ലേ വെള്ളപ്പൊക്കത്തിന് ശേഷം രണ്ടുദിവസം നീണ്ടുനിൽക്കുന്ന മഴയാണെങ്കിൽ മലയാളികൾക്ക് ഭയം കലശലാകും, കാലം കാത്തുവെച്ച നീതി എന്നപോലെ 2018 ലേ വെള്ളപ്പൊക്കത്തിന് , അറിഞ്ഞോ അറിയാതെയോ തുടച്ചു മാറ്റപ്പെട്ടവരും ദുരിതം തുടർക്കഥയായവരും ഒരുപാടുണ്ട്. ഇവിടെ ശാന്തൻപാറയും, ചൂരൻമലയും പ്രകൃതിയുടെ വികൃതി മൂലം ഉണ്ടായ തീരാ നഷ്ടത്തിൽ പെടുന്നവയാണ്.

'ഒന്ന് രസകരമായി പറഞ്ഞാൽ ഇസ്രായേൽ നിങ്ങൾ ദൈവത്തിൻറെ സ്വന്തം ജനം ആയിരിക്കാം , എന്നാൽ ഞങ്ങളുടെ ഈ കേരളം ദൈവത്തിൻറെ സ്വന്തം നാടായിരുന്നു'.

ഋതുഭേദങ്ങളും ഋതുദിനരാത്രങ്ങളും കൂടിച്ചേർന്ന ഒരു ഉത്സവകാലം കഴിഞ്ഞു പോയിട്ട് കാലങ്ങളേറെയായിട്ടില്ല.

വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിങ്ങനെ ആറു കാലങ്ങൾ അവയുടെ ഉത്തരവാദിത്തങ്ങൾ കൃത്യതയോടെ ചെയ്തിരുന്ന നേരം.

ഇനി ഒരു തിരിച്ചുവരവ് ഉണ്ടാകുമോ എന്നത് സാങ്കല്പികം മാത്രമാണ് മഴയും ന്യൂനമർദ്ദങ്ങളും കൊടുങ്കാറ്റും അതിൻറെ രൗദ്രഭാവത്തിൽ എത്താൻ തുടങ്ങിയിട്ട് കൊല്ലം പത്തായി. ആഗോളതാപനം ഓസോൺ ചോർച്ച എന്നെല്ലാം ആരെയൊക്കെയോ പഴിചാരുന്നു നാം ഓരോരുത്തരും.

### വനം നശീകരണം

ഭൂമിയുടെ ശ്വാസകോശം ആണ് വനങ്ങൾ. മരങ്ങൾ കാർബൺ ഡൈ ഓക്സൈഡ് എടുത്ത് ഓക്സിജനും ജലബാഷ്പവും വായുവിലേക്ക് പുറന്തള്ളുന്നു, ഒരു വനം ഇല്ലാതാകുമ്പോൾ അവശേഷിക്കുന്ന സസ്യങ്ങളുടെ ഈർപ്പം നശിക്കുന്നു. ഇവ



മനുഷ്യർക്കും വന്യമൃഗങ്ങൾക്കും ഒരുപോലെ ദോഷകരമാകുന്നു. വനനശീകരണം മൂലം വന്യജീവികൾ കുടിവെള്ളം ആഹാരം ഇവയ്ക്കെല്ലാം വേണ്ടി ജനവാസ മേഖലകളിൽ ഇറങ്ങുന്നു. മരങ്ങൾ നഷ്ടപ്പെടുന്നത് വെള്ളപ്പൊക്കം, മണ്ണൊലിപ്പ്, മരുഭൂമീകരണം, ഉയർന്ന താപനില എന്നിവ വേഗത്തിൽ സംഭവിക്കാൻ കാരണമാകുന്നു. ആഗോളതാപനം നിയന്ത്രിക്കുന്നതിൽ വനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. അന്തരീക്ഷത്തിലെ സന്തുലിതാവസ്ഥ പുനസ്ഥാപിക്കാൻ വനങ്ങൾ ഹരിതഗൃഹ വാതകങ്ങൾ ഉപയോഗിക്കുന്നു. മരം ഒരു വരമാണെന്നും ആ വരം സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെ കടമയാണ് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

## കടൽ കയറ്റം

തീരപ്രദേശം കാലം തെറ്റി വരുന്ന മഴയുടെയും കാറ്റിന്റെയും കടലക്ഷോഭത്തിന്റെയും ഭീതിയിലാണ്. കള്ളക്കടൽ എന്നും ന്യൂനമർദ്ദംമെന്നും വിളിക്കാൻ തുടങ്ങിയിട്ട് കാലമേറെ ആയിട്ടില്ല. രൂക്ഷമായ കടൽക്ഷോഭം മൂലം, മത്സ്യബന്ധ മേഖലകളിൽ നിന്ന് ഇന്ന് പലരും പിന്മാറിയിരിക്കുന്നു. തീരങ്ങൾ കയ്യേറുകയും, നികത്തുകയും, ചെയ്യുന്നത് മൂലം കടൽ തിരമാലകൾ മറുകരയിലേക്ക് രൂക്ഷമായി കയറുന്നത് തുടർ കഥയാകുന്നു. തീരദേശ മേഖലകളായ കേരളത്തിലെ വൈപ്പിൻ , ചെല്ലാനം, ആലപ്പുഴ, അമ്പലപ്പുഴ, തിരുവനന്തപുരം കടലോര മേഖലകൾ കടൽക്ഷോഭത്തിന്റെ ബാക്കിപത്രങ്ങൾ മാത്രമാണ്. ജലം കൊണ്ട് മുറിവേറ്റവരുടെ കണ്ണീർ നമുക്ക് മുന്നറിയിപ്പാണ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 2100 ആകുമ്പോഴേക്കും തീരത്തോട് ചേർന്ന് കിടക്കുന്ന പല നഗരങ്ങളും കടൽ എടുത്തിരിക്കും എന്നത് യാഥാർത്ഥ്യം മാത്രമാണ്.

പ്രകൃതിയെ അതിൻറെ വികൃതിക്ക് വിട്ടുകൊടുക്കാതെ വരും തലമുറയ്ക്കും വാസയോഗ്യമാവിധം ഇന്നു നാം ഉപയോഗിക്കേണ്ടിയിരിക്കുന്നു.





# സിസ്റ്ററും കുട്ടികളും.



അജി ജോസഫ്

**പള്ളി മണികളേ പള്ളി മണികളേ**
**സ്വർല്ലോക ഗീതത്തിനുറവുകളെ...**

സ്കൂൾ വരാന്തയിലെവിടെ നിന്നാണ് ഈ പാട്ട് കേൽക്കുന്നതെന്ന് നോക്കി സിസ്റ്റർ ഹൃദ്യ നടന്നു. പടികളിൽ അതാ ജയിസും ആൻസിയും ബ്ലസിയും. അവരുടെ ഒരാളുടെ മൊബൈലിൽ നിന്നാണ് ഗാനം.

എന്ത് പറ്റി ഇന്ന് പാട്ട് കേൾക്കാൻ?
അതും ഈ പഴയ ഗാനം സിസ്റ്റർ അവർക്കരുകിലെത്തി. 1968 ൽ ഇറങ്ങിയ അദ്യാപിക എന്ന ചലച്ചിത്രത്തിലെ പാട്ടാണ് സിസ്റ്റർ ബ്ലസി പറഞ്ഞു. അറിയാം; പി. ലീലയും രേണുകയും ചേർന്ന് പാടിയതല്ലെ ഒ എൻ വി സാറിന്റെ വരികളാണ് സിസ്റ്റർ കൂടുതൽ വിവരങ്ങൾ കൊടുത്തുകൊണ്ട് മൂവരെയും നോക്കി ചോദിച്ചു, "എന്ത് പറ്റി പാട്ടൊക്കെ ആയിട്ട്'.

ജയിസ്- പള്ളി മണിയെ കുറിച്ച് അറിയാൻ ആയിരുന്നു സിസ്റ്റർ.

ആൻസി - സിസ്റ്റർ വന്നത് കൊണ്ട് ഇനി പാട്ട് കെൾക്കണ്ടാ സിസ്റ്റർ പറഞ്ഞു തരുമല്ലോ.

സിസ്റ്റർ : ആഹാ നിങ്ങൾ കൊള്ളാലോ,

വിശുദ്ധ കുർബാനയുടെ പ്രധാന ഭാഗങ്ങളെ കുറിക്കുന്നതിനും ആളുകളുടെ ശ്രദ്ധ ആകർഷിക്കുന്നതിനുമാണ് ചെറിയ മണി കിലുക്കുന്നത്.

ബ്ലസ്സി – വലിയ മണിയെ കുറിച്ചാണ് ഞങ്ങൾക്ക് അറിയേണ്ടത് സിസ്റ്റർ..
സിസ്റ്റർ– യഹൂദന്മാർ ദൈവാരാധന ആരംഭിക്കുന്നതിനു മുൻപ് കാഹളം ഊതിയിരുന്നു (സംഖ്യ 10:1–10) അതിനെ അനുസ്മരിപ്പിക്കുന്നതാണ് പള്ളി മണി.

ജയ്സ്– സിസ്റ്ററേ മണി നാദത്തിനു മറ്റേതെങ്കിലുമായി സാദൃശ്യമുണ്ടോ...

സിസ്റ്റർ – ദൈവാരാധനയ്ക്കായ് പള്ളിയിലേയ്ക്ക് ക്ഷണിക്കുന്ന കാഹളം ആയി സാദൃശ്യപ്പെടുത്താം.

മിശിഹാരാജനെ സ്തുതിക്കാൻ മണിനാദം നമ്മെ ഒരുമിച്ച് കൂട്ടുന്നു. രാജാവിൽ നിന്ന് സമ്മാനങ്ങൾ സ്വീകരിക്കാൻ കാഹളനാദം സൈന്യങ്ങളെ ഒന്നിച്ച് കൂട്ടുന്നത് പോലെ മണിനാദം നമ്മെ മിശിഹായുടെ സന്നിധിയിങ്കൽ ഒന്നിച്ചു കൂട്ടുന്നു. അവിടുന്ന് നമുക്ക് പാപമോചനവും ന്യായമായ യാചനകളുടെ അംഗീകാരവും മറ്റ് ആദ്ധ്യാത്മീയ ദാനങ്ങളും നൽകുന്നു.

മാത്രമല്ല കുഞ്ഞുങ്ങളെ, ശത്രുവിനോട് പോരാടുവാൻ സൈന്യങ്ങളെ കാഹളധ്വനി ഒന്നിച്ച് കൂട്ടുന്ന പോലെ മനുഷ്യരാശിയുടെ പൊതുശത്രുവായ സാത്താനോട് യുദ്ധം ചെയ്യാനും മണിനാദം നമ്മുക്ക് ആഹ്വാനം നൽകുന്നു. മാത്രമല്ല വർത്തമാന കാലത്തിന്റെ വ്യഗ്രതകളിൽ നിന്ന് പിന്മാറി ക്രിസ്തുവിന്റെ പാദാന്തികത്തിലിരുന്ന മറിയത്തെ പോലെ നല്ലപങ്ക് തിരഞ്ഞെടുത്ത് (ലൂക്കാ 10:38–41) നിത്യജീവിതത്തിന്റെ ധ്യാനത്തിനും മണിനാദം നമ്മെ പ്രേരിപ്പിക്കുന്നു.

ബ്ലസി – അപ്പോ കുറച്ച് ചരിത്രം കൂടി പറഞ്ഞു തരാമോ സിസ്റ്ററമ്മേ..
സിസ്റ്റർ– ആദ്യകാലത്ത് നമ്മുടെ കർത്താവിന്റെ മരക്കുരിശിലുള്ള മരണത്തെ അനുസ്മരിപ്പിക്കുന്നതിനായ് മരത്തടിയിൽ അടിക്കുന്ന പതിവാണുണ്ടായിരുന്നത്.

മരത്താൽ കല്പന ലംഘിച്ച് പറുദീസായിൽ നിന്ന് ബഹിഷ്കൃതരായ മനുഷ്യപാപത്തിൽ നിന്നുള്ള രക്ഷ കുരിശുമരത്താൽ കൈവന്നതിനെ ഇതനുസ്മരിപ്പിക്കുന്നു.

ശേഷം ആറാം നൂറ്റാണ്ടോടെ ഇന്നത്തെ രീതിയിലുള്ള ഓട് കൊണ്ടുള്ള മണികൾ ഉപയോഗിക്കാൻ തുടങ്ങി.

ജയിസ് – അപ്പൊ എങ്ങിനെയെങ്കിലും മണിയടിച്ചാൽ മതിയാകും അല്ലെ...

സിസ്റ്റർ – അല്ല, ആദ്യം കൂട്ടമായും പിന്നീട് മൂന്ന് വീതം 11 പ്രാവശ്യവും അവസാനം കൂട്ടമായും ആണ് മണി അടിക്കേണ്ടത്.

ജയിസ്– മൂന്ന് വീതം പതിനൊന്ന് പ്രാവശ്യം എന്ന് വച്ചാൽ , 3?? ണ്മ 1??1?? = 3??3?? അങ്ങിനെയാണൊ.

സിസ്റ്റർ – അതെ. കർത്താവിന്റെ സമ്പൂർണ്ണ ജീവിതത്തിന്റെ അമൂല്യവും ഫലപ്രദവും സജീവവുമായ ഓർമ്മയാണ് കൂട്ടമണിയിലൂടെ ഉദ്ദേശിക്കുന്നത്.

കർത്താവിന്റെ മനുഷ്യാവതാര ജീവിതത്തിന്റെ അനുസ്മരണയ്ക്കാണ് മൂന്ന് വീതം 11 പ്രാവശ്യം മണിയടിക്കുന്നത്.
ആൻസി – വിശുദ്ധ കുർബാന ആരംഭിക്കുന്നതിനു മുൻപ് 3 തവണ മണിയടിക്കുന്ന പതിവാണ് മലങ്കര പള്ളികളിലെന്ന് കേട്ടിട്ടുണ്ട്. ശരിയാണൊ.

സിസ്റ്റർ – അതെ.

ശരി കുട്ടികളെ പിന്നീട് സംസാരിക്കാം,
എന്ന് പറഞ്ഞുംകൊണ്ട് സിസ്റ്റർ ഹൃദ്യ എഴുന്നേറ്റു.

തുടരും..

# മംഗളവാർത്ത



**റോയി പൂച്ചേരിൽ,**
**ബഹ്റൈൻ**

ശ്രവിച്ചു
ദൂതസന്ദേശം അനുഗ്രഹീതേ
കൃപ നിറഞ്ഞവളെ, സ്വസ്തി

ചിന്തിച്ചു
അഭിവാദനത്തിനർത്ഥം
അഗാധം, അനിർവചനീയം

തുടർന്നു
ഭയം വേണ്ട, ദൈവപ്രസാദത്താൽ
അത്യുന്നതപുത്രൻ നിന്നിൽ ജനിക്കും

ചോദിച്ചു
ഇതെങ്ങനെ സംഭവ്യം
പുരുഷനെയറിയാതെ
അവിശ്വസനീയം!

പ്രതിവചിച്ചു
പരിശുദ്ധാത്മാവ് പ്രവർത്തിക്കും
ദൈവത്തിന് സർവ്വം സാധ്യം

അനുസരിച്ചു
നിറവേറട്ടെ നിൻ വാക്ക്
ഞാനിതാ, കർതൃദാസി

സമർപ്പിച്ചു
പൂർണ്ണമായ് എളിമയാൽ
വിധേയമിത്, ദൈവഹിതം

ധരിച്ചു
വചനമാം ദൈവത്തെ ഗർഭം
പൂർവ്വവാഗ്ദാനം പൂർത്തിയായി

ജനിച്ചു
ലോകരക്ഷകൻ ഇമ്മാനുവേൽ
പാപമോചകനാം ദൈവപുത്രൻ

ഓതുന്നു
മാലാഖയിന്നും, മംഗളവാർത്ത
കൃപ നിറഞ്ഞവ ളെ/നെ സ്വസ്തി

കേൾക്കാം
പാപക്കറകൾ കഴുകാം
വചനവിത്തിനാൽ ഉൾത്തടമൊരു
ക്കാം

നിറയാം
ലാവണ്യമാം ദൈവകൃപയിൽ
കാരുണ്യമാം താതനെന്നും വസി
ക്കട്ടെ


ജനിക്കും
ഈശോ നിന്നിൽ വീണ്ടും
കുറവുകളെയവൻ നിറവുകളാക്കും

ഒരുക്കിടാം
ഹൃത്തടം പുൽക്കൂടാക്കാം
പ്രത്യാശതൻ തിരുപ്പിറവി കാക്കാം

സ്വന്തമാക്കാം
നമുക്കിനി രക്ഷകമാതൃത്വം
ദൈവഹിതമത്, പറയുമോ ആമ്മേൻ

# മാതാപിതാക്കളും മക്കളും അറിയാൻ

**എഡിറ്റർ: ഫാ. തോമസ് കുഴിനാപ്പുറത്ത്**




എറെ പുതുമകളോടെ

**8 –ാം പതിപ്പ്**

ഉടൻ പുറത്തിറങ്ങുന്നു

**മുഖവില**

₹. 350/

പ്രീ പബ്ലിക്കേഷൻ വില

**₹.280/-**

**കഴിഞ്ഞ പതിപ്പുകൾക്ക് വലിയ പിന്തുണ നൽകിയ മാന്യ വായനക്കാർക്ക് ഹൃദയം നിറഞ്ഞ നന്ദി !!!**

കോപ്പികൾ ബുക്ക് ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ദയവായി പേര്, മൊബൈൽ നമ്പർ, കോപ്പികളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്ന വാട്സാപ് നമ്പറിലേക്കോ, ഇമെയിൽ ഐഡിയിലേക്കോ അയക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

8129482279 thomas.kuzhinapurath@gmail.com

ഫാ. തോമസ് കുഴിനാപ്പുറത്ത്

# ഓർമ്മയിൽ
# ശ്രേഷ്ഠാചാര്യന്മാർ



**ആബൂൻ പൗലോസ് മോർ പീലക്സിനോസ് പിതാവിന്റെ ദുക്റോനോ പെരുന്നാൾ**

**03 Nov 1998**



# സഹനങ്ങളിലൂടെ ദൈവത്തെ ദർശിച്ച ഇടയ ശ്രേഷ്ഠൻ....



jinson Vazhappillethu

ഭാഗ്യസ്മരണീയനായ ആബൂൻ പൗലോസ് മോർ പീലക്സിനോസ് തിരുമേനി.

സഭാഐക്യത്തിന്റെ ഇടയശ്രേഷ്ഠൻ, സഹനങ്ങളുടെ അപ്പോസ്തോലൻ എന്നീ അപരനാമങ്ങളാൽ അറിയപ്പെട്ടിരുന്ന, മലങ്കര സുറിയാനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനു മുമ്പ് 1967 മുതൽ 1977 വരെയുള്ള കാലയളവിൽ തൊഴിയൂർ സഭയുടെ മേലധ്യക്ഷൻ ആയിരുന്ന വിജാതിയരുടെ അപ്പസ്തോലനായ മോർ പൗലോസ് ശ്ലീഹായുടെ നാമധാരിയായ പൗലോസ് മോർ പീലക്സിനോസ് പിതാവ് തൃശ്ശൂർ ജില്ലയിലെ അഞ്ഞൂർ ഗ്രാമത്തിൽ പ്രസിദ്ധ കുടുംബമായ അയ്യംകുളങ്ങര വീട്ടിൽ തോമസിന്റെയും താണ്ടകുട്ടിയുടെയും ആറു മക്കളിൽ മൂത്ത മകനായി 1928 ഏപ്രിൽ 28 ന് ഭൂജാതനായി. പൗലോസ് എന്ന നാമധേയത്തിൽ തൊഴിയൂർ സഭയുടെ ഭദ്രാസന ദൈവാലയമായ അഞ്ഞൂർ പള്ളിയിൽ വച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു. കൊച്ചുകുഞ്ഞൻ എന്ന ഓമനപ്പേരിലായിരുന്നു പൗലോസിനെ എല്ലാവരും സ്നേഹപൂർവ്വം വിളിച്ചിരുന്നത്. ചെറുപ്രായത്തിൽ തന്നെ വളരെയേറെ രോഗപീഡനങ്ങളിലൂടെ അദ്ദേഹത്തിന് കടന്നു പോകേണ്ടതായിട്ട് വന്നു. അഞ്ച് വയസ്സ് മാത്രം പ്രായമുള്ളപ്പോൾ അദ്ദേഹത്തിന് കലശലായ പനി പിടിപ്പെട്ടു. പനി മൂർഛിച്ച് തൊണ്ടയിൽ ടോൺസിലൈറ്റിസ് പിടിപ്പെടുകയും തുടർന്ന് നടത്തിയ ശസ്ത്രക്രിയയിൽ രക്തം വാർന്ന് അവശനായ പൗലോസിന് തത്ഫലമായി ആയുഷ്കാലമത്രയും ആസ്ത്മ എന്ന രോഗത്തിന് അടിമപ്പെടേണ്ടതായിട്ട് വന്നു. ആസ്ത്മാ രോഗം പൗലോസിനെ അലട്ടി കൊണ്ടിരുന്നപ്പോൾ പോലും പഠന കാര്യത്തിൽ അദ്ദേഹം തെല്ലും പുറകോട്ട് പോയില്ല. ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ തൊഴിയൂർ സി.എം.എച്ച്.ഇ സ്കൂളിൽ ആണ് പഠിച്ചത്. എട്ടാം ക്ലാസിലെ പബ്ലിക്ക് എക്സാമിനേഷൻ കൊച്ചന്നൂർ സർക്കാർ സ്കൂളിൽ വച്ച് എഴുതി ഫസ്റ്റ് ക്ലാസോടുകൂടി പാസ്സായി. തുടർന്നുള്ള പഠനം പഴഞ്ഞി സർക്കാർ സ്കൂളിലും അതിന് ശേഷം ഇ.എസ്.എൽ.സി.ക്. കുന്നംകുളം ബോയ്സ് ഹൈസ്കൂളിലും ചേർന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. കുന്നംകുളം ഹൈസ്കൂളിൽ നിന്നും ആ വർഷം ഇ.എസ്.എൽ.സി.ക് വിജയിച്ച മൂന്നു പേരിൽ ഒരാൾ തോമസ് പേ

ാൾ എന്നറിയപ്പെട്ടിരുന്ന പൗലോസായിരുന്നു. ഇന്റർമീഡിയേറ്റ് പഠനത്തിനായി മഹാരാഷ്ട്രയിലെ കോലാപ്പൂരിൽ സാംഗ്ലിയിലെ വെല്ലിംഗ്ടൻ കോളേജിൽ ചേരുകയും അവിടെ നിന്ന് ഫസ്റ്റ് ക്ലാസ്സോടുകൂടി പാസ്സാവുകയും ചെയ്തു. ഒരു ഡോക്ടർ ആകണമെന്ന് അതിയായ ആഗ്രഹിച്ചിരുന്ന പൗലോസിന് തടസ്സമായി നിന്നത് അദ്ദേഹത്തിന്റെ രോഗമായിരുന്നു. അങ്ങനെ തന്റെ ഡോക്ടർ ആകാനുള്ള ആഗ്രഹം ഉപേക്ഷിച്ച് തിരിച്ച് നാട്ടിൽ എത്തിയ പൗലോസ് കൂടുതൽ ആയി ദൈവീകകാര്യങ്ങളിൽ തൽപ്പരനായി ജീവിക്കുവാൻ തീരുമാനിച്ചു. അങ്ങനെ എല്ലാ ദിവസവും കുർബാനയിൽ സംബന്ധിക്കുകയും കൂടുതൽ സമയം പ്രാർത്ഥനകൾക്കും ദൈവീക പഠനങ്ങൾക്കുമായി മാറ്റി വച്ച പൗലോസിന്റെ സ്വഭാവ ഗുണവും ഭക്തിയും കണ്ട് ആകൃഷ്ടനായ ഗീവർഗീസ് മോർ കൂറിലോസ് പിതാവ് പൗലോസിനെ വൈദികനാക്കാനുള്ള ആഗ്രഹം മാതാപിതാക്കളോടു പറയുകയും അങ്ങനെ തോമസ് പോൾ (പൗലോസ് മോർ പീലക്സിനോസ് പിതാവ്) തന്റെ വല്ലപ്പച്ചനായ പൗലോസ് കത്തനാരുടെയും പിതൃസഹോദരനായ ഇയ്യോബ് കത്തനാരുടെയും പാത സ്വീകരിച്ച് മലബാർ സ്വതന്ത്ര സുറിയാനി സഭയിൽ(തൊഴിയൂർ സഭ) വൈദീക പരിശീലനം ആരംഭിച്ചു. അങ്ങനെ 1961 ഡിസംബർ 24-ാം തീയതി ഗീവർഗീസ് മോർ കൂറിലോസ് പിതാവിൽ നിന്നും പൗലോസ് വൈദീക പട്ടം സ്വീകരിച്ചു. വൈദീകനായ ശേഷം തന്റെ ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെ വക വയ്ക്കാതെ സഭയുടെയും സഭയിലെ വിശ്വാസികളുടെയും ആത്മീയോന്നമനത്തിനായി പ്രവർത്തിച്ച പോളച്ചൻ(പൗലോസ് മോർ പീലക്സിനോസ്) 1967 ഡിസംബർ 9-ാം തീയതി മാർത്തോമാ സഭയിലെ യൂഹാനോൻ മാർത്തോമാ മെത്രാപ്പോലീത്തായിൽ നിന്നും റമ്പാൻ സ്ഥാനം സ്വീകരിക്കുകയും ഒരാഴ്ച്ചക്ക് ശേഷം അതായത് ഡിസംബർ 16ന് പൗലോസ് മോർ പീലക്സിനോസ് മൂന്നാമൻ എന്ന നാമധേയത്തിൽ മേൽപ്പട്ട സ്ഥാനം സ്വീകരിക്കുകയും ചെയ്തു. വെറും പത്ത് വർഷക്കാലം മാത്രമേ തൊഴിയൂർ സഭയിൽ മേലധ്യക്ഷ്യനായി അദ്ദേഹം സേവനം അനുഷ്ഠിച്ചു എന്നുള്ളങ്കിലും അക്കാലമത്രയും തൊഴിയൂർ സഭയക്ക് തികച്ചും അനുഗ്രഹത്തിന്റെയും പ്രത്യാശയുടെയും കാലങ്ങളായിരുന്നു. തന്റെ സ്തുത്യർഹമായ സേവനത്തിലൂടെ ആദ്ദേഹം ആശുപത്രികൾ പള്ളികൾ തുടങ്ങിയവ പണിയുകയും സഭാ വിശ്വാസികളെ ദൈവത്തിങ്കലേക്ക് കൂടുതൽ നയിക്കുവാനും അശരണർക്കും ആലംബഹീനർക്കും താങ്ങും തണലായും നിലകൊള്ളാനും ആദ്ദേഹം പരിശ്രമിച്ചു. എന്നിരുന്നാൽ തന്നെയും സഭയിലെ പ്രശ്നങ്ങളും ന്യൂനതകളും മൂലം വിഷമിച്ച പീലക്സിനോസ് പിതാവ് പ്രശ്ന പരിഹാരത്തിനായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയാണ് ഏക മാർഗമെന്ന് 1977 ജൂലൈ പത്തിന് വിളിച്ചു കൂട്ടിയ പത്ര സമ്മേളനത്തിൽ പ്രസ്താവിച്ചു. ഇത് ശരിക്കും തൊഴിയൂർ സഭയിൽ വലിയൊരു കോളിളക്കത്തിന് ആരംഭം കുറിച്ചു. എന്നാൽ പിതാവിനെ പുനരൈക്യത്തിനാ



മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യത്തിനുശേഷം അഭിവന്ദ്യ അത്തനാസിയോസ് മെത്രാപ്പോലീത്തായോടും അഭിവന്ദ്യ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായോടുമൊപ്പം.

യി പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ചിലർ ഈ കോളിളക്കം കണ്ടപ്പോൾ പുനരൈക്യപ്പെടുക എന്ന തീരുമാനത്തിൽ നിന്നു പിൻവലിഞ്ഞുവെങ്കിലും പീലക്സിനോസ് പിതാവ് ദൈവദാസൻ മോർ ഈവാനിയോസ് പിതാവിനെ പോലെ തന്റെ തീരുമാനത്തിൽ തന്നെ ഉറച്ചു നില കൊണ്ടു. പിതാവിന്റെ സെക്രട്ടറിയായ ജോർജ് വടക്കനച്ചനും പിതാവിനോടൊപ്പം കൂട്ടായി നിന്നു. 28/8/1977 ഞായറാഴ്ച്ച രാവിലെ അരമനയിൽ പീലക്സിനോസ് പിതാവും സഭാ ട്രസ്റ്റിമാരും ,പിതൃസഹോദരിയുടെ മകൻ ജോർജ് വടക്കൻ അച്ചനും,പിതാവിന്റെ സഹോദരൻ ജോബ് അയ്യംകുളങ്ങരയും ,കല്ലുംപുറം പോൾ ചേട്ടനും ,വറുതുണ്ണി ചേട്ടനും ,കൊച്ചു ലോനപ്പൻ ചേട്ടനും അല്ലാതെ ആരും ഉണ്ടായിരുന്നില്ല. ഗേറ്റിന് മുന്നിൽ സെന്റ് സേവ്യേയ്സ് കത്തോലിക്കാ പള്ളിയിലെ വികാരിയായ പാപ്പിള്ളി അച്ചനും വിശ്വാസികളും പീലക്സിനോസ് പിതാവിനെ സ്വീകരിച്ച് കത്തോലിക്കാ ദേവാലയത്തിലേക്ക് ആനയിക്കുവാനായിട്ട് കാത്തിരിക്കുകയാണ്. പിതാവിന്റെ നിയന്ത്രണത്തിലും ഉപയോഗത്തിലും ഇരുന്നിരുന്ന സഭാവക വസ്തുവകകളും സാധന സാമഗ്രികളും മെത്രാപ്പോലീത്തായിൽ നിന്നും ഞങ്ങൾ കൈപ്പറ്റിയിരിക്കുന്നു എന്ന് സഭാ ട്രസ്റ്റിമാർ എഴുതി ഒപ്പിട്ട കുറിപ്പും വാങ്ങിച്ചതിനു ശേഷം കഴുത്തിൽ ഉണ്ടായിരുന്ന കുരിശുമാലയും വിരലിലെ മുദ്ര മോതിരവും ഊരി ട്രസ്റ്റിമാരെ ഏൽപ്പിച്ച് കഴുത്തിൽ ചരടിൽ കോർത്ത ഒരു മരക്കുരിശു അണിഞ്ഞ് അഭിവന്ദ്യ പിതാവ് അരമനയിൽ നിന്നിറങ്ങി മദ്ബാഹിയിൽ കയറി പ്രാർത്ഥിച്ചു. അതിനു ശേഷം പിതാവും പുറകെയായി ജോർജ് വടക്കൻ അച്ചനും കല്ലുംപുറം പോൾ ചേട്ടനും പിതാവിന്റെ സഹോദരനായ ജോബ് അയ്യംകുളങ്ങരയും ഗേറ്റിലേക്ക് നടന്നു നീങ്ങി. ഗേറ്റിന് അടുത്ത് എത്തിയപ്പോൾ പയ്യപ്പിള്ളി അച്ചൻ പിതാവിന്റെ കൈമുത്തി സ്വീകരിച്ചു. പിന്നെ കാറിൽ കയറി അഞ്ഞൂർ കത്തോലിക്കാ പള്ളിയിൽ എത്തി പ്രാർത്ഥന നടത്തി. തുടർന്ന് തൃശ്ശൂർ അതിരൂപതയിലേക്ക് യാത്ര തിരിച്ചു. അവിടെ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആർച്ച്ബിഷപ്പ് ബനഡിക്ട് മോർ ഗ്രീഗോറിയോസ് പിതാവിന്റെയും, തിരുവല്ല അതിരൂപതയുടെ അധ്യക്ഷൻ മോർ അത്തനാസിയോസ് പിതാവിന്റെയും കുണ്ടംകുളം ബിഷപ്പിന്റെയും, ബിഷപ്പ് ചീനാത്തിന്റെയും സാന്നിധ്യത്തിൽ വിശ്വാസപ്രഖ്യാപനം നടത്തി മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. പുനരൈക്യത്തിന് ശേഷം അഞ്ഞൂർ കേന്ദ്രമാക്കി പ്രവർത്തിച്ച പിതാവിന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു വസ്റ്റ് മങ്ങാട് സ്കൂൾ വാങ്ങിക്കണമെന്നുള്ളത്. അത് വാങ്ങിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾക്കുമായി പിതാവ് അഹോരാത്രം കഷ്ടപ്പെടേണ്ടതായി വന്നു. വളരെയേറെ പ്രതിസന്ധികളിൽ കൂടിയാണ് പിതാവ് ആ കാലഘട്ടങ്ങളിൽ കൂടി കടന്നു പോയത്. എന്നിരുന്നാൽ തന്നെയും കർത്താവായ യേശുക്രിസ്തുവിന്റെ കുരിശുമരണത്തോടു കൂടി തന്റെ വേദനകളും ചേർത്തുവച്ച് സഹിക്കുവാൻ ആ ഇടയശ്രേഷ്ഠൻ പരിശ്രമിച്ചിരുന്നു. സുറിയാനി ഭാഷയിലും അന്ത്യോക്യൻ ആരാധനക്രമത്തിലും ഉള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യം വളരെ വലുതായിരുന്നു. തന്റെ രോഗം തന്നെ വളരെയേറെ അലട്ടികൊണ്ടിരുന്നപ്പോഴും സഭയുടെ ആരാധനക്രമത്തെ കുറിച്ച് കൂടുതലായി പഠിക്കുവാനായിട്ടും അത് മറ്റുള്ളവരിലേക്ക് പകർന്നു നൽകുവാനായിട്ടും അദ്ദേഹം ശ്രമിച്ചുകൊണ്ടേയിരുന്നു. സുറിയാനി ഭാഷാ പ്രോത്സാഹനത്തിനായി വിവിധ സെമിനാരികളിൽ എൻഡോവുമെന്റുകൾ ഏർപ്പെടുത്തി.

സുറിയാനി ഭാഷാ പണ്ഡിതനായിരുന്ന പിതാവിന്റെ ഗ്രന്ഥശേഖരം വിവിധ സെമിനാരികൾക്കായി സമ്മാനിച്ചു. സെമിനാരിയിലെ വിദ്യാർത്ഥികൾക്കാപ്പം സമയം ചെലവഴിക്കാൻ അദ്ദേഹം വളരെയേറെ ശ്രമിച്ചിരുന്നു. അങ്ങനെ ആരാധനക്രമത്തിലുള്ള തന്റെ അറിവുകൾ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ അദ്ദേഹം യാതൊരു മടിയും കാണിച്ചിരുന്നില്ല. അത്രമാത്രം അദ്ദേഹം അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തെ സ്നേഹിച്ചിരുന്നു .1981ൽ ലിറ്റർജി കമ്മറ്റിയുടെ അധ്യക്ഷനായി അഭിവന്ദ്യ പിതാവിനെ പരിശുദ്ധ സഭ നിയമിച്ചു. സഭയിലെ ശുശ്രൂഷാ പുസ്തകങ്ങളിൽ വന്നിട്ടുള്ള തെറ്റുകൾ തിരുത്തി അത് പുനർ അച്ചടിക്കുവാൻ പിതാവ് വളരെ ശ്രദ്ധിച്ചിരുന്നു. കുട്ടികളെ വളരെയേറെ സ്നേഹിച്ചിരുന്ന പിതാവ് സ്കൂളുകളിലെ പരിപാടികൾക്കായി വിളിക്കുമ്പോൾ അതിനായി പ്രത്യേകം സമയം മാറ്റി വച്ച് പരിപാടികളിൽ സംബന്ധിച്ച് തന്റെ സ്നേഹാശീർവാദങ്ങൾ കുട്ടികൾക്ക് പകർന്നുകൊടുക്കുന്നതിൽ പിതാവ് വളരെയേറെ സന്തോഷിച്ചിരുന്നു. രോഗംമൂലം വളരെയേറെ കഷ്ടപ്പെട്ടിരുന്ന



മലങ്കര കത്തോലിക്കാസഭയിലെ മെത്രാപ്പോലീത്താമാർ മാർ പീലക്സിനോസിന്റെ ഭൗതിക ശരീരത്തിന് സമീപം

ഒരു ഇടയശ്രേഷ്ഠനായരുന്നു അഭിവന്ദ്യ പീലക്സിനോസ് പിതാവ്. ബാല്യകാലം മുതലെയുള്ള ആസ്ത്മാ രോഗവും, പിൽക്കാലത്ത് പിടിപ്പെട്ട റ്റി.ബി.യും, പ്രമേഹവും, രക്തസമ്മർദ്ദവും അദ്ദേഹത്തെ വളരെയേറെ കഷ്ടതയിലാഴ്ത്തിയിരുന്നു.

സുറിയാനി ഭാഷയിലും അന്ത്യോക്യൻ ആരാധനക്രമത്തിലും ഉള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യം വളരെ വലുതായിരുന്നു. തന്റെ രോഗം തന്നെ വളരെയേറെ അലട്ടികൊണ്ടിരുന്നപ്പോഴും സഭയുടെ ആരാധനക്രമത്തെ കുറിച്ച് കൂടുതലായി പഠിക്കുവാനായിട്ടും അത് മറ്റുള്ളവരിലേക്ക് പകർന്നു നൽകുവാനായിട്ടും അദ്ദേഹം ശ്രമിച്ചുകൊണ്ടേയിരുന്നു.

1998 നവംബർ 3ന് ശക്തമായ ശ്വാസതടസ്സവും മൂത്ര തടസ്സവും അനുഭവപ്പെട്ട അഭിവന്ദ്യ പിതാവിനെ പുഷ്പഗിരിയിൽ പ്രവേശിപ്പിക്കുകയും അവിടെ വച്ച് തീവ്രമായ ശ്വാസതടസ്സം അനുഭവപ്പെട്ടതു മൂലം ഐ.സി.യു.വിൽ പ്രവേശിപ്പിക്കുകയും കൃത്രിമ ശ്വാസം നൽകുകയും ചെയ്തു. രോഗ വിവരം അറിഞ്ഞ് ഓടിയെത്തിയ അഭിവന്ദ്യ തോമസ് മോർ കൂറിലോസ് പിതാവ് പീലക്സിനോസ് പിതാവിന് തൈലാഭിഷേകം നൽകി. അങ്ങനെ സഹനം നിറഞ്ഞ ജീവത വഴിയിൽ കൂടി നടന്നു നീങ്ങി സഭയേയും ആരാധനക്രമത്തേയും തന്റെ ജീവനെക്കാളേറെ സ്നേഹിച്ച് സത്യത്തിൽ അടിയുറച്ച് നിലനിന്ന് ജീവിച്ച ആ പുണ്യാത്മാവ് 1998 നവംബർ 3ന് രാത്രി 10.30 ക്ക് ഈ ലോകയാത്ര അവസാനിപ്പിച്ച് സ്വർഗത്തിലേക്ക് നടന്നു നീങ്ങി.

അഭിവന്ദ്യ പിതാവിന്റെ ദൗതീക ശരീരം പിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടേയും ജനസഹസ്രങ്ങളുടെയും സാന്നിധ്യത്തിൽ തിരുവല്ല സെന്റ് ജോൺസ് മലങ്കര സുറിയാനി കത്തീഡ്രൽ ദൈവാലയത്തിൽ നവംബർ 5ന് കബറടക്കി. തന്റെ ജീവിതത്തിലുടനീളം സഹനങ്ങളിലൂടെയും പ്രയാസങ്ങളിലൂടെയും കന്നുപോയപ്പോൾ അവ മറ്റുള്ളവരോട് ഒരു പരിഭവവും പറയാതെ സഹിച്ചപ്പോഴും, താൻ ഒരു മെത്രാൻ ആണ് എന്നതിന്റെ യാതൊരു അഹങ്കാരവും ഇല്ലാതെ മറ്റുള്ളവരോട് എന്നും വിനയത്തോടും സ്നേഹത്തോടും പെരുമാറുകയും, സത്യത്തിൽ മാത്രം അടിയുറച്ചു നിന്ന് സഭയേയും ദൈവത്തേയും മറ്റുള്ളവരുടെ മുൻപിൽ ഏറ്റു പറയുകയും ചെയ്തു കൊണ്ട് വിശുദ്ധിയുടെ പാതയിൽ ജീവിച്ച അഭിവന്ദ്യ പീലക്സിനോസ് പിതാവ് സ്വർഗത്തിൽ ഇരുന്നുകൊണ്ട് നമുക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്നുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല...

# ഓർമ്മയിൽ ആചാര്യന്മാർ



ആചാര്യരാ നിൻ രഹസ്യങ്ങൾ
പരികർമ്മിച്ചൊരു ആചാര്യരേകുക
പുണ്യം നാഥാ സ്തോത്രം!

## Thiruvananthapuram

| | |
|---|---|
| Rt. Rev. Fr. Alexander Valiaveettil Corepiscopo | 15-11-1986 |
| Rev. Fr. Zacharias Thekkedath (Kottarakara) | 20-11-1952 |
| Rev. Fr. Thomas Vadakekara (Elanthoor) | 09-11-1937 |
| Rev. Fr. Thomas Neriattil | 15-11-1995 |
| Rev. Fr. Samuel Thenguvilayil | 15-11-1986 |
| Rev. Fr. Samuel Mankavil (Kattanam) | 01-11-1948 |
| Rev. Fr. Philip Thomas Kochukallil | 07-11-1987 |
| Rev. Fr. Omman Ayyaneth | 18-11-2015 |
| Rev. Fr. Mathew Kadakampallil | 30-11-2017 |
| Rev. Fr. Mathai Munjanattu (Kalayapuram) | 29-11-1955 |
| Rev. Fr. Joseph Thachett | 23-11-1991 |
| Rev. Fr. John Kannankara | 24-11-2021 |
| Rev. Fr. Jacob Thakidiyil (Karichal) | 23-11-1931 |

## Tiruvalla

| | |
|---|---|
| Rt. Rev. Msgr. John Kachiramattam | 05-11-1958 |
| Rev. Fr. Thomas Neriamparampil | 28-11-1981 |
| Rev. Fr. Thomas Kalekattil | 05-11-1947 |
| Rev. Fr. Thomas Angadiyil | 15-11-2017 |
| Rev. Fr. Mathew Vazhappally | 15-11-1975 |
| Rev. Fr. Koshy Elavatta | 20-11-1973 |
| Rev. Fr. K. M. Pathrose Karamel Koickel | 03-11-1992 |
| Rev. Fr. Jacob Cheriamadom | 24-11-1989 |
| Rev. Fr. George Purackal | 15-11-1975 |
| Rev. Fr. Alex Payyampallil | 12-11-1997 |
| Rev. Fr. Abraham Madathirampil | 14-11-1997 |
| Rev. Fr. Paulose Thykattil | 06-11-1959 |

## Pathanmthitta

| | |
|---|---|
| Rev. Fr. Thomas Ponmelil | 01-11-2013 |
| Rev. Fr. Philip C. Pantholil | 15-11-2015 |

## Bethany

| | |
|---|---|
| Fr. Peter Kozhimannil OIC | 02-11-1998 |
| Fr. Jayapaul Vilathivilail OIC | 08-11-2003 |
| Bro. Joseph Thondakarottu OIC | 10-11-2011 |
| Fr. Francis Xavier Pillasseril OIC | 16-11-1990 |
| Bro. Antony Nayarkulangara OIC | 17-11-1962 |
| Fr. Dominic Odalil OIC | 18-11-1997 |

# ഓർമ്മയിൽ
# വന്ദ്യ സന്ന്യാസിനിമാർ

"നിൻ ദയയിങ്കൽ ശരണിതയായ്
നിദ്രയടഞ്ഞൊരു സോദരിയെ നിൻ മഹിമോദയ
ദിവസത്തിൽ നിൻ കാരുണ്യം കാട്ടേണം"

## SISTERS OF THE IMITATION OF CHRIST

ബഥനി സന്ന്യാസിനിമാർ

| | |
|---|---|
| **THIRUVALLA** | |
| Sr. Aloysius | 29-11-1982 |
| Sr. Tristha | 10-11-1988 |
| Sr. Rose | 29-11-1988 |
| Sr. Stella | 23-11-1999 |
| Sr. Dakhya | 24-11-1999 |
| Sr. Augustine | 15-11-2000 |
| Sr. Susanna | 10-11-2001 |
| Sr. Marietta | 10-11-2016 |
| **PATHANAMTHITTA** | |
| Sr. Baseelia | 14-11-2008 |
| Sr. Jyothis | 07-11-2013 |
| **MUVATTUPUZHA** | |
| Sr. Egbert | 11-11-2022 |

## മേരി മക്കൾ സന്ന്യാസിനിമാർ

| | |
|---|---|
| Rev. Sr. Victoria DM | 03-11-1983 |
| Rev. Sr. Thomasina DM | 06-11-1993 |
| Rev. Sr. Stephy Maria DM | 30-11-1994 |
| Rev. Sr. Lawrence DM | 24-11-2007 |
| Rev. Sr. Berkumans DM | 17-11-2010 |
| Rev. Sr. Albin Kunnel DM | 29-11-2011 |
| Rev. Sr. Pauline DM | 28-11-2020 |
| Rev. Sr. Barbara DM | 27-11-2020 |

Congregation of the Daughters of Mary

## ആരോഗ്യ പ്രവർത്തകരുടെ ജോലി സ്വഭാവം.

ഒരോ ആരോഗ്യപ്രവർത്തകരും ആരോഗ്യ സ്ഥാപനങ്ങളുടെ അവിഭാജ്യ ഘടകമാണ്.ആയതിനാൽ തന്നെ അവരെ ആരോഗ്യസ്ഥാപനങ്ങളിലെ മുൻനിരപോരാളികൾ എന്ന് തന്നെ പറയാം.ഓരോ ആരോഗ്യപ്രവർത്തകരും അവരവരുടെ ജോലി സ്വഭാവത്തെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും കൃത്യമായി അറിഞ്ഞിരിക്കേണ്ടതാണ്.അവയിൽ പ്രധാനമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഒന്ന് വിവരിക്കാം.

കൃത്യ സമയത്ത് തന്നെ ഡ്യൂട്ടിയ്ക്ക് ഹാജരാവുക,ജോലി നോക്കുന്ന ആരോഗ്യ സ്ഥാപനത്തിന്റെ മാനദണ്ഡ പ്രകാരമുള്ള ശരിയായതും വൃത്തിയുള്ളതുമായ യൂണിഫോം ധരിക്കുക, ഐഡൻടിറ്റി കാർഡ്, നെയിം ബോർഡ് ജോലി സമയത്ത് കൃത്യമായി ധരിക്കുക,ഫുൾ യൂണിഫോമിൽ ഹാജർ രേഖപ്പെടുത്തുക,മേലുദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ആശുപത്രിസംബന്ധമായതോ രോഗീപരിചരണവുമായി ബന്ധപ്പെട്ടതോ ആയ ജോലികൾ സമയബന്ധിതമായി നിർവഹിക്കുക,രോഗീ സൗഹൃദ മനോഭാവത്തോടെ(ജനസൗഹൃദ നിലപാട്) രോഗികളോടും കൂട്ടിരിപ്പുകാരോടും പെരുമാറുക,ഡ്യൂട്ടി സമയം കഴിയുന്നത് വരെ അവരവരുടെ ഡ്യൂട്ടി സ്ഥലത്ത് നിർബന്ധമായും തുടരുക,ഡ്യൂട്ടിക്കിടയിൽ അവരവരുടെ ഡ്യൂട്ടി സ്ഥലത്തു നിന്നും ആശുപത്രിയുടെ മറ്റേതെങ്കിലും ഏരിയയിലേക്ക് പോകേണ്ടി വന്നാൽ ഡ്യൂട്ടി സ്ഥലത്തെ മേലധികാരിയുടെ അനുവാദം വാങ്ങുക,ഡ്യൂട്ടി സമയത്ത് ഏതെങ്കിലും വിധത്തിലുള്ള അത്യാവശ്യങ്ങൾക്കായി ആശുപത്രി പരിസരം വിട്ട് പുറത്തേയ്ക്ക് പോകേണ്ടി വന്നാൽ ഡ്യൂട്ടി സ്ഥലത്തെ മേലധികാരിയെ അറിയിച്ചതിന് ശേഷം സ്ഥാപന മേലധികാരിയുടെ അനുവാദത്തോട് കൂടി മാത്രം പോവുക,പോകുന്നതിനു മുൻപും പോയി വന്നതിനു ശേഷവും സ്ഥാപനങ്ങളിൽ ഇത്തരം കാര്യങ്ങൾ രേഖപ്പെടുത്തുന്ന രെജിസ്റ്ററിൽ ദിവസം, സമയം, ആവശ്യം എന്നിവ ഉൾപ്പെടെ രേഖപ്പെടുത്തണം.



# പരിചാരകരുടെ ശ്രദ്ധയ്ക്ക് (ഭാഗം -1)



**ജോബി ബേബി**
**രെജിസ്റ്റേർഡ് നഴ്സ്,കെ ഒ സി ഹോസ്പിറ്റൽ,**
**കുവൈത്ത് മിനിസ്ട്രി ഓഫ് ഹെൽത്ത്**
(Email- jobybaby1989@gmail.com )

ഡ്യൂട്ടി കഴിഞ്ഞു പോകുന്നതിന് മുൻപ് നിർദ്ദേശിച്ചിരിക്കുന്ന ജോലികൾ പൂർത്തിയാക്കിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.പൂർത്തിയാക്കാൻ കഴിയാത്തതും തുടർന്ന് ചെയ്യേണ്ടതുമായ പ്രവർത്തനങ്ങളെക്കുറിച്ച് കൃത്യമായി അടുത്ത ഡ്യൂട്ടിക്ക് വരുന്ന ആരോഗ്യ പ്രവർത്തകരോട് പ്രത്യേകം പറഞ്ഞു ഏർപ്പെടുത്തിയ ശേഷം മാത്രമേ ഡ്യൂട്ടി സ്ഥലത്തു നിന്നും പോകാൻ പാടുള്ളൂ. മുൻകൂട്ടി മേലധികാരിയുടെ അനുവാദം വാങ്ങിയ ശേഷം മാത്രം ലീവ് എടുക്കുക. ലീവ് എടുക്കുന്ന വിവരം കൂടെ ഡ്യൂട്ടി എടുക്കുന്ന ജീവനക്കാരെയും അറിയിക്കുന്നത് ഉത്തമമാണ്.അത്യാവശ്യ ഘട്ടങ്ങളിൽ ലീവ് ആവശ്യമായി വന്നാൽ ബന്ധപ്പെട്ട അധികാരികളോട് കഴിയുന്നതും നേരത്തെ അറിയിച്ചു (ഡ്യൂട്ടി സമയം തുടങ്ങുന്നതിനു മുൻപ് )അനുവാദം വാങ്ങേണ്ടതാണ്.

ആശുപത്രി ഉപകരണങ്ങളും മറ്റു അനുബന്ധ വസ്തുക്കളും കെടുപാടുകൾ വരാതെ സംരക്ഷിക്കുക എന്നത് ഏതൊരു ആരോഗ്യ പ്രവർത്തകന്റെയും ഉത്തരവാദിത്വമാണ്.കൂടാതെ ഏതെങ്കിലും ഉപകരണങ്ങൾ കെടുപാടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ മേലുദ്യോഗസ്ഥരെ വിവരമറിയിക്കുകയും വേണം.ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.ആശുപത്രികളിൽ നടക്കുന്ന വിവിധതരം ക്ലിനിക്കുകളുടെയും, മറ്റു വിഭാഗങ്ങളുടെയും, മെഡിക്കൽ ക്യാമ്പുകളുടെയും പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം മേലുദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം നിർവ്വഹിക്കുക.ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശപ്രകാരമുള്ള പ്രോഗ്രാമുകളിൽ പങ്കാളികളാവുക.റിപ്പോർട്ടുകളും സന്ദേശങ്ങളും ആവശ്യാനുസരണം കൈമാറുക.രഹസ്യ സ്വഭാവമുള്ള ആശുപത്രി രജിസ്റ്ററുകളും മറ്റു അനുബന്ധ രേഖകളും അതെ രീതിയിൽ കൈകാര്യം ചെയ്യാൻ ഓരോ ആരോഗ്യപ്രവർത്തകനും ബാധ്യസ്ഥനാണ്. ഡ്യൂട്ടി സമയം മൊബൈൽ ഫോൺ ഉപയോഗം പരമാവധി ഒഴിവാക്കുന്നത് നന്നായിരിക്കും.

ആശയവിനിമയം(Communication)എന്നത് ആരോഗ്യപ്രവർത്തന മേഖലയുടെ നട്ടെല്ലാണ്.നല്ല ആശയവിനിമയത്തിന് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കാം.സന്ദേശങ്ങൾ കൈമാറുമ്പോൾ ആശയക്കുഴപ്പം ഉണ്ടാകാത്ത വിധത്തിൽ കൈമാറുക.പറഞ്ഞു കൊടുക്കുന്ന കാര്യങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ വ്യക്തവും സ്പഷ്ടവുമായിരിക്കണം.രോഗീസൗഹൃദ അന്തരീക്ഷം നിലനിർത്തുന്ന വിധത്തിലായിരിക്കണം ആശയ വിനിമയം.രോഗിയുടെ ആരോഗ്യസ്ഥിതി അറിഞ്ഞു വേണം ആശയവിനിമയം നടത്താൻ.സമയോചിതമല്ലാത്ത /മാനസീക സമ്മർദ്ദം ഉണ്ടാക്കുന്ന വിധത്തിലുള്ള ആശയവിനിമയം പാടില്ല.അപൂർണ്ണമായ സന്ദേശങ്ങൾ പാടില്ല.വിദ്യാഭ്യാസം,ആരോഗ്യനില,സാമൂഹിക സാംസ്കാരിക തലം എന്നിവയ്ക്ക് അനുസൃതമായി ആശയവിനിമയത്തിൽ അനുവദനീയമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.ആശയവിനിമയം നടത്തുമ്പോൾ ശരീരഭാഷ(നിൽപ്പ്, അംഗചലനങ്ങൾ, മുഖത്തെ പേശിചലനങ്ങൾ എന്നിവ)ശ്രദ്ധിക്കുക. ഓരോ പ്രദേശത്തെയും പ്രാദേശിക ഭാഷകളിലുള്ള വ്യത്യാസവും കണക്കിലെടുത്താണ് ആശയവിനിമയം നടത്തേണ്ടത്.

രോഗീപരിചരണം (Patients care)മാണ് ആരോഗ്യപ്രവർത്തകരുടെ പ്രധാന ലക്ഷ്യം.അതിൽ പ്രധാനമായും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ വിവരിക്കാം.രോഗീപരിചരണ പ്രവർത്തനങ്ങളിൽ ഡ്യൂട്ടി സ്ഥലത്തെ മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് സദാ പ്രവർത്തിക്കുക. രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തിക്കൊണ്ട് മാത്രമേ രോഗീപരിചരണ പ്രവർത്തനങ്ങൾ ചെയ്യാൻ പാടുള്ളൂ.രോഗിയുടെ കിടക്കയും ചുറ്റുപാടും എപ്പോഴും വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കുകയും ചെയ്യണം.രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത പറഞ്ഞു മനസ്സിലാക്കുക.രോഗീപരിചരണ പ്രവർത്തനങ്ങൾക്കാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് അതുമായി ബന്ധപ്പെട്ട ജീവനക്കാരെ സഹായിക്കുക.കിടപ്പുരോഗികളുടെ പരിചരണം അതാതു സ്ഥലത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ചെയ്യേണ്ടതാണ്. സ്ഥാപനത്തിൽ ഭക്ഷണ വിതരണത്തിന് സഹായിക്കുകയും ഭക്ഷണം പാചകം ചെയ്യുന്ന സ്ഥലത്തെ ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളാവുകയും ചെയ്യുക.

സ്വയം ഭക്ഷണം കഴിക്കാൻ കഴിയാത്ത രോഗികളെ ഭക്ഷണം കഴിക്കുന്നതിനു സഹായിക്കുക.കൂട്ടിരിപ്പുകാർ /പരിചാരകർ ഇല്ലാത്ത രോഗികൾക്ക്



ആവശ്യമായ സഹായങ്ങൾ ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ചെയ്തു കൊടുക്കുക.പ്രവർത്തനസ്ഥലം ക്രമീകരിക്കുന്നതിൽ പങ്കാളികളാവുക. രോഗികളെ സ്ഥാപനത്തിലെ തന്നെ നിർദ്ദേശിക്കുന്ന വിവിധ വിഭാഗങ്ങളിലേക്ക് സമയബന്ധിതമായും സുരക്ഷിതമായി എത്തിക്കുകയും തിരിച്ചു എത്തിക്കുകയും ചെയ്യുക.അത്യാവശ്യ ഘട്ടങ്ങളിൽ രോഗികളെ മറ്റു സ്ഥാപനങ്ങളിലേക്ക് മറ്റേണ്ടതായി വരുമ്പോൾ ജീവനക്കാർ കൂടെ പോകേണ്ട ആവശ്യമുണ്ടെങ്കിൽ കൃത്യമായും രോഗിയുടെ കൂടെ പോകേണ്ടതാണ്.

സുരക്ഷിതമായ രോഗീപരിചരണത്തിന് അണുബാധ നിയന്ത്രണ (Infection prevention)പ്രവർത്തനങ്ങളെപ്പറ്റി ഓരോ ആരോഗ്യപ്രവർത്തകനും അറിഞ്ഞിരിക്കേണ്ടതും അവ പാലിക്കേണ്ടതുമാണ്.അണുബാധയുണ്ടാകാതെ തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ(8 ഓരോരുത്തരും അറിഞ്ഞിരിക്കണം. ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക(ഉദാഹരണത്തിന് ഉപകരണങ്ങളുടെ അണുനശീകരണം പ്രവർത്തനം,വൃത്തിയാക്കാൻ ഉപയോഗിക്കുന്ന ലായിനികൾ തയ്യാറാക്കുന്നത്)എന്നത് എല്ലാവരുടെയും ഉത്തരവാദിത്വം കൂടിയാണ്.കൈകളുടെ ശുചിത്വം,വ്യക്തി സുരക്ഷാ ഉപാധികളുടെ കൃത്യമായ ഉപയോഗം,ശ്വസന ശുചിത്വം എന്നിവയെല്ലാം ജോലി സമയത്ത് കൃത്യമായി പാലിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കണം.രോഗികളുടെ കിടക്കവിരികൾ ശരിയാക്കുകയും ഉപയോഗിച്ച ലിനൻ കൃത്യമായി ശേഖരിച്ചു നിർദ്ദിഷ്ട സ്ഥാനത്ത് ശേഖരിക്കുകയും ചെയ്യുക.മലിനമായ ലിനൻ കൃത്യമായി അണുനശീകരണം വരുത്തുകയും ചെയ്യണം.

രോഗീപരിചരണ വിഭാഗവും ആശുപത്രിയിലെ മറ്റു വിഭാഗങ്ങളും ആശുപത്രി പരിസരവും ആശുപത്രി മാനദണ്ഡപ്രകാരമുള്ള ശുചീകരണ(ടമിശ മേശേീ)പ്രവർത്തനങ്ങൾ നടത്തുക.അണുനശീകരണം വരുത്തേണ്ട ഉപകരണങ്ങൾ/വസ്തുക്കൾ മുതലായവയെല്ലാം തന്നെ കൃത്യമായി അണുനശീകരണം വരുത്തേണ്ടതാണ്.ആരോഗ്യ സ്ഥാപനത്തിലെ മേലുദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം അണുനശീകരണ ലായിനികൾ (ഉദാ:ഹൈപ്പോക്ലോറേറ്റ് ലായനി)തയ്യാറാക്കി വയ്ക്കുക.സ്ഥാപനത്തിലെ അണുബാധ നിയന്ത്രണ കമ്മറ്റിയുമായി(Infection control department) ബന്ധപ്പെട്ട് ഹെൽത്ത് ചെക്കപ്പ് നടത്തുകയും കൃത്യമായി വാക്സിനേഷൻ എടുക്കേണ്ടതുമാണ്(ഒലുമശേശേ ആ പോലുള്ളവ). രോഗീപരിചരണത്തിന്റെ ഭാഗമായോ അല്ലാതെയോ ഏതെങ്കിലും വിധത്തിൽ നീഡിൽ പ്രിക് ഇഞ്ചുറിയോ മറ്റ് ഷാർപ്പ് ഇഞ്ചുറിയോ ഉണ്ടായാൽ അത് കൃത്യമായി ആശുപത്രി മാനദണ്ഡപ്രകാരം സ്ഥാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുകയും അവരുടെ നിർദ്ദേശപ്രകാരം തുടർ നടപടികൾ കൈക്കൊള്ളുകയും വേണം.ജീലെ ലഃുീൌൃല ജ്യൃീുവ്യഹമഃശെ നിർദ്ദേശിക്കുകയാണെങ്കിൽ കൃത്യമായി അത് പാലിക്കേണ്ടതാണ്.


മാലിന്യ നിർമ്മാർജ്ജന(Waste management)നെപ്പറ്റി,

നിയമങ്ങളെപ്പറ്റി ഓരോ ആരോഗ്യപ്രവർത്തകനും കൃത്യമായി അറിഞ്ഞിരിക്കണം.ബയോമെഡിക്കൽ മാലിന്യങ്ങളും പൊതുമാലിന്യങ്ങളും ഒരു കാരണവശാലും കൂടിക്കലരാതെ സൂക്ഷിക്കണം.ബയോമെഡിക്കൽ മാലിന്യങ്ങൾ കൃത്യമായും നിർദ്ദിഷ്ടകളർകോഡ് പ്രകാരമുള്ള ബിന്നുകളിൽ മാത്രം തരം തിരിച്ചു നിക്ഷേപിക്കുക.പൊതുമാലിന്യങ്ങൾ രോഗികളും കൂട്ടിരിപ്പുകാരും കൃത്യമായും നിർദ്ദേശിച്ചിരിക്കുന്ന ബിന്നുകളിൽ ആണ് ഇടുന്നതെന്ന് ഉറപ്പാക്കുക.മാലിന്യങ്ങൾ കൃത്യമായും തരം തിരിച്ചു ഇടേണ്ടത്തിന്റെ ആവശ്യകത രോഗികളെയും കൂട്ടിരിപ്പുകാരെയും പറഞ്ഞു മനസ്സിലാക്കേണ്ടതുമാണ്.ഇത്തരം കാര്യങ്ങൾ കൃത്യമായി പാലിക്കുന്നതിലൂടെ മികച്ച രോഗീപരിചരണം കാഴ്ചവയ്ക്കാൻ ഓരോ ആരോഗ്യപ്രവർത്തകനും സാധിക്കും തീർച്ച





ശ്രീ നാരായണ ഗുരുവിന്റെ സന്ദേശം ഇന്ന് ഏറെ പ്രസക്തമെന്ന് ഫ്രാൻസിസ് മാർപാപ്പ.
ഗുരു ലോകത്തിന് നൽകിയത് എല്ലാവരും  മനുഷ്യകുടുംബത്തിലെ അംഗങ്ങളാണെന്ന സന്ദേശമാണ്. ശ്രീനാരായണ ഗുരു തന്റെ ജീവിതം സമൂഹത്തിന്റെ വീണ്ടെടുപ്പിനായി സമർപ്പിച്ച വ്യക്തിയാണ്. രാഷ്ട്രങ്ങൾക്ക് ഇടയിലും വ്യക്തികൾക്ക് ഇടയിലും അസഹിഷ്ണുതയും വിദ്വേഷവും വർദ്ധിച്ചു വരുന്ന ഈ കാലത്ത് ഗുരുവിന്റെ സന്ദേശം ഏറെ പ്രസക്തമാണെന്നും അദ്ദേഹം പറഞ്ഞു. ശിവഗിരി മഠം സംഘടിപ്പിക്കുന്ന സർവ്വ മത സമ്മേളനത്തിനുള്ള ആശീർവാദ പ്രഭാഷണത്തിൽ ആണ് മാർപാപ്പ ഗുരുവിനെ അനുസ്മരിച്ച് സംസാരിച്ചത്.





ഷാനി മോൾ മിന്റു

## വിശുദ്ധിയുടെ വസ്ത്രങ്ങൾ അണിയുകബ

എഴുന്നേറ്റ് തന്റെ അടുത്തേക്ക് അവശനായി കടന്നുവന്ന ധൂർത്ത പുത്രനെ ഓടിച്ചെന്നു ആശ്ലേഷിച്ചു ശക്തിപ്പെടുത്തിയ ശേഷം അവനെ പിതാവ് മേൽത്തരം വസ്ത്രങ്ങൾ ധരിപ്പിക്കുകയാണ്. ഏശയ്യ പ്രവചനത്തിൽ നാം ഇപ്രകാരം കാണുന്നു 'വിശുദ്ധ നഗരമായ ജറുസലേമേ, നിന്റെ മനോഹരമായ വസ്ത്രങ്ങൾ അണിയുക.'

പുണ്യപ്രവർത്തികളാണീ മനോഹര വസ്ത്രം. അത് വൻ ധീരമായ പ്രവർത്തികളാകണമെന്നില്ല. വേദനിക്കുന്ന ഒരുവനെ കാരുണ്യത്തോടെ നോക്കുന്നതായിരിക്കാം, അവനു ഒരു സഹായ ഹസ്തം നീട്ടിക്കൊടുക്കുന്നതായിരിക്കാം. ഇങ്ങനെയുള്ള ചെറിയ പരസ്നേഹ പ്രവർത്തികൾ ആരും അറിയുകയുമില്ല. പക്ഷെ വിളിച്ചവൻ കാണുന്നുണ്ട്, അറിയുന്നുണ്ട്, തന്റെ പുസ്തകത്തിൽ അവയെല്ലാം രേഖപെടുത്തുന്നുമുണ്ട്. അങ്ങനെയുള്ള നിസ്സാരമെന്നു തോന്നുന്ന പ്രവർത്ഗികളുടെ അടിസ്ഥാനത്തിലാണ് അവിടുന്ന് നമ്മുടെ ജയവും പരാജയവും നിർണ്ണയിക്കുന്നതെന്ന് മുൻകൂട്ടി തന്നെ പറഞ്ഞിട്ടുള്ളതിനാൽ ഇവയെ നമുക്ക് ഒട്ടും അവഗണിക്കാനാവുകയില്ല.

മാത്രവുമല്ല ഈ സ്നേഹപ്രവർത്തികളിലൂടെയാണ് സ്നേഹമായ ദൈവം ലോകത്തിന് വെളിപ്പെടുന്നത്. ആദിമക്രൈസ്ഥവസഭ ഒരു സ്നേഹത്തിന്റെ കൂട്ടായ്മയായിരുന്നല്ലോ ലോകത്തിന്റെ മുൻപിൽ, അവ തന്നെയായിരുന്നല്ലോ സുവിശേഷത്തിന്റെ ചാലക ശക്തിയും. ആ സ്നേഹസമൂഹത്തിൽ അംഗങ്ങളാകുവാൻ നമുക്കോരോരുത്തർക്കും ഉണർന്നെഴുന്നേൽക്കാം.



# ഗാർഹികപീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം,



**Adv Shini Mary Sanu**
kerala high court
+91 86064 95264

**ഗാർഹികപീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം, 2005**
**(THE PROTECTION OF WOMEN FROM DOMESTIC VIOLENCE ACT)**

കുടുംബത്തിനുള്ളിൽ സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളെ തടയുവാൻ ഇന്ത്യയിൽ 2006-ൽ പ്രാബല്യത്തിൽ വന്ന നിയമമാണ് ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം. സ്ത്രീകൾക്കെതിരെ നിലനിൽക്കുന്ന എല്ലാത്തരം വിവേചനങ്ങളും അവസാനിപ്പിക്കാനുള്ള ഐക്യരാഷ്ട്ര സഭയുടെ സീഡോയുടെ (സ്ത്രീകൾക്കെതിരെ നിലനിൽക്കുന്ന എല്ലാത്തരം വിവേചനങ്ങളും അവസാനിപ്പിക്കാനുള്ള ഉടമ്പടി - Convention on Elimination of all forms of Discrimination Against Women, CEDAW) അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു സിവിൽ നിയമമാണിത്. സാമൂഹ്യ-രാഷ്ട്രീയ സംഘടനകളുടെ വിശിഷ്യാ സ്ത്രീ പ്രസ്ഥാനങ്ങളുടെ നിരന്തര ശ്രമഫലമായാണ് ഇന്ത്യയിൽ ഈ നിയമം പ്രാബല്യത്തിലെത്തിയത്.

കുടുംബം സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതമായ ഇടം എന്നാണ് പരമ്പരാഗത സങ്കല്പം. എന്നാൽ സ്ത്രീകൾ ഏറ്റവുമധികം കൊലചെയ്യപ്പെടുകയും അതിക്രമങ്ങൾക്ക് ഇരയാകപ്പെടുകയും ചെയ്യുന്ന ഇടങ്ങളിലൊന്ന് കുടുംബമാണ് എന്നത് ഇന്ന് തിരിച്ചറിയപ്പെട്ടുകഴിഞ്ഞു. ജനാധിപത്യപരമല്ലാത്ത, പുരുഷമേധാവിത്വപരമായ കുടുംബ സംവിധാനത്തെയും ബന്ധങ്ങളെയും സംരക്ഷിച്ചുനിർത്തുന്ന വ്യക്തിനിയമങ്ങളും മത-സാംസ്കാരിക സമീപനങ്ങളുമാണ് ഇന്ത്യയിലെ സ്ത്രീകളുടെ ഈ അവസ്ഥയ്ക്ക് മുഖ്യകാരണം.
ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന സ്ത്രീകൾക്കുള്ള അവകാശങ്ങൾ കൂടുതൽ കാര്യക്ഷമമായി സംരക്ഷിക്കുന്നതിനാണ് ഈ നിയമം. കുടുംബത്തിനകത്തോ, കുടുംബവുമായി ബന്ധപ്പെട്ടോ, അതുമായി ബന്ധപ്പെട്ട് സംഭവിച്ചതോ ആയ ഏതുതരം അക്രമത്തിനും ഇരയാകുന്ന സ്ത്രീകളുടെ സംരക്ഷണത്തിന് വേണ്ടിയുള്ളതാണ് ഈ നിയമം. ഈ നിയമത്തിന് 2006 ലെ 43-ാം നിയമമായി 2006 ഒക്ടോബർ 26 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുകയും ഉണ്ടായി



# വിശുദ്ധ അന്ത്രയോസിന്റെ ഓർമ്മ

**നവംബർ 30**

പരിശുദ്ധ സഭ നമ്മുടെ കർത്താവിന്റെ പന്ത്രണ്ട് ശിഷ്യൻമാരിലൊരുവനായ വിശുദ്ധ അന്ത്രയോസിന്റെ ഓർമ്മ കൊണ്ടാടുന്നു.

ക്രിസ്തുവിനെ അനുഗമിച്ച ആദ്യ ശിഷ്യന്മാർ വിശുദ്ധ പത്രോസിന്റെ സഹോദരനായ അന്ത്രയോസും, യോഹന്നാനുമാണ്. ക്രിസ്തുവുമായുള്ള ഇവരുടെ ആദ്യത്തെ കണ്ടുമുട്ടലിനെപ്പറ്റി വളരെ ലളിതവും മനോഹരമായും സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നു (യോഹ 1:35-42). പത്രോസ്, യാക്കോബ്, യോഹന്നാൻ തുടങ്ങിയ യേശുവിന്റെ അടുത്ത അപ്പസ്തോലൻമാരുടെ കൂട്ടത്തിൽ അന്ത്രയോസ് ഉൾപ്പെടുന്നില്ല.അതേ സമയം തന്നെ സുവിശേഷകരാകട്ടെ അസാധാരണമായി ഒന്നും അദ്ദേഹത്തെ കുറിച്ച് വിവരിക്കുന്നുമില്ല. പക്ഷേ അപ്പസ്തോല പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള പഠനങ്ങൾ ഈ വിശുദ്ധനു രക്ഷകനോടും കുരിശിനോടുമുള്ള അപാരമായ സ്നേഹത്തെ വളരെയേറെ എടുത്ത് കാട്ടുന്നു.

തിരുസഭയാകട്ടെ വിശുദ്ധ കുർബ്ബാനയിലും സഭയുടെ ദിവസേനയുള്ള ആരാധനക്രമ പുസ്തകത്തിലും ഈ വിശുദ്ധനെ പ്രകീർത്തിക്കുന്നു. ഗ്രിഗറി ഒന്നാമൻ മാർപാപ്പായുടെ കാലം മുതലാണ് ഈ വിശുദ്ധനെ ആദരിക്കുവാൻ തുടങ്ങിയത്, തിരുസഭാചട്ടങ്ങളിലും, ലിബേറയിലും (വിശുദ്ധ കുർബ്ബാനയിലെ ഒരു ഭാഗം) ഈ വിശുദ്ധന്റെ നാമം ചേർക്കപ്പെട്ടത്. വിശുദ്ധ അന്ത്രയോസിന്റെ രക്തസാക്ഷിത്വത്തെ കുറിച്ചുള്ള കഥ അപ്പസ്തോല പ്രവർത്തനങ്ങളിലെ വിവരണങ്ങളിൽ നിന്നുമാണ് അറിവായിട്ടുള്ളത്.

ഇതനുസരിച്ച് വിജാതീയനായ ഒരു ന്യായാധിപൻ വിശുദ്ധനോട് അവരുടെ ദൈവങ്ങൾക്ക് ബലിയർപ്പിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ വിശുദ്ധന്റെ മറുപടി ഇപ്രകാരമായിരിന്നു, “ഞാൻ നിത്യവും പരമകാരുണികനുമായ ഏക ദൈവത്തിന് ബലിയർപ്പിക്കുന്നുണ്ട്, അവനാണ് ഏക ദൈവം. കാളയുടെ മാംസം കൊണ്ടോ ആടുകളുടെ ചോര കൊണ്ടോ അല്ല ഞാൻ ബലിയർപ്പിക്കുന്നത്. മറിച്ച്, അൾത്താരയിൽ നേത്രങ്ങൾക്ക് കാണുവാൻ സാധ്യമല്ലാത്ത കുഞ്ഞാടിനെയാണ് ഞാൻ ബലിയർപ്പിക്കുന്നത്. എല്ലാ വിശ്വാസികളും ഇതിൽ പങ്കാളികളാവുകയും ഇതിൽ നിന്നും ഭക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ ബലിവസ്തുവായ കുഞ്ഞാടാകട്ടെ ഒരു കുഴപ്പവും കൂടാതെ എന്നെന്നും ജീവിക്കുന്നു.”

ഈ മറുപടിയിൽ കുപിതനായ ഈജിയാസ് വിശുദ്ധനെ തടവറയിലടക്കുവാൻ ഉത്തരവിട്ടു. എന്നാൽ അവിടെ കൂടിയിരുന്ന വിശ്വാസികൾക്ക് ബുദ്ധിമുട്ടൊന്നും കൂടാതെ തന്നെ വിശുദ്ധനെ മോചിപ്പിക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ വിശുദ്ധൻ വളരെ ആത്മാർത്ഥതയോട് കൂടി അങ്ങനെ ചെയ്യരുതെന്ന് ജനകൂട്ടത്തോട് യാചിക്കുകയും അവരെ ശാന്തരാക്കുകയും ചെയ്തു. രക്തസാക്ഷിത്വ മകുടത്തിനായി വിശുദ്ധൻ അത്രമാത്രം ആഗ്രഹിക്കുന്നുണ്ടായിരുന്നു.

വിശുദ്ധനെ വധിക്കുവാനുള്ള സ്ഥലത്തേക്ക് കൂട്ടികൊണ്ട് വന്നപ്പോൾ വിശുദ്ധ കുരിശിനെ നോക്കി അദ്ദേഹം ഇപ്രകാരം നിലവിളിച്ചുകൊണ്ട് പ്രാർത്ഥിച്ചു “ഓ, വിശുദ്ധ കുരിശേ, വളരെ നാളായി നിന്നെ പുൽകുവാൻ ആഗ്രഹിക്കുന്ന എന്റെ ആത്മാവിന് ഇപ്പോൾ അത് സാധ്യമാകും എന്നതിൽ ഞാൻ ആനന്ദിക്കുന്നു; യാതൊരു മടിയും കൂടാതെ നിന്നിലൂടെ മരണം വരിച്ചവന്റെ ഈ ശിഷ്യനെയും സ്വീകരിക്കണമേ.”

അധികം താമസിയാതെ അദ്ദേഹത്തെ ‘ഃ’ ആകൃതിയിലുള്ള കുരിശിൽ തറച്ചു. രണ്ടു ദിവസത്തോളം വിശുദ്ധൻ കുരിശിൽ ജീവനോടെ കിടക്കുകയും യേശുവിന്റെ പ്രബോധനങ്ങൾ ഉത്ഘോഷിക്കുകയും അവസാനം ക്രിസ്തുവിനു സമാനമായ രീതിയിൽ മരണം വരിച്ചുകൊണ്ട് യേശുവിനോട് ചേരുകയും ചെയ്തു. വിശുദ്ധ കുരിശിന്റെ രഹസ്യം നമുക്ക് പ്രദാനം ചെയ്തു എന്ന നിലയിലും വിശുദ്ധ അന്ത്രയോസിന്റെ രക്തസാക്ഷിത്വം പ്രാധാന്യമർഹിക്കുന്നു.



## വിശുദ്ധ പദവിയിലേക്ക് ആദ്യ കമ്പ്യൂട്ടർ പ്രതിഭ; കാർളോയുടെ വിശുദ്ധ പദവി പ്രഖ്യാപനം 2025 ഏപ്രിൽ, ജൂബിലി വർഷത്തിൽ

വത്തിക്കാൻ സിറ്റി: തിരുസഭ ചരിത്രത്തിൽ വിശുദ്ധ പദവിയിലേക്ക് പ്രവേശിക്കുന്ന ആദ്യ കമ്പ്യൂട്ടർ പ്രതിഭ എന്ന ഖ്യാതിയോടെ കാർളോ അക്യൂട്ടിസിനെ 2025 ഏപ്രിൽ അവസാന വാരത്തിൽ വിശുദ്ധനായി പ്രഖ്യാപിക്കും. 2025 ജൂബിലി വർഷത്തിൽ ഏപ്രിൽ ഇരുപത്തിയഞ്ച് ഇരുപത്തിയേഴ് ദിവസങ്ങളിലാണ് കൗമാരക്കാരുടെ ദിനം ആചരിക്കപ്പെടുന്നത്. ഈ ദിവസങ്ങളിൽ വിശുദ്ധ പദവി പ്രഖ്യാപനം നടക്കുമെന്ന് ഇന്നലെ നവംബർ 20 ബുധനാഴ്ച വത്തിക്കാനിൽ അനുവദിച്ച പൊതുകൂടിക്കാഴ്ച സമ്മേളനത്തിൽ പാപ്പ വെളിപ്പെടുത്തി.

ഇതോടൊപ്പം പാവപ്പെട്ടവരെ സഹായിക്കുന്നതിനിടെ 24-ാം വയസിൽ പോളിയോ ബാധിച്ചു അന്തരിച്ച ഇറ്റാലിയൻ യുവാവ് പിയേർ ജോർജ്യോ ഫ്രസ്സാത്തിയെ (19011925) ജൂലൈ 28 ഓഗസ്റ്റിനു 3നും ഇടയിൽ വിശുദ്ധനായി നാമകരണം ചെയ്യുമെന്നും പാപ്പ അറിയിച്ചു. ജൂലൈ 28 മുതൽ ഓഗസ്റ്റ് മൂന്ന് വരെ തീയതികളിലാണ് യുവജനദിനവുമായി ബന്ധപ്പെട്ട സംഗമം നടക്കുന്നത്.

1991 മേയ് മൂന്നിന് ലണ്ടനിലായിരുന്നു കാർളോയുടെ ജനനം. സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതീവ തൽപരനായിരുന്നു കാർളോ. ലോകത്തിലെ ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ ബൃഹത്തായ ഓൺലൈൻ ശേഖരം തന്നെ നന്നേ ചെറിയ പ്രായത്തിനുള്ളിൽ കാർളോ സജ്ജീകരിച്ചിരുന്നു. പതിനൊന്ന് വയസ്സുള്ളപ്പോൾ ആരംഭിച്ച ഈ ഉദ്യമം അന്താരാഷ്ട്ര തലത്തിൽ തന്നെ ശ്രദ്ധ നേടിയിരിന്നു.

നമ്മൾ ദിവ്യകാരുണ്യം എത്രയധികമായി സ്വീകരിക്കുന്നുവോ, അത്രമാത്രം നാം യേശുവിനെ പോലെയാകുമെന്നും അങ്ങനെ ഈ ഭൂമിയിൽ നമുക്ക് സ്വർഗ്ഗത്തിന്റെ ഒരു മുന്നാസ്വാദനം ഉണ്ടാകുമെന്നും കാർളോ പതിനൊന്നാമത്തെ വയസ്സിൽ കുറിച്ചു. കാർളോ ഒരുക്കിയ ദിവ്യകാരുണ്യ വിർച്ചൽ ലൈബ്രറിയുടെ പ്രദർശനം അഞ്ചു ഭൂഖണ്ഡങ്ങളിലാണ് നടന്നിരിക്കുന്നത്. ദിവ്യകാരുണ്യ അത്ഭുതങ്ങളെ കുറിച്ചുള്ള ആഴത്തിലുള്ള പഠനത്തിനും വിശ്വാസ നവീകരണത്തിനും ഇത് സഹായകരമായിട്ടുണ്ടെന്ന് നൂറുകണക്കിനാളുകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.അനേകരെ ദിവ്യകാരുണ്യത്തിലേക്ക് കൂട്ടിക്കൊണ്ടു വന്നതിനു ശേഷമാണ് 2006 ഒക്ടോബർ 12നു തന്റെ പതിനഞ്ചാം വയസ്സിൽ അവൻ സ്വർഗ്ഗത്തിലേക്ക് യാത്രയായത്. കാർളോ അക്യൂട്ടിസിനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ അത്ഭുതം വത്തിക്കാൻ അംഗീകരിച്ചതോടെയാണ് നാമകരണ നടപടിയുടെ നിർണ്ണായക ഘട്ടം പിന്നിട്ടത്. കാർളോ അക്യൂട്ടിസിനെ ഒക്ടോബർ 10നാണ് വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയത്. കാർളോയുടെ മാതാപിതാക്കളും സഹോദരങ്ങളും വാഴ്ത്തപ്പെട്ട പദ പ്രഖ്യാപനത്തിൽ നേരിട്ടു സാക്ഷ്യം വഹിച്ചിരിന്നു.



### 2024 ഡിസംബർ 1.
### വിശുദ്ധന്മാരുടെ സംസ്സർഗ്ഗം
### (ലൂക്കാ. 1:39–56)

വിറകടുപ്പിൽ തീകത്തിച്ച് പരിചയമുള്ളവർക്കെല്ലാം അറിയാം, തീപിടിച്ച രണ്ടു വിറ കുകൊള്ളികൾ ചേർത്തുവെച്ചാൽ തീയുടെ ശക്തി ഉയരുകയും തീകെട്ടുപോകാതെ ജ്വലിച്ചുനിൽക്കുകയും ചെയ്യും. നേരെമറിച്ച് കത്തി നിൽക്കുന്ന വിറകു കഷണങ്ങൾ ഒറ്റപ്പെട്ടുപോയാൽ അവയിൽ ജ്വലിച്ചു നിന്ന അഗ്നി അടങ്ങുകയും ഒടുങ്ങുകയും അത് വെറും കരികൊള്ളിയായി മാറുകയും ചെയ്യും. ക്രിസ്തീയ ജീവിതത്തിലും ഇപ്രകാരമുള്ള ഒരു പ്രത്യേകത കാണാൻ കഴിയും. ഓരോ ആത്മാവിലും പരിശുദ്ധാത്മാവാകുന്ന അഗ്നിജ്വലിക്കുന്ന തോടെയാണ് ന ാം ആത്മീകജീവിതം ആരം ഭിക്കുന്നത്. അതൊരു സ്നേഹജ്വാലയായി പടർന്ന് പിടിക്കുന്നതും നമ്മിൽ സ്ഥിരത പ്രാപിക്കുന്നതും വിശ്വാസികളുടെ കൂട്ടായ്മയിലും സേവന ശുശ്രൂഷകളിലും ഒത്തുചേ രുമ്പോഴാണ്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന വചനം ഇവിടെ ഏറെ പ്രസക്തമായി തീരുന്നു.

കന്യകാമറിയത്തിന് ലഭിച്ച ദൈവവിളി ദൈവപുത്രന്റെ അമ്മയായിത്തീരാനാണ്. എന്ന വാക്കിന്റെ അർത്ഥം നിസ്വാർത്ഥ അഥവാ സ്വാർത്ഥത ഇല്ലാത്തവൾ എന്നാണ്. നമ്മിൽ പ്രവർത്തിക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണോ ദുഷ്ടാരൂപിയാണോ എന്നറിയാനുള്ള ഒരു മാർഗ്ഗമാണ്, നാം പരമാർത്ഥമായിട്ടാണോ,സ്വാർത്ഥതാല്പര്യ പ്രകാരമാണോ പ്രവർത്തിക്കുന്നത് എന്നുള്ളത്. മറിയം എലിസബേത്തിനെ സന്ദർശിക്കുന്നത് ഏറ്റം മാതൃകാപരമായ ഒരു പരസ്നേഹ പ്രവർത്തിയായി മാത്രമേ കാണാൻ കഴിയൂ. കാരണം 56–ാം വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 3 മാസക്കാലം അവൾ അവിടെ താമസിച്ചത് വാർദ്ധക്യകാലത്ത് ഗർഭം ധരിച്ച ഏലിസബേത്തിന് തന്റെ പരിചരണം ആവശ്യമാണെന്ന് സ്വയം ബോദ്ധ്യപ്പെട്ടതു കൊണ്ടാണ്. പരസഹായം ആവശ്യമായ ഘട്ടത്തിൽ ആരും ആവശ്യപ്പെടാതെ തന്നെ സ്വയം അറിഞ്ഞു നൽകുന്ന സേവനമാണ് ക്രിസ്തീയതയുടെ പ്രത്യേകത. യേശു പഠിപ്പിച്ച നല്ല ശമരിയാക്കാരന്റെ ഉപമ നമ്മുടെ ഓർമ്മയിലേക്ക് ഓടി വരുന്നില്ലേ? അ ളൃശലിറ ശി ിലലറ ശ െമ ളൃശലിറ ശി റലലറ.

എവിടെയെല്ലാം മാതാവ് സന്നിഹിതയാണോ അവിടെയെല്ലാം സാന്ത്വനവും സഹായവും ശുശ്രൂഷയും നൽകുന്നതിന് ആ മഹിളാരത്നം സന്നദ്ധയായിരുന്നു. കാനായിലെ കല്യാണ വിരുന്നിലും കാൽവറിയിലെ കുരിശിൻ ചുവട്ടിലും പരിശുദ്ധാത്മാവ് ശിഷ്യരുടെമേൽ പെയ്തിറങ്ങിയ നിമിഷത്തിലും എല്ലാം ആ മാതാവിന്റെ സാന്നിദ്ധ്യം എത്ര ആശ്വാസപ്രദമായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. മറ്റുള്ളവരുടെ കുറ്റവും കുറവും കണ്ടെത്താൻ നമുക്കുള്ള കഴിവ് അവരെ പരിഹാസ വിഷയമാക്കുന്നതിനല്ല, പരിഹാരം കണ്ടെത്തുന്നതിനും പരസ്നേഹപരമായ പ്രവർത്തികളിൽ ഏർപ്പെടുന്നതിനും വേണ്ടിയാണ് ഇക്കാര്യം എല്ലാക്കാലത്തുമുള്ള ക്രിസ്തു ശിഷ്യന്മാരേ പഠിപ്പിക്കാൻ തന്റെ അമ്മയെപ്പോലൊരാൾ വേറെ ഉണ്ടാകില്ലെന്ന് അറിയാമായിരുന്ന യേശു, ആ അമ്മയെ തന്റെ ശിഷ്യസമൂഹത്തിന്റെ മാതൃസ്ഥാനം നൽകി ആദരിക്കുന്നത് നാം കാണുന്നു (യോഹ. 19:26). ഈ മാതൃക ജീവിതത്തിൽ പകർത്തുന്ന സ്ത്രീ ജന്മം പുണ്യജന്മം എന്ന് നിസംശയം പറയാം.

സ്വന്തം അവകാശങ്ങളെക്കുറിച്ച് അമിതമായ ബോധവും അതുനേടിയെടുക്കുന്നതിന് കാട്ടുന്ന അമിതമായ ആവേശവും കൊണ്ട് അന്ധത ബാധിച്ച ആധുനിക തലമുറ വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെയോ രോഗാവസ്ഥയിലിരിക്കുന്ന ജീവിത സഖികളെയോപോലും ശുശ്രൂഷിക്കാൻ കഴിവും മനസും ഇല്ലാതെ ധനസമ്പാദനം മാത്രം ലക്ഷ്യമാക്കി പരക്കം പായുന്ന കാഴ്ചയാണല്ലോ എവിടെ നോക്കിയാലും. മക്കളുടെ എണ്ണം കുറച്ചും അബദ്ധവശാൽ ഒന്നോ രണ്ടോ പൈതങ്ങൾ ജനിച്ചു പോയാൽ അവർക്ക് അമ്മയുടെ മാറിലെ ചൂടോ പാലോ ലാളനയോ നൽകാതെ മൃഗ ങ്ങളുടെ പാലുകൊടുത്ത് വളർത്തുമ്പോൾ അവർ വളർന്ന് വരുന്നത് മൃഗീയത മുറ്റിയാണെന്ന് ആരും വിസ്മരിക്കരുത്. ഗർഭ പാത്രത്തിൽ നിന്നും അപരിചിതമായ ഒരു പുതിയ ലോകത്തിലേക്ക് പുറംതള്ളപ്പെടുന്ന മനുഷ്യന് ആകെ കേട്ടുപരിചിതമായ സ്വരം അമ്മയുടെ ഹൃദയതാളം മാത്രമാണ്. വെറും പത്തോ മുപ്പതോ ദിവസത്തിനകം കൊത്തി അകറ്റപ്പെട്ട ശിശു, ഇൻകുബേറ്ററിൽ വിരിഞ്ഞ കോഴിക്കുഞ്ഞിനെ പോലെ ജനിച്ചതുകൊണ്ട് മാത്രം ജീവിക്കേണ്ടിവരുന്ന അരക്ഷിതാവസ്ഥയിലായിക്കുമെന്ന് ഓർക്കാതെയാണ് നാം ധനസമ്പാദനത്തിനായി ഓടിപ്പോകുന്നത്. സ്നേഹ ശുശ്രൂഷ നൽകാൻ തിടുക്കത്തോടെ യാത്ര പുറപ്പെടുന്ന മറിയം എവിടെ ആഢംബരങ്ങൾക്കായി അർത്ഥം തേടിപ്പോകാൻ തിടുക്കം കൂട്ടുന്ന ആധുനിക വനിതകൾ എവിടെ! ദൈവരാജ്യം കെട്ടി പ്പെടുക്കുന്നതിനായി ഭൂമിയിൽ ദൈവമക്കളെ സൃഷ്ടിക്കാൻ ദൈവത്തോട് സഹകരിക്കു ന്നതിന് പകരം തുഷാര ബിന്ദുക്കൾ പോലെ മാഞ്ഞുപോകുന്ന ഭൗതീക ലോകം കെട്ടിപ്പൊക്കാൻ നെട്ടോട്ടം ഓടുകയാണ്. എല്ലാം അബദ്ധമായിരുന്നു എന്ന് തിരിച്ചറിവ് ഉണ്ടാകുമ്പോഴേക്കും കാലം കൈവിട്ട് പോയിരിക്കും. എപ്പോഴെങ്കിലും മറിയത്തെപ്പോലെ ഒരു സ്തോത്രഗീതം പാടാൻ അവർക്ക് അവ സരമുണ്ടാകുമോ?

വ്യക്തിപരമായ താല്പര്യങ്ങളെ സഹായിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നവർ ഒത്തുചേരുന്നതാണല്ലോ സമ്മേളനങ്ങളെല്ലാം തന്നെ. എന്നാൽ വിശുദ്ധന്മാർ ഒത്തുചേരുന്നത് പരിശുദ്ധാത്മാവിന്റെ പ്രേരണയാലും ഓരോരുത്തർക്കും ദൈവത്തോ ടുള്ള നന്ദിയും കടപ്പാടും സ്നേഹവും കൊണ്ടത്രേ. ദൈവഭക്തരുടെ ഈ ഒത്തുചേരൽ ഭക്തരിൽ ഉളവാക്കുന്ന ആനന്ദവും ആത്മീയശക്തിയും അപാരമത്രേ. അവരുടെ പരസ്പരമുള്ള ആദരവിലും അഭിവാദന ത്തിലും ആത്മീയനുഭവങ്ങളുടെ പങ്കുവയ്ക്കലിൽ പ്രകടമാകുന്ന കാവ്യാത്മകതയിലും ഇത് സ്പഷ്ടമാണ്. പരസ്പരം അഭിനന്ദിക്കാനും ദൈവീകാനുഭവം പങ്കുവയ്ക്കാനും തുനിയുമ്പോൾ പോലും ആത്മ പ്രശംസയുടെയോ അഹങ്കാരത്തിന്റെയോ ലാഞ്ചന പോലും കാണുന്നില്ല. ചെറിയ ചെറിയ നേട്ടങ്ങളിൽ പോലും മതിമറന്നാഹ്ളാദിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നവരാണല്ലോ മനുഷ്യർ. എന്നാൽ ഓരോ ദൈവാനുഭവവും നമ്മെ കൂടുതൽ വിനീതരാക്കുകയേയുള്ളൂ.

ജപമാല പ്രാർത്ഥനയുടെ 2-ാം രഹസ്യം ധ്യാന വിഷയമാക്കുന്നത് ഈ രണ്ട് അമ്മമാരുടെ കണ്ടുമുട്ടലാണല്ലോ. ധ്യാനചിന്തകളുടെ ഒടുങ്ങാത്ത ഖനിതന്നെയാണീ സംഭവം.

1. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരാളിൽ നിറയുമ്പോഴുണ്ടാകുന്ന ഗുണപരമായ മാറ്റങ്ങൾ ഈ രണ്ടു സ്ത്രീരത്നങ്ങളുടെ ചലനങ്ങളിലും സംഭാഷണങ്ങളിലും തെളിഞ്ഞു കാണാം.

2. വൈദ്യുതിപോലെ തന്നെ ആത്മീയശക്തി



നിറഞ്ഞു നിൽക്കുന്ന വ്യക്തികളുടെ സാന്നിദ്ധ്യവും സ്പർശനവും ആശംസകൾപോലും മറ്റുള്ളവരിലേക്ക് ശക്തി പകരുന്നതാണ്. നിങ്ങൾ പ്രവേശിക്കുന്ന ഭവനത്തിന് സമാധാനം ആശംസിക്കുവിൻ. സമാധാനത്തിന്റെ പുത്രൻ ആ ഭവനത്തിലുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ വസിക്കും. ആ ഭവനം അർഹതയില്ലാത്തതാണെങ്കിൽ നിങ്ങളുടെ സമാധാനം നിങ്ങളിലേക്കു തന്നെ മടങ്ങും (മത്താ. 10:13). ഇതുതന്നെയല്ലേ ഗർഭസ്ഥശിശുവായിരുന്ന യോഹന്നാനിൽ സംഭവിച്ചത്.

3. നമുക്കുള്ളതെല്ലാം ദൈവത്തിന്റെ സൗജന്യദാനമാണെന്ന് ഓർക്കുമ്പോൾ, സൗജന്യ സേവന ശുശ്രൂഷകൾ നൽകാൻ നാം ബാദ്ധ്യസ്ഥരാണെന്ന് ബോധ്യം വരും. ഉലകം ഒരു നാടകവേദിയാണെന്നും മനുഷ്യരെല്ലാം അതിലെ നടീനടന്മാരെണെന്നും ഷേക്സ്പിയർ പറഞ്ഞു വച്ചു. ഈ ലോകം ഒരു വ്യാപാരരംഗമാണെന്നും വ്യാപാരമാ ണിവിടെ എല്ലാം എന്നും കരുതുന്നവരുടെ മദ്ധ്യയാണ് നാം ജീവിക്കുന്നത്. എല്ലാം ദൈവത്തിന്റെ ദാനമാണെന്നും ഉദാരമതികളെ മാത്രമേ ദൈവം അംഗീകരിക്കുകയുള്ളൂ എന്നും ജീവിത ശൈലിയിലൂടെ ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നവരാണ് ദൈവാത്മാവുള്ളവർ.

4. വിശ്വം മുഴുവനും അതിനപ്പുറത്തേക്കും നിറഞ്ഞു നിൽക്കുന്ന ദൈവത്തെ വലുപ്പപ്പെടുത്താനോ മഹത്വപ്പെടുത്താനോ ഞാൻ അശക്തൻ തന്നെ. പക്ഷെ ഒരു സ്പോഞ്ചിലേക്ക് ജലം കയറുന്നതുപോലെ എന്നിലെ ശൂന്യമായ ഉള്ളറകളിലേക്ക് ദൈവത്തെ ആഗീരണം ചെയ്യാൻ കഴിയും അതാണാവ (1:46).

5. മണി, മദ്യം, മദിരാക്ഷി എന്നിവയിലല്ല, രക്ഷകനായ ദൈവത്തിൽ ആനന്ദം കണ്ട ത്തുന്ന മനുഷ്യൻ ഭാഗ്യവാൻ. കാരണം ദൈവം മാത്രമാണ് സച്ചിതാനന്ദൻ.

6. ഗോളാന്തര പര്യവേഷണങ്ങളെക്കാൾ മനുഷ്യന് നേട്ടം ദൈവത്തെ തേടുന്നത് തന്നെയാണ്



## ചരിത്ര ഏട്

# മലങ്കര സഭ നവംബർ മാസത്തിൽ

1926 നവം 11 : തോമസ് മാർ ദിയസ്കോറസ് തിരുമേനിയുടെ മെത്രാ ഭിഷേകം (ക്നാനായ യാക്കോബായ സഭ).

1933 നവം 6: തിരുവല്ലാ ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷൻ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

1973 നവംബർ 29: ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം.

1938 നവം 20: തിരുവല്ലാ ഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്ററായി ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ നിയമനം.

1939 നവം 12: ക്നാനായ യാക്കോബായ സഭയിലെ തോമസ് മാർ ദിയസ്കോറോസ് തിരുമേനിയുടെ പുനരൈക്യം.

1971 നവം : മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (MCYM) എന്ന പേരിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ യുവജനപ്രസ്ഥാനം തിരുവനന്തപുരം അതിഭദ്രാസന ത്തിൽ രൂപീകൃതമായി. 1984-ൽ സഭയിൽ ഔദ്യോഗി കമായി ഈ പേര് സ്വീകരിച്ചു.

1998 നവം 3: പൗലോസ് മാർ പീലക്സിനോസ് തിരുമേനി കാലം ചെയ്തു

2008 നവം 10: പൗരസ്ത്യ തിരുസംഘ അധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ലെയനാർദോ സാന്ദ്രിയുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സന്ദർശനം.

പാളയം സെന്റ് മേരി സമാധാന രാജ്ഞി ദൈവാലയം ബസിലിക്കയായി തിരുസിംഹാസനം ഉയർത്തി.

2012 നവം 24: മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ കർദിനാളായി വത്തിക്കാനിൽ സ്ഥാനാരോ ഹണം ചെയ്തു

2012 നവം 25: അഭിനവ കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമ്മിക ത്വത്തിൽ റോമിലെ സെന്റ് ജോൺ & പോൾ ബസിലിക്കായിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കൃതജ്ഞതാബലി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമുള്ള സഭാമേലദ്ധ്യക്ഷന്മാരും സഭാ മക്കളും പങ്കെടുത്തു..

2014 നവം. 23: വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും വി. എവുപ്രസ്യാമ്മയെയും വിശുദ്ധ പദവിയിലേക്കു യർത്തിയ റോമിലെ ചടങ്ങിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലി ക്കാബാവാ പങ്കെടുത്തു.

2019 നവംബർ 23

സെന്റ് എഫ്രേം പൂനെ- കഡ്കി ഭദ്രാസനത്തിന്റെ .സ്ഥാപനം.



## തീയുഴലിച്ച ശുശ്രൂഷ.

അഗ്നി - ആട്ടിടയന്മാർ ദർശിച്ച ദൈവീകത (മോശക്ക് മുൾപടർപ്പിൽ പ്രത്യക്ഷനായത് പോലെ )

തീ ജ്വാലക്ക് ചുറ്റും നടത്തുന്ന പ്രദക്ഷിണം; ദൈവത്തെ ദർശിച്ച ആട്ടിടരുടെ സന്തോഷത്തെയും, തീയിൽ നിക്ഷേപിക്കുന്ന കുന്തിരിക്കം; അവർ (സന്ദർശിച്ചവർ) അത്ഭുതശിശുവിന് നൽകിയ ആരാധനയേയും സൂചിപ്പിക്കുന്നു . മ്ശിഹായുടെ മനുഷ്യാവതാരത്തിന്റെ പ്രത്യക്ഷമായ അടയാളമായും പാതിരാവിൽ ഉദിച്ച നീതിസൂര്യന്റെ ആഗമനമായും തീയുഴലിച്ച ശുശ്രൂഷയെ മനസ്സിലാക്കാം.


ഈ അഗ്നിയിൽ ഓശാന ഞായറാഴ്ച ഉപയോഗിച്ച കുരുത്തോല, വെഞ്ചരിച്ച മറ്റു വസ്തുക്കൾ ഉപയോഗയൊഗ്യമല്ലാത്തവ (മാല, ബൈബിൾ, പുസ്തങ്ങൾ...) നിക്ഷേപിക്കാം. കൃഷിയിടങ്ങളിലും പുരയിടത്തും ഇതിലെ ചാരം എടുത്ത് കൊണ്ട് പോയി ഉപയോഗിക്കുന്ന പാരമ്പര്യവുമുണ്ട്.

## ഓർക്കാം.

### മൽക്കിസദേക്കിന്റെ ക്രമം.

(അപ്പവും വീഞ്ഞും ഒരുക്കുന്നത്)


മൽക്കിസദേക്ക് അപ്പവും വീഞ്ഞും കാഴ്ചവച്ചത് സാധാരണ വസ്ത്രങ്ങളോടുകൂടെയായിരുന്നതിനാൽ കുർബാനയിൽ അപ്പവും വീഞ്ഞും ക്രമീകരിക്കുന്നത് അംശവസ്ത്രങ്ങൾ ഇടാതെയാണ്. മേശ യൊരുക്കം ഒരു പൗരോഹിത്യ ശുശ്രൂഷയല്ല. സുറിയാനിയിലുള്ള ശുശ്രൂഷകരുടെ പുസ്തകത്തിൽ ഇത് ശെമ്മാശന്മാർ ചെയ്തിരുന്നതായി കാണുന്നു, പ്രത്യേകിച്ച് മെത്രാന്റെ കുർബാനയിൽ. മേശയൊരുക്കം പൂർത്തിയായാലുടൻ കാസയും പിലാസായും ഹുഫോയോകൾ കൊണ്ടുമൂടുന്നു.





ബുക്ക് വാങ്ങുന്നതിനായി
PH: 9847230035

മണിവിളക്ക്

Since 2012


Manivilaku October 2024



Manivilaku September 2024



Manivilaku July 2024



Manivilaku June 2024



Manivilaku May 2024


Manivilaku August 2024


Manivilaku April 2024


Manivilaku February 2024


Manivilaku January 2024


Manivilaku March 2024

**മുൻ ലക്കങ്ങൾ വായിക്കുന്നതിനായി**
**മണിവിളക്കിന്റെ വെബ്സൈറ്റ് സന്ദർശിക്കുക**
**www.manivilaku.com**

Managing Editor & Published by Mr. Tojo p thomas, Published from Parankammoottil H,Valakuzhy P.O
Vennikulam, Pathanamthitta, Kerala. and BIJU GEEVARGHESE CHANDANAPALLY
Cover & layout Manivilaku Homelab | EMail: editor@manivilaku.com